# കണ്മണി നീയെൻ കരം പിടിച്ചാൽ കണ്ണുകളെന്തിനു വേറെ...

**മുരളീധരൻ തഴക്കര**
പ്രോഗ്രാം എക്സിക്യൂട്ടിവ്, ആകാശവാണി, തിരുവനന്തപുരം



**രണ്ടുകണ്ണുകളെയും അന്ധത ബാധിച്ചിട്ടും തെങ്ങു കയറി ഉപജീവനം നടത്തുന്ന നടേശന്റെ കഥ**

സമൂഹത്തിനു മുമ്പിൽ നന്മയുടെ വേറിട്ട പാഠപുസ്തകമാണ് നടേശൻ എന്ന തെങ്ങുകയറ്റ തൊഴിലാളി. രണ്ടു കണ്ണിനും തെല്ലും കാഴ്ചയില്ലാത്ത ഈ മനുഷ്യൻ തെങ്ങുകയറി ജീവിതോപാധി തേടുന്നു എന്നത് വിസ്മയമായി തോന്നാം. അതിശയോക്തിയല്ല. വിധിയെ പഴിക്കാതെ, കാഴ്ചയില്ലായ്മ പരിമിതിയായി കരുതാതെ സ്ഥിരോത്സാഹത്തോടെ നടേശൻ ജോലി ചെയ്യുന്നു. റേഡിയോ നടേശന് ഒരു ദൗർബല്യമാണ്. റേഡിയോ പരിപാടികളെല്ലാം സ്ഥിരമായി കേൾക്കും; കേൾക്കുക മാത്രമല്ല ഹലോ ആകാശവാണിയടക്കമുള്ള മിക്ക തത്സമയ പരിപാടികളുമായി സംവദിക്കുകയും ചെയ്യും. ഭാര്യ കഴിഞ്ഞാൽ നടേശന്റെ സുഹൃത്തും സന്തത സഹചാരിയുമാണ് അദ്ദേഹത്തിന്റെ ട്രാൻസിസ്റ്റർ.

ഇത്രയുമൊക്കെ അറിയുമ്പോൾ വ്യത്യസ്തനായ ഈ തെങ്ങുകയറ്റ തൊഴിലാളിയുടെ നാടും വീടും വിലാസവുമൊക്കെ അറിയുവാൻ വായനക്കാർക്ക് കൗതുകം ഉണ്ടാവുക സ്വാഭാവികം. ആലപ്പുഴയിലെ തീരദേശ ഗ്രാമമായ അരൂരാണ് നടേശന്റെ നാട്. എന്നാൽ ഇവിടെയെത്തി നാടേശന്റെ വീടന്വേഷിച്ചാൽ പെട്ടെന്നൊരാൾ പറഞ്ഞുതന്നെന്നിരിക്കില്ല. പക്ഷേ, തെങ്ങുകയറുന്ന, കണ്ണിന് കാഴ്ചയില്ലാത്ത നടേശന്റെ വീടന്വേഷിച്ചാൽ ആരും പെട്ടെന്ന് കാണിച്ചുതരും. നടേശന് ആറുമാസം പ്രായമുള്ളപ്പോൾ കണ്ണിൽ അണുബാധയുണ്ടായി, അങ്ങനെ നന്നേ ചെറുപ്പത്തിലെ കാഴ്ച പോയി- ഒരു പാടു ചികിത്സ നടത്തി പ്രയോജനമുണ്ടായില്ല. അതുകൊണ്ടുതന്നെ സ്കൂൾ പഠനവും ഉപേക്ഷിക്കേണ്ടി വന്നു. എന്നാൽ 10 വയസ്സ് പ്രായമെത്തിയപ്പോൾ അരൂർ സർക്കാർ ആശുപത്രിയിലെ ഒരു ഡോക്ടറുടെ ചികിത്സയും കൈപ്പുണ്യവും കൊണ്ട് നടേശന് കാഴ്ച തിരിച്ചു കിട്ടി. നിറങ്ങളുടെ ലോകത്ത് എത്തിയ നടേശൻ അക്ഷരങ്ങളുമായി കൂട്ടുകൂടുന്നതിനു പകരം തെങ്ങിന്റെ ചങ്ങാതിയായി മാറുകയായിരുന്നു. അച്ഛൻ അപ്പൂപ്പന്മാരെല്ലാം തെങ്ങുകയറ്റത്തൊഴിലാളികളായിരുന്നു. അവരുടെ കൂടെ നടേശനെന്ന ഇളമുറക്കാരനും സഹായിയായി കൂടി. ഒരു നല്ല തെങ്ങു കയറ്റക്കാരനായി, വീട്ടുകാർക്കും നാട്ടുകാർക്കും നടേശൻ പ്രിയപ്പെട്ടവനായി.

നിറകുലകളോടെ കായ്ച്ചുനിന്ന തെങ്ങിന് ഒരു നാൾ കാറ്റുവീഴ്ച ബാധിച്ചു എന്നുപറയും പോലെ നടേശന് ഒരിക്കൽ തിരിച്ചുകിട്ടിയ കാഴ്ച വീണ്ടും കുറേശ്ശെയായി നഷ്ടപ്പെട്ടു. ഒരു ചികിത്സയും ഫലിക്കാതെ പൂർണ്ണമായും അത് ഇല്ലാതാകുകയും ചെയ്തു. കാഴ്ച്ചയിൽ നടേശൻ അന്ധനാണ് എന്ന്

ആരും പറയില്ല. പക്ഷെ കഴിഞ്ഞ പതിമൂന്ന് വർഷമായി ഇരുട്ടിന്റെ ലോകത്താണ് നടേശൻ. എന്നിട്ടും വിധിയെപ്പഴിക്കുകയോ നിരാശനായി വീടിന്റെ അകത്ത് ഒതുങ്ങിക്കൂടുകയോ ചെയ്യാതെ അദ്ദേഹം സമൂഹത്തിലേയ്ക്ക് ഇറങ്ങി വന്നു. നിത്യാഭ്യാസി ആനയെ എടുക്കും എന്ന പഴമൊഴി നാടേശന്റെ കാര്യത്തിൽ അർത്ഥ പൂർണ്ണമായി. കാഴ്ചയില്ലെങ്കിലും തെങ്ങിൽ കയറി നാളികേരമിട്ട് അതിന്റെ കൂലി വാങ്ങി മാന്യമായി ജീവിക്കുന്നു. കണ്ണുള്ളവർ തന്നെ ചെയ്യാൻ മടിക്കുന്ന ആയാസകരവും അപകട സാദ്ധ്യതയുള്ളതുമായ ഈ ജോലി നിത്യപരിശീലനത്തിലൂടെ ഇപ്പോൾ അനായാസേന ചെയ്യുവാൻ നാടേശന് കഴിയുന്നു.

ആവശ്യക്കാർ നടേശനെ രാവിലെ തന്നെ മൊബൈലിൽ വിളിക്കും. അതനുസരിച്ച് റൂട്ട് നിശ്ചയിച്ച് വെട്ടുകത്തിയും തളാപ്പുമായി നടേശൻ ഇറങ്ങും. ഒപ്പം ഭാര്യയുമുണ്ടാകും. എന്നാൽ രാവിലെ റേഡിയോയിലെ വാർത്ത കേട്ട ശേഷമേ പുറത്തിറങ്ങു. അതു നിർബന്ധം. റേഡിയോയിലൂടെ കിട്ടുന്ന വാർത്തകളും പൊതു വിജ്ഞാനവുമാണ് നടേശന്റെ അറിവിന്റെ ജാലകം – ഏത് കാര്യത്തെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും അഭിപ്രായം പറയുന്ന നടേശന് കേരളം മുഴുവൻ സുഹൃത്തുക്കളുണ്ട്. ഇവരിലേറെയും റേഡിയോ ശ്രോതാക്കളാണ്.

ഭാര്യ ചന്ദ്രികയാണ് ഇപ്പോൾ കാഴ്ചയില്ലാത്ത നടേശന്റെ കണ്ണ്. തെങ്ങു കയറുന്നതിനായി ഒരു പുരയിടത്തിലെത്തിയാൽ ചന്ദ്രിക നടേശനെ ഓരോ തെങ്ങിന്റെയും ചുവട്ടിൽ കൊണ്ടു ചെന്നു നിർത്തും. തെങ്ങിൽ സ്പർശിച്ചാൽ പിന്നെ കാര്യങ്ങളെല്ലാം എല്ലാം കിറുകൃത്യതയോടെയാണ് നടക്കുക. തളാപ്പിട്ട് നേരെ മുകളിലേയ്ക്ക്. മുകളിലെത്തിയാൽ നാളികേരത്തിൽ തട്ടിനോക്കിയാണ് മൂപ്പ് തിരിച്ചറിയുന്നത്. അല്ലെങ്കിൽ അരിവാളുകൊണ്ട് ഒന്ന് കൊത്തിനോക്കും. വിളഞ്ഞ തേങ്ങയും, ഉണങ്ങിയ തേങ്ങയും, ഓലയും, ചൂട്ടും കൊതുമ്പുമെല്ലാം സൂക്ഷ്മതയോടെ അടർത്തി നിലത്തിട്ടശേഷം സാവകാശം തെങ്ങിൽ നിന്നിറങ്ങും.





ഒരു ദിവസം പരമാവധി ഇരുപത് ഇരുപത്തിയഞ്ച് തെങ്ങിൽ വരെയാണ് കയറുക. ഇവിടെ നടേശന് സമൂഹത്തോട് തെല്ല് പരിഭവമുണ്ട്. സ്ഥിരമായി നാളികേരം ഇടാൻ വിളിക്കുന്നവർ മാത്രമേ ഇദ്ദേഹത്തെ ഇപ്പോഴും വിളിക്കാറുള്ളു. പുതുതായി ആരും വിളിക്കാറില്ല. കാഴ്ചയില്ലാത്തതിനാൽ കൃത്യമായി ഈ ജോലി ചെയ്യാൻ പറ്റുമോ, അപകടം പിടിച്ച ഈ ജോലിയാണ്. കാഴ്ചയില്ലാത്ത ആളിനെ പിടിച്ചു തെങ്ങിൽ കയറ്റി എന്തെങ്കില്ലും സംഭവിച്ചാലോ. ഈ കാരണത്താൽ പലരും ജോലിക്ക് വിളിക്കുന്നില്ല. പക്ഷേ സ്ഥിരമായി കയറുന്ന പത്ത് മുപ്പത് വീട്ടുകാർ ഇപ്പോഴും നടേശനെത്തന്നെയാണ് വിളിക്കുന്നത്. അതുകൊണ്ട് നടേശൻ ഉപജീവനം നടത്തുന്നു. നടേശൻ – ചന്ദ്രിക ദമ്പതികൾക്ക് മക്കളില്ല.

തെങ്ങിന്റെ മണ്ട വൃത്തിയാക്കി കാറ്റോട്ടമുണ്ടാവുകയും, ശരിയായി വളം ചെയ്ത് പരിപാലിക്കുകയും ചെയ്താൽ ഇന്നുള്ളതിന്റെ നേരെ ഇരട്ടി തേങ്ങ കിട്ടുമെന്നാണ് നടേശന്റെ പക്ഷം. നാളികേര ബോർഡ് തെങ്ങിനു വേണ്ടി നടത്തുന്ന കാര്യങ്ങളെല്ലാം റേഡിയോയിൽ സ്ഥിരമായി കേൾക്കുന്ന ഇദ്ദേഹത്തിന് ഓരോ കാര്യങ്ങളിലും വ്യക്തമായ അഭിപ്രായങ്ങളുമുണ്ട്. കൊച്ചിയിലെ നാളികേര ബോർഡ് ആപ്പീസിലൊന്നു പോയി ചെയർമാൻ സാറിനെ നേരിട്ട് കണ്ട് ഇക്കാര്യങ്ങളൊക്കെ പറയാൻ അവസരം കാത്തിരിക്കയാണ് നടേശൻ.

മരിക്കുന്നതുവരെ ആരുടേയും മുന്നിൽ പോയി കൈനീട്ടാതെ, അധ്വാനിച്ച് ജീവിക്കാനുള്ള ആരോഗ്യമുണ്ടാകണേ എന്നു മാത്രമാണ് 47 വയസ് പ്രായമുള്ള നടേശന്റെ പ്രാർത്ഥന. കാഴ്ച നഷ്ടപ്പെട്ടതിന്റെ അല്പം ദു:ഖമുണ്ടെങ്കിലും ദൈവത്തോട് ഒരു പരാതിയുമില്ല.

# നാളികേരത്തെ ഉപാസിക്കുന്ന ഉമാപതി

**സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി**



നാളികേരത്തെ ഉപാസിച്ച ഒരു തമിഴ് കുടുംബത്തിന്റെ വിജയ കഥയാണ് ഉമാപതി ഫാംസ്. തലമുറകളായി കോയമ്പത്തൂരിനു സമീപം പല്ലടം ഗ്രാമത്തിൽ നാളികേര കൃഷിക്കാരാണ് ഉമാപതിയുടെ ഇപ്പോഴത്തെ മാനേജിംങ് ഡയറക്ടർ റാം മോഹന്റെ മാതാപിതാക്കൾ. ഉമാപതിയുടെയും വിമലാദേവിയുടെയും ബിസിനസിന്റെ തുടക്കം ചെറിയ പോൾട്രി ഫാമായിരുന്നു. അത് വൻ വിജയമായി. കഴിഞ്ഞ 30 വർഷമായി ഇവർ സജീവമായി നാളികേര കൃഷി രംഗത്തുമുണ്ട്. തങ്ങളുടെ ജീവിതത്തിന്റെ എല്ലാ വിജയങ്ങൾക്കും കാരണം നാളികേരമാണ് എന്ന് ഇവർ വിശ്വസിക്കുന്നു.

1990 കളിൽ പൊള്ളാച്ചിയിലെ പ്രമുഖ നാളികേര കർഷകൻ ഒ വി ആർ സോമസുന്ദരത്തിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് എസ് ഉമാപതി നാളികേരത്തിന്റെ തൈകൾ ഉത്പാദിപ്പിക്കുന്ന ബിസിനസിലേയ്ക്ക് കടന്നത്. ഇന്ന് ഇതിന്റെ നേതൃത്വം 24 കാരനായ പുത്രൻ റാംമോഹനാണ്. വിദ്യാഭ്യാസ കാലത്തു തന്നെ കൃഷിയിൽ താല്പര്യം പുലർത്തിയിരുന്ന റാംമോഹൻ അടിസ്ഥാനപരമായി മെക്കാനിക്കൽ എൻജിനിയറാണ്. കുമാരഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലായിരുന്നു പഠനം. തുടർന്ന് ഗ്ലാസ്കോ സർവകലാശാലയിൽ നിന്ന് എൻർപ്രൈസ് ആൻഡ് ബിസിനസ് ഗ്രോത്ത് എന്ന വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയ റാം തിരിച്ചെത്തി ഫാമിന്റെ നവീകരണം തുടങ്ങി. ഇന്ന് ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച കുറിയ ഇനം തെങ്ങിൻ തൈ ഉമാപതിയുടെ രാംഗംഗയാണ്. ഫാം മുഴുവൻ തന്നെ കമ്പ്യൂട്ടറൈസ്ഡ് ആണ്. ഫാമിലേയ്ക്കുള്ള ജലസേചനം വളപ്രയോഗം എല്ലാം കമ്പ്യൂട്ടർ സോഫ്റ്റ് വെയറുകളാൽ നിയന്ത്രിതമാണ്. അതിനൂതനമായ സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് ഇവിടെ തെങ്ങകളുടെ മാതൃവൃക്ഷങ്ങളിൽ കൃത്രിമ പരാഗണം നടത്തി മികച്ച ഇനം വിത്തു തേങ്ങകൾ ഉത്പാദിപ്പിക്കുന്നത്. എല്ലാത്തിനും ബാർകോഡുകളും ഉണ്ട്. പരിചയസമ്പന്നരായ ജോലിക്കാരാണ് ഫാമിലെ പ്രവർത്തനങ്ങൾ നടത്തുന്നത്.

ഏറ്റവും മികച്ച ഗുണമേന്മയുള്ള വിവിധ ഇനം നടീൽ വസ്തുക്കൾ, നാളികേര പഞ്ചസാര എന്നിവയുടെ ഉത്പാദനം, നാളികേര കൃഷി, അനുബന്ധ ബിസിനസ് എന്നിവയാണ് ഉമാപതിയുടെ ഇപ്പോഴത്തെ മേഖല. കൂടാതെ പോൾട്രി കമ്പോസ്റ്റ്, ചെറുനാരങ്ങ, കോഴിമുട്ട, കോഴിത്തീറ്റ, ജൈവ കോഴിമുട്ട തുടങ്ങി വൈവിധ്യമാർന്ന ഉത്പ്പന്നങ്ങളുമായി ഉമാപതി തമിഴ്നാട്, കേരളം ഉൾപ്പെടെയുള്ള തെന്നിന്ത്യൻ സംസ്ഥാനങ്ങളിലും വിദേശങ്ങളിലും സജീവമാണ്.

**തെങ്ങിൻ തൈ**

കൃഷിക്കാർക്ക് ഏറ്റവും ഗുണമേന്മയുള്ള നടീൽ വസ്തുക്കൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഉമാപതിയുടെ നാളികേര നഴ്സറി പ്രവർത്തിക്കുന്നത്. ഗുണമേന്മ നിലനിർത്തുന്നതിനായി ഒരു തെങ്ങിൻ തൈ ഗവേഷണ സ്ഥാപനം തന്നെ ഉമാപതിയിൽ പ്രവർത്തിക്കുന്നു. ഉമാപതിയുടെ മികച്ച ഉത്പ്പന്നം ഇപ്പോഴും രാംഗംഗയാണ്. തോട്ടമേഖലയിൽ വൻ പ്രതീക്ഷയാണ് ഈ ഇനം തെങ്ങുകൾ നല്കുന്നത്. നട്ട് രണ്ടര വർഷത്തിനുള്ളിൽ ഫലം നല്കുന്ന കുറിയ തെങ്ങിനം. ബാർകോഡ് നല്കിയിരിക്കുന്നതിനാൽ ഇതിന്റെ മാതൃ പിതൃ വൃക്ഷങ്ങൾ കണ്ടു പിടിക്കുക വളരെ എളുപ്പമാണ്. ഇത് കൃഷിക്കാർക്കും വലിയ അനുഗ്രഹമാണ്.

**നാളികേര പഞ്ചസാര**

ഐസ്ബോക്സ് സാങ്കേതിക വിദ്യ ഉപയോഗിച്ച് തമിഴ്നാട്ടിൽ ആദ്യമായി നാളികേര പഞ്ചസാര ഉത്പാദിപ്പിച്ചത് ഉമാപതിയാണ്. കഴിഞ്ഞ



എട്ടുമാസങ്ങളായി ഉമാപതിയുടെ നാളികേര പഞ്ചസാര ഇന്ത്യൻ വിപണിയിൽ വൻ ഡിമാന്റോടെ വിറ്റഴിക്കപ്പെടുന്നു. ജൈവ ഉത്പ്പന്നങ്ങൾക്ക് കൂടുതൽ ആവശ്യക്കാർ മുന്നോട്ടു വരുന്ന സാഹചര്യത്തിൽ ഈ ഉത്പ്പന്നത്തിൽ വലിയ പ്രതീക്ഷയാണ് ഉമാപതി പുലർത്തുന്നത്. ഫാം മെയ്ഡ് ഫുഡ്സ് എന്ന വ്യാപാര നാമത്തിലാണ് ഇത് തമിഴ്നാട്ടിലെ ഓർഗാനിക് കടകളിൽ വിറ്റഴിക്കപ്പെടുന്നത്. കർണാടക, കേരളം, തെലുങ്കാന, ആന്ധ്ര മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലേയ്ക്കും ഇത് ഉടൻ വില്പനയ്ക്ക് എത്തും. ബേക്കറികൾക്കും കയറ്റുമതിക്കാർക്കും ഇത് വൻ അളവുകളിൽ ലഭ്യമാണ്. ഇതര നാളികേര ഉത്പ്പന്നങ്ങളെ അപേക്ഷിച്ച് ഏറ്റവും ലാഭം നാളികേര പഞ്ചസാരയുടെ ഉത്പാദനവും വിപണനവും ആണെന്ന് രാംമോഹൻ പറയുന്നു. നാളികേര വികസന ബോർഡ്, സിപിസിആർഐ എന്നീ സ്ഥാപനങ്ങളുടെ പിന്തുണ ഈ ഉദ്യമത്തിന് വളരെ ലഭിച്ചിട്ടുണ്ട് എന്നും അദ്ദേഹം കൂട്ടി ചേർത്തു.




**കൃഷിയിൽ ആനന്ദം**

ചെറുപ്പം മുതലെ കൃഷി എനിക്ക് ഇഷ്ടമായിരുന്നു – റാംമോഹൻ പറയുന്നു. വീട്ടുകാർ എന്നും എനിക്ക് പൂർണ പിന്തുണ നല്കി. ഇഷ്ടമുള്ള വിഷയം പഠിക്കാൻ അനുമതിയും നല്കി. എല്ലാവരേയും പോലെ ഞാനും എൻജിനിയറിംങ് തെരഞ്ഞെടുത്തു. പക്ഷെ പഠനം തുടങ്ങിയപ്പോൾ അതിൽ തുടരാൻ താല്പര്യം തോന്നിയില്ല. അന്നൊക്കെ ഞാൻ മിക്കപ്പോഴും വീട്ടിലെത്തി കൃഷികാര്യങ്ങളിൽ അഛനെ സഹായിച്ചു. അപ്പോഴാണ് എന്റെ യഥാർത്ഥ വഴി ഞാൻ തിരിച്ചറിഞ്ഞത്. അങ്ങനെ അഗ്രോ ബിസിനസുമായി ബന്ധപ്പെട്ട ഉപരിപഠനത്തിന് ഞാൻ ഒരുങ്ങി. ഗ്ലാസ്കോയിൽ പഠനം കഴിഞ്ഞ് തിരിച്ചെത്തി കുടുംബ ബിസിനസ് നവീകരിക്കുകയായിരുന്നു ലക്ഷ്യം.

ഗ്ലാസ്കോയിൽ പഠിക്കുമ്പോൾ കരിക്കിൻവെള്ളം പായ്ക്ക് ചെയ്യുന്ന ഒരു കമ്പനിയിൽ ഞാൻ ജോലി ചെയ്തു. അവിടെ നിന്നായിരുന്നു കൂടുതൽ പ്രായോഗിക വിജ്ഞാനം ലഭിച്ചത്. കൃഷി എനിക്ക് ഇന്ന് വലിയ ആനന്ദമാണ്. എനിക്ക് അതിൽ വലിയ താല്പര്യവുമാണ്. ആളുകളുടെ ഇഷ്ടവും വിശ്വാസവുമാണ് എന്നെ മുന്നോട്ട് നയിക്കുന്നത്. മറ്റ് ഏതു മേഖലയെക്കാളും കാർഷിക ബിസിനസിൽ ധാരാളം സാധ്യതകൾ ഉണ്ട്. നമ്മുടെ കൃഷിക്കാർ അത് മനസിലാക്കുന്നില്ല. ലോകത്തിലെ ഏറ്റവും വലിയ കമ്പനി ഏതെന്ന് എല്ലാവർക്കും അറിയാം. കാർഗിൽ. പക്ഷെ അത് കാർഷികമേഖലയുമായി ബന്ധപ്പെട്ട കമ്പനിയാണ് എന്ന് എത്ര പേർക്ക് അറിയാം.

**ഉമാപതി ഫാംസ്**

എല്ലാവിധ ആധുനിക സംവിധാനങ്ങളും ഉള്ള ഫാമാണ് ഉമാപതി. ആഴ്ച്ചയിലൊരിക്കൽ കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ള വളസേചനമാണ് തെങ്ങുകൾക്കു നല്കുന്നത്. ഇതിനു പ്രത്യേക സേഫ്റ്റ് വെയർ ഉണ്ട്. ഞങ്ങൾക്ക് പ്രധാനമായും രണ്ടു തോട്ടങ്ങളാണ് ഉള്ളത്. ഒന്ന് നാളികേരം. രണ്ട് ചെറുനാരകം. കൂടാതെ ചെറിയ പരീക്ഷണ തോട്ടങ്ങളുമുണ്ട്. അവിടെ ചില സുഗന്ധവിളകളും പൂക്കളും മറ്റും കൃഷിയുണ്ട്.

ഗവേഷണത്തിനും വികസനത്തിനുമായി ഞങ്ങൾ ധാരാളം സമയം ചെലവിടുന്നു. ഇനിയും വൈവിധ്യമാർന്ന ഇനം തെങ്ങിൻ തൈകൾ കൃഷിക്കാർക്ക് ലഭ്യമാക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. ഇന്ത്യയിൽ ബാർകോഡ് നല്കി തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നത് ഉമാപതി മാത്രമാണ്. ഇതുകൊണ്ട് പല നേട്ടങ്ങൾ ഉണ്ട്. മാതൃപിതൃ വൃക്ഷങ്ങളെയും അത് പരാഗണം നടത്തിയ വിദഗ്ധനെയും വരെ തിരിച്ചറിയാം. എല്ലാ വിത്തുതെങ്ങുകളുടെയും വിവരങ്ങൾ ഞങ്ങളുടെ ഡേറ്റാ ബാങ്കിലുണ്ട്. ഇതെല്ലാം ഒറ്റ ലക്ഷ്യത്തിനു മാത്രം. ഗുണമേന്മ... ഗുണമേന്മ...ഗുണമേന്മ.

ഉമാപതിയുടെ പേരിൽ ഇന്ന് വ്യാജ തൈകൾ ഇറങ്ങിയിട്ടുണ്ട്. അതിനാൽ വഞ്ചിതരാകതെ കൃഷിക്കാർ ശ്രദ്ധിക്കുക. ഉമാപതിക്ക് വേറെ ശാഖകളോ വിതരണക്കരോ ഇല്ല.

# ക്യാൻസർ ചികിത്സാരംഗത്ത് നാളികേരത്തിന്റെ അത്ഭുത സിദ്ധികൾ

**രമണി ഗോപാലകൃഷ്ണൻ**
കൺസൾട്ടന്റ്, നാളികേര വികസന ബോർഡ്, കൊച്ചി.




**എറണാകുളം ജില്ലയിലെ മരട് കേന്ദ്രമായി പ്രവർത്തിക്കുന്ന വെൽനസ്സ് സൊ ലൂഷൻസിന്റെ ചെയർമാനാണ് ഡോ.ശ്രീകുമാർ. നാളികേരകൃഷിയില്ലാത്ത നാട്ടിൽ നിന്നും നാളികേരത്തിന്റെ അത്ഭുത സിദ്ധി അടുത്തറിഞ്ഞ ന്യൂട്രീഷ്യൻ സ്പെഷ്യലിസ്റ്റും സീനിയർ ഇ എൻ ടി സർജനുമായ ഭിഷഗ്വരൻ. രോഗം വന്നിട്ട് ചികിത്സ തേടുകയല്ല വേണ്ടത്, രോഗം വരാതിരിക്കാനാണു ശ്രദ്ധിക്കേണ്ടത് എന്ന ആശയം ജനങ്ങളിലെത്തിക്കാൻ ശ്രമിക്കുന്ന സൗമ്യനായ ഡോക്ടർ. ക്യാൻസർ ബാധിതരുടെ ചികിത്സയിൽ ഡീടോക്സിക്കേഷന് തേങ്ങ, വെളിച്ചെണ്ണ, കരിക്കിൻ വെള്ളം എന്നിവയെക്കുറിച്ച് വാചാലനാകുന്ന മെഡിക്കൽ വിദഗ്ധൻ.**

**സവിശേഷമായ ഗുണങ്ങൾ നിരവധിയുണ്ടെങ്കിലും പലരും അറിയപ്പെടാതെ കിടക്കുന്നതും അറിഞ്ഞവർ വിലക്കു കല്പിക്കുന്നതുമായ നാളികേരത്തെ ചികിത്സയുടെ തന്നെ ഭാഗമാക്കിയ വെൽനസ്സ് സൊല്യൂഷൻസ് സന്ദർശിച്ചപ്പോൾ ഡോ.ശ്രീകുമാറുമായി നടത്തിയ അഭിമുഖത്തിലെ പ്രസക്തഭാഗങ്ങളാണ് ഈ ലേഖനത്തിന് ആധാരം.**

**ചോദ്യം :** സാധാരണ ആശുപത്രികളിൽ നിന്ന് വ്യത്യസ്തമായി വെൽനസ്സ് സൊല്യൂഷൻസ് എന്താണ് ലക്ഷ്യമിടുന്നത്?

**ഉത്തരം :** പ്രിവന്റീവ് ഹെൽത്ത് എന്ന ഒരു ആശയത്തിലാണ് ഈ സ്ഥാപനം തുടങ്ങിയത്. അതായത് രോഗാവസ്ഥയിലേക്ക് വഴുതി വീഴും മുൻപേ ശരീരത്തെ വേണ്ട വിധം പരിചരിച്ച് സംരക്ഷിച്ചു കൊണ്ടിരിക്കുക. അതിന് ജനങ്ങളെ ബോധവത്ക്കരിക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. പക്ഷേ ആർക്കും അതിനോടു വലിയ താത്പര്യമില്ലായിരുന്നു. എല്ലാവർക്കും അസുഖം വന്നശേഷം ഡോക്ടറെ കാണാനാണ് താത്പര്യം. പ്രത്യേകിച്ച് ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട്. എന്തായാലും നമുക്ക് തടയാൻ പറ്റില്ല. വരുന്നത് വരുമ്പോൾ നോക്കാം എന്ന മനോഭാവമാണ് എല്ലാവർക്കും. വന്നു കഴിഞ്ഞ് നോക്കുക എന്നുവച്ചാൽ അത് ആജീവനാന്തമാണ്. ഒരു ഔഷധത്തിനും തടയാൻ പറ്റില്ല. ഒന്നിനു പുറകേ ഒന്നായി പ്രശ്നങ്ങൾ വന്നുകൂടിക്കൊണ്ടിരിക്കും. അതുകൊണ്ട് ആദ്യം മുതൽ ടെർമിനൽ പേഷ്യൻസ്, അതായത് രോഗാതുരർ മാത്രം ആയിരുന്നു വെൽനസ് സെന്ററിലെ സന്ദർശകർ. പക്ഷെ ഇത്തരം രോഗികൾക്ക് നമുക്ക് വലിയൊരു ആരോഗ്യ പരിരക്ഷ കൊടുക്കാനും പ്രയാസമാണ്.



അടിസ്ഥാനപരമായി ജനങ്ങളെ ബോധവൽക്കരിക്കുകയെന്നതാണ് പ്രധാനം. അതുവഴി മുൻകരുതൽ എടുക്കാം. ഡയബെറ്റിക് ആയികഴിഞ്ഞാൽ മധുരമൊന്നും കഴിക്കരുത്, കാർബോഹൈഡ്രേറ്റ്സ് കുറക്കണം. ഇങ്ങനെ പറയുന്നതിൽ ഒരു കാര്യവുമില്ല. ജോലി ചെയ്യുന്ന ഒരാളുടെ ശരീരത്തിൽ ഊർജ്ജവിനിയോഗം നടക്കുന്നുണ്ട്. ശരീരത്തിന്റെ പ്രവർത്തനങ്ങൾക്കു വേണ്ട എനർജി അഥവ ഊർജ്ജം അവിടെ കൊടുത്തേ പറ്റൂ. അത് നിയന്ത്രിക്കുക എന്നു പറയുമ്പോൾ എല്ലാം പോയി. എല്ലാ കാര്യങ്ങളും ഓരോ വ്യക്തികളിലും വ്യത്യസ്തമാണ്. ഒരു വ്യക്തിക്ക് ആരോഗ്യ പരിചരണമാണ് വേണ്ടത്. ചിലപ്പോൾ നമ്മൾ പറയും പാരമ്പര്യമാണെന്ന്. പാരമ്പര്യമാണെങ്കിലും ചിന്തിക്കേണ്ട ഒരു പോയിന്റ് ഉണ്ട്. ആദ്യം വന്നയാൾക്ക് ഏത് പാരമ്പര്യത്തിൽ നിന്നാണ് രോഗം വന്നത്. പുതിയ പുതിയ രോഗങ്ങൾ വരുമ്പോഴും അവയ്ക്കെല്ലാം പുതിയ പേരു പറയുമ്പോഴും പാരമ്പര്യം എന്നു പറയാൻ പറ്റില്ലല്ലോ. പക്ഷേ ഈ രോഗങ്ങളുടെയെല്ലാം പേര് മോഡേൺ സിസ്റ്റം ഉണ്ടാക്കിയതാണ്. സിംപ്റ്റംസ്, സയൻസ്, ഇൻവെസ്റ്റിഗേഷൻ ഇതെല്ലാം ഒരു ഫ്രെയിം വർക്കിൽ വന്നു കഴിഞ്ഞാൽ ഒരു അസുഖം. മറ്റൊരു ഫ്രെയിം വർക്കിൽ ആണെങ്കിൽ വേറെ അസുഖം. ഇങ്ങനെ പുതിയ പുതിയ പേരുകൾ കണ്ടു പിടിക്കാൻ തുടങ്ങി. പുതിയ പുതിയ അസുഖങ്ങൾ വന്നു തുടങ്ങി. പേരുകൾ മനുഷ്യർ കണ്ടു പിടിച്ചതാണ്. അസുഖമാകട്ടെ

മുൻപേ ഉണ്ടായിരുന്നതും.

ഇത് സ്പെഷ്യലൈസേഷന്റെ യുഗമാണ്. ഹാർട്ട് സ്പെഷ്യലിസ്റ്റിന്റെ അടുത്തു പോയിട്ട് വയറിനെ പറ്റി ചോദിച്ചാൽ അതിന് ഗ്യാസ്ട്രോയെ കാണാൻ പറയും. ഹൃദയം പ്രവർത്തിക്കണമെങ്കിൽ ഉദരത്തിൽ ആഹാരം വേണം. അത് അറിയാൻ ഒരു സ്പെഷ്യലൈസേഷനും വേണ്ട. ഒരു സ്പെഷ്യലിസ്റ്റിന് സ്പെഷ്യലൈസ് ചെയ്ത് വിഷയം മാത്രമേ അറിയുള്ളൂ. എല്ലാം പഠിച്ചിട്ടുണ്ടാകും. സ്പെഷ്യലൈസ് ചെയ്തിട്ട് ഒരു ഭാഗത്തേക്ക് മാറിയിരിക്കും. ഒരു വ്യക്തിയെ സംബന്ധിച്ച് അത് മാത്രം ആയിരിക്കില്ല. അടിസ്ഥാനപരമായി മനുഷ്യൻ ഉണ്ടായത് എങ്ങനെയാണെന്ന് വരുമ്പോൾ ചിന്ത സെൽസ് അഥവാ കോശങ്ങളിലേക്ക് പോകും. ശരിക്കു പറഞ്ഞാൽ പേഴ്സണലൈസ്ഡ് എഡ്യൂക്കേഷൻ അതായത്, വ്യക്തിഗത വിദ്യാഭ്യാസം

**ചോദ്യം :** രോഗികളുടെ ചികിത്സാർത്ഥം ഇവിടെ ഭക്ഷണത്തിൽ ധാരാളം നാളികേരമുൾപ്പെടുത്തുന്നുണ്ട് എന്ന് കേട്ടു. അതിനെക്കുറിച്ച് അല്പം വിശദീകരികരണം?

**ഉത്തരം :** നമ്മുടെ ശരീരത്തിൽ ധാരാളം toxins (വിഷാംശം) കയറിയിട്ടുണ്ട്. ഈ വിഷാംശം പുറത്തു കളയാനായി ഞങ്ങൾ ഡീ ടോക്സിഫിക്കേഷൻ (വിഷം നിർവീര്യമാക്കൽ)നടത്തുന്നു. വെളിച്ചെണ്ണയ്ക്ക് പലതരത്തിലുള്ള ഡീ ടോക്സിഫിക്കേഷൻ എഫക്ട് ഉണ്ട്. ശരിക്കു പറഞ്ഞാൽ നമ്മുടെ ശരീരത്തിൽ വിഷം കയറിയിരിക്കുന്നത് കോശങ്ങൾക്കുള്ളിലാണ്; കരളിലേയും കിഡ്നിയിലേയും കോശങ്ങളിൽ. ഇവിടെ നിന്നെല്ലാം വിഷാംശം പുറത്തേക്കു കളയാൻ നാളികേരത്തിനു കഴിയും. കോശത്തിനുള്ളിൽ നിന്നും വിഷാംശം പുറത്തേക്കു കളയുവാൻ എറ്റവും നല്ലത് വെളിച്ചെണ്ണ ശരീരാരോഗ്യം കാത്തു സൂക്ഷിക്കാൻ ഏറ്റവും നല്ലത് തേങ്ങയും തേങ്ങ വെള്ളവും, വെളിച്ചെണ്ണയും ആണ്.

**ചോദ്യം :** അൾഷിമേഴ്സ് സുഖപ്പെടുത്താൻ വെർജിൻ വെളിച്ചെണ്ണയ്ക്കു കഴിയുമെന്ന് റപ്പോർട്ടുകൾ കാണുന്നു. അതെ കുറിച്ചുള്ള ഡോക്ടറുടെ അഭിപ്രായം എന്താണ് ?

**ഉത്തരം :** അൾസിമേഴ്സിന് വെളിച്ചെണ്ണ കൊടുക്കുന്നതിന്റെ മുഖ്യ കാരണം അത് ചെല്ലുമ്പോൾ കോശഭിത്തികൾ ബലപ്പെടും. കോശഭിത്തികൾ ബലപ്പെടുമ്പോൾ അകത്ത് എനർജി ഉൽപാദനം നല്ലതുപോലെ നടക്കും. പുറത്തേക്ക് ഡിസ്റ്റേർബൻസില്ല. താപം കൂടുതൽ പുറത്തേക്ക് പോവുമ്പോൾ അപ്പുറവും ഇപ്പുറവുമുളള കോശങ്ങൾക്കു നാശം സംഭവിക്കും. നമ്മളു പറയില്ലെ ഫ്യൂസായി , ഇൻസുലേഷൻ പോയി എന്നെല്ലാം. ഇൻസുലേഷൻ



വന്നു കഴിഞ്ഞാൽ വലിയ വ്യത്യാസമാകും ഉണ്ടാകാൻ പോകുക. രക്തം പരിശോധിച്ചു കഴിഞ്ഞാൽ പലതും കണ്ടുപിടിക്കുന്നുണ്ടെങ്കിലും ഇത് ശരിയാണോ എന്നു ചോദിച്ചാൽ ശാസ്ത്രീയമായി പറയാം ശരിയല്ലെന്ന്. നാം ഒരു ബയോകെമിക്കൽ ടെസ്റ്റ് നടത്തുന്നു. ബയോകെമിക്കൽ ടെസ്റ്റ് പ്രവർത്തനങ്ങൾ നടക്കുന്നത് രക്തത്തിൽ അല്ല കോശത്തിനകത്താണ്. നമ്മുടെ ശരീരത്തിനുള്ളിൽ നടക്കുന്ന പ്രവർത്തനങ്ങൾ നമ്മൾ കാണുന്നില്ല. അതായത് ശരീരത്തിനകത്തു നടക്കുന്നത് ലാബറട്ടറിയിൽ നടക്കുന്നുമില്ല, കാണുന്നുമില്ല. ഇപ്പോൾ സെല്ലുലാർ സയൻസ് വന്നതോടെ രക്തത്തിൽ കാണുന്നതിൽ നിന്നും ഒരുപാട് വ്യത്യാസമുണ്ട് കാര്യങ്ങൾക്ക്.

യാണ്. പിന്നെ തേങ്ങാ വെള്ളം ഉപയോഗിച്ചാൽ അതും നമ്മുടെ ശരീര കോശങ്ങളുടെ ഉള്ളിൽ നിന്നും വിഷാംശം നീക്കം ചെയ്യും. കരളിനെ ഡീടോക്സിഫിക്കേഷൻ ചെയ്യാൻ തേങ്ങാവെള്ളത്തിനു പറ്റും. കൂടുതൽ വെള്ളം ചെല്ലുമ്പോൾ യൂറിൻ നന്നായി പോകും. അതുകൊണ്ട് കിഡ്നിയിലെയും വിഷാംശം നീങ്ങുന്നു. കരിക്കിൻ വെള്ളവും വെളിച്ചെണ്ണയും മറ്റു തേങ്ങ ഉൽപന്നങ്ങളും രോഗിക്കു നല്കി കുറച്ചു ദിവസം കൊണ്ട് പൂർണമായി ശരീരത്തെ ഡീടോക്സിഫിക്കേഷൻ ചെയ്യാം. കൂടാതെ ഇവയിലടങ്ങിയിരിക്കുന്ന ധാതുക്കൾ, ഇരുമ്പ്, മഗ്നീഷ്യം എന്നിവയും ശരീരത്തിന് കിട്ടുകയും ചെയ്യും. അങ്ങിനെ ശരീരത്തിന് കൂടുതൽ ശക്തി കിട്ടും. അതുകൊണ്ട് പോയാൽ ഫ്യൂസാവും. അപ്പോൾ തലച്ചോറിലെ കോശങ്ങൾ നശിക്കുമ്പോൾ നമുക്ക് പലതും ഓർമ്മയില്ലാതാകും. വെർജിൻ വെളിച്ചെണ്ണ നൽകി കോശത്തിനകത്ത് എനർജി ഉൽപാദനം ഊർജ്ജിതപ്പെടുമ്പോൾ പതുക്കെ പതുക്കെ കോശങ്ങൾ വളരും. ഇതാണ് മെക്കാനിസം. ശരീരത്തിൽ എവിടേയും നടക്കുന്ന ഒരു മെക്കാനിസം ആണ്. ഇവിടെ നമുക്ക് വേണ്ടത് നമ്മുടെ കോശഭിത്തികൾ ശക്തമാകണമെങ്കിൽ നല്ല കൊഴുപ്പു വേണം. നല്ല കൊഴുപ്പ് എന്നു പറഞ്ഞാൽ എണ്ണ ചൂടാക്കി കഴിഞ്ഞാൽ കൊഴുപ്പ് പോയി. വെളിച്ചെണ്ണയെ പറ്റിയുള്ള പഠനം നടത്തിയപ്പോഴും ഇതു തെളിഞ്ഞു. അതേസമയം വെർജിൻ കോട്ടനട്ട് വെർജിൻ ഓയിൽ അങ്ങിനെ

തന്നെ കഴിച്ചു കഴിയുമ്പോൾ ഫലം വ്യത്യസ്തമാണ്. നല്ലൊരു സാധനത്തെ ചീത്തയാക്കണമെങ്കിൽ നമ്മൾ അത് സംസ്കരിച്ചാൽ മതി. ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം സംസ്കരണം എന്ന മെക്കാനിസമാണ്.

എല്ലാവരും ശരീര ആരോഗ്യം വിദഗ്ധ പരിശോധനയ്ക്കു വിധേയമാക്കുന്നു. ചെക്ക് അപ്പ് എന്തിനുവേണ്ടിയാണ്. ചെക്ക് അപ്പ് രോഗം കണ്ടു പിടിക്കാൻ മാത്രമാണ്. ഈ വർഷം രക്ഷപ്പെട്ടു. അടുത്ത വർഷം ഒന്നു കൂടെ നോക്കാം. ഇതാണ് ജനങ്ങളുടെ മനോഭാവം. എന്റെ അഭിപ്രായത്തിൽ അടുത്ത വർഷം നാം എന്തിനാണ് രോഗത്തെ ശ്രദ്ധിക്കുന്നത്? നമുക്ക് ആരോഗ്യത്തിൽ മാത്രം ശ്രദ്ധിക്കാം. ഒരു ക്യാൻസർ പേഷ്യന്റ് വരുമ്പോൾ ഞാൻ പറയും – എനിക്ക് നിങ്ങളുടെ അസുഖത്തിനെ പറ്റി അറിയേണ്ട, ഞാൻ നിങ്ങളുടെ ആരോഗ്യമാണ് അളക്കുന്നത്. അവസ്ഥ മെച്ചപ്പെടുത്താൻ എന്തൊക്കെ ചെയ്യണം. ഹെൽത്ത് ഒരു പ്രധാന ഘടകമാണ്. 40 വയസ്സുള്ള ഒരു പ്രമേഹ രോഗി മൂലം രാജ്യത്തിന് നഷ്ടപ്പെടുന്നത് ഏകദേശം ഒരു ലക്ഷം രൂപയാണ്. കേരളത്തിൽ എത്രപേരുണ്ട് 40 വയസ്സിൽ താഴെ. വാട്ട് ഈസ് ദ എമൗണ്ട് ഓഫ് ലോസ് ടു ഗവൺമെന്റ്?. രോഗിയുടേയും അയാളുടെ വീട്ടുകാരുടേയും സമൂഹത്തിന്റേയും നഷ്ടം. അബ്ദു ൾകലാമിന്റേ റേഷ്യോ അവിടെ വർക്കു ചെയ്യും. ഒരാൾക്ക് ഡാമേജുണ്ടെങ്കിൽ 10 പേരതിൽ ഉൾപ്പെടും. പ്രത്യക്ഷമായോ പരോക്ഷമായോ. ചിലപ്പോൾ ജോലിസ്ഥലത്തായിരിക്കാം. വീട്ടിലായിരിക്കാം ഫ്രണ്ട്സായിരിക്കാം. പലരേയും അത് ബാധിക്കും. തിരിച്ചാണെങ്കിലോ? ഇഫ് യു ഇംപ്രൂവ് 1% ഹെൽത്ത്......

ഒരു വർഷം കൊണ്ട് കൂട്ടിയാൽ എന്തൊക്കെയായിരിക്കും ആ ബനിഫിറ്റ്. ഉദാഹരണത്തിന് ഒരാൾക്ക് 1% ഓ 2% ഓ ഹെൽത്ത് കൂടിയാൽ ആ വ്യക്തി ഇത് 10 പേരോട് പറയും. അപ്പോൾ ഒരു ഓവറോൾ ഇഫക്ട് എന്നു പറയുന്നത് ഭയങ്കരമാണ്. ജോമട്രിക്കൽ മൾട്ടിപ്ലിക്കേഷനാണ്. വെൽനസ്സ് എന്നു പറയുന്നത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. നമ്മൾ രോഗത്തിനു വേണ്ടി ഇത്രയും ചെയ്തു കഴിയുമ്പോൾ, ഹെൽത്തിനുവേണ്ടി ആരും ഒന്നും ചെയ്യുന്നില്ല. മാധ്യമങ്ങൾ പരിശോധിക്കൂ. ലക്ഷങ്ങളും കോടികളും പലരും പിരിച്ചാണെങ്കിലും കൊടുത്ത് രോഗത്തിന് ചികിത്സിക്കുന്നു പക്ഷെ, ഒരൊറ്റ രൂപ പോലും ഹെൽത്തിനു വേണ്ടി ചെലവഴിക്കുന്നില്ല.

**ചോദ്യം :** ഇതിന്റെ തുടക്കമാണോ ഗവൺമെന്റ് സെക്ടറിലും, ഓഫീസുകളിലും മറ്റും യോഗയും നീന്തലും ഒക്കെ കൊണ്ടുവരുന്നതായി കാണുന്നു.

**ഉത്തരം :** അസുഖം വരാതിരിക്കാൻ നമുക്ക് മുൻ കരുതൽ എടുക്കാം. അടിസ്ഥാനപരമായി ജനങ്ങളെ ബോധവാന്മാരാക്കുകയെന്നതാണ് പ്രധാനം.

**ചോദ്യം :** കാൻസർ ചികിത്സയിൽ നാളികേരത്തിന്റെ ഉപയോഗം ?

**ഉത്തരം :** കാൻസർ ചികിത്സയിൽ തേങ്ങ ധാരളം ഉപയോഗിക്കാൻ പറ്റും. ജീവൻ നിലനിർത്താൻ ജീവനുള്ള ആഹാരം വേണം. സംസ്കരിച്ചാൽ പോലും ജീവൻ പോകാൻ പ്രയാസമുള്ള ഉൽപന്നമാണ് തേങ്ങ. വെർജിൻ വെളിച്ചെണ്ണ വളരെ രുചികരവും ആസ്വാദ്യജനകവുമാണ്. കരിയും, കയറുമെല്ലാം എത്രമാത്രം മനുഷ്യനുപയോഗപ്പെടുന്നെന്ന് നോക്കൂ!

ഇന്ന് പാശ്ചാത്യ രാജ്യങ്ങളിലെല്ലാം കോക്കനട്ട് ഡീറ്റോക്സിഫിക്കേഷൻ കേന്ദ്രങ്ങൾ വരെ തുടങ്ങിയിട്ടുണ്ട്. അതായത് തേങ്ങ നൽകി ശരീരത്തിന്റെ വിഷാംശങ്ങൾ നീക്കുന്ന രീതി .

കരിക്കിൻ വെള്ളം ക്ഷീണം കുറയ്ക്കും, ശരീരക്ഷതം കുറയ്ക്കും, ഉന്മേഷം വർദ്ധിപ്പിക്കും. വെളിച്ചെണ്ണയുടെ കാര്യം മാത്രമെടുത്താൽ മതി. വെളിച്ചെണ്ണയ്ക്കു വൈറസിനെതിരെ ഫംഗസ്സിനെതിരെ, ബാക്ടീരിയയ്ക്കെതിരെ പ്രവർത്തിക്കാൻ കഴിയും. വെർജിൻ വെളിച്ചെണ്ണ കൊളസ്ട്രോൾ കുറയ്ക്കുന്നതിനും പൊണ്ണത്തടി പരിഹരിക്കുന്നതിനും തലച്ചോറിലെ കോശങ്ങളുടെ ക്ഷതം പരിഹരിക്കാനുമുള്ള ഒരു മെഡിസിനായി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. യു. എസ്സിലും മറ്റും വി.സി.ഒയിൽ നിന്നും വേർതിരിച്ചെടുക്കുന്ന സംയുക്തം മരുന്നായി ഹൃദ്രോഗത്തിന് ഇഞ്ചക്ഷനായി കൊടുക്കുന്നുണ്ട്. നീര ഷുഗർ ഏറ്റവും മുന്തിയ സ്വീറ്റനിംഗ് ഏജന്റ് ആണ്. ഇതിൽ നിന്നും പ്രോബയോട്ടിക്സ് എടുക്കാം. ശരീരത്തിന് വളരെയധികം ഉന്മേഷം നൽകുന്നതിനും കൂടുതൽ ശുദ്ധീകരിക്കരണത്തിനും തേങ്ങ വെള്ളം അത്യുത്തമമാണ്. അങ്ങനെ തേങ്ങയുടെ പോസിറ്റീവ് വശങ്ങൾ പറഞ്ഞാൽ തീരില്ല. നാളികേരത്തിന്റ നാട്ടിൽ നിന്നുള്ള ഞാൻ പോലും തെങ്ങില്ലാത്ത നാട്ടിൽ ചെന്നപ്പോഴാണ് തേങ്ങയുടെ ഔഷധ ഗുണങ്ങളുടെ ആഴമറിയുന്നത്. ഇന്ന് തേങ്ങ ഇല്ലാത്ത രാജ്യങ്ങളിൽ എങ്ങനെ തേങ്ങയുൽപന്നങ്ങൾ എത്തിക്കാമെന്നതാണ് പ്രശ്നം. അവിടെയാണ് നാച്ചുറൽ പ്രിസർവേഷന്റെ പ്രസക്തി. ചൈനയും മറ്റും നാചുറൽ പ്രസർവേഷനിൽ വളരെ മുന്നോട്ടു പോയി. നമ്മൾ ആ രംഗത്ത് ശ്രദ്ധ പതിപ്പിക്കണം.

ആസ്ട്രേലിയൻ ഗവൺമെന്റ് ആരോഗ്യ മേഖല രണ്ടായിതിരിച്ചിരിക്കയാണ്. ആരോഗ്യ മന്ത്രാലയവും രോഗ നിവാരണ മന്ത്രാലയവും ആരോഗ്യ മന്ത്രാലയത്തിന്റെ ചുമതല രോഗ നിവാരണത്തിനുമുൻപുള്ള ആരോഗ്യ പരിപാലനമാണ് അതായത്, രോഗം വരാതെ എത്രത്തോളം നോക്കാമെന്നുള്ളതാണ് പ്രാധാന്യം.

**ചോദ്യം :** കരിക്കിൻ വെള്ളം പ്രമേഹ രോഗികൾക്ക് കുടിക്കാൻ പാടില്ല. ഷുഗർ ധാരാളമുള്ളതുകൊണ്ട് എന്നു പറയാറുണ്ടല്ലോ?

**ഉത്തരം :** ഇതിൽ ഒരു ഭാഗം ശരിയാണ്. ധാരാളം ഷുഗർ ഉണ്ട് എന്നത്. എന്നാൽ കരിക്കിൻ വെള്ളത്തിലെ ലവണങ്ങൾ കോശങ്ങളിലെ ഇൻസുലിൻ റിസപ്റ്റേഴ്സിനെ തുറക്കാൻ സഹായിക്കും. അപ്പോൾ ഷുഗർ അകത്തു കയറും. കരിക്കിൻ വെള്ളത്തിലെ മിനറൽസ് ആണ് ഇത് സാധ്യമാക്കുന്നത്. മിനറൽ ഇല്ലെങ്കിൽ ഇതു നടക്കില്ല. ഓരോ കോശത്തിലും കയറാൻ പ്രത്യേക വാതിലുണ്ട്. ഇതിനു കയറാൻ ഇൻസുലിൻ റിസപ്റ്റേഴ്സ് എന്ന പ്രത്യേക വാതിലുകളുണ്ട്. ഇൻസുലിൻ ഒറ്റയ്ക്ക് കയറാൻ പറ്റില്ല.

അച്ചാറുകൾ വളരെ കാലം കേടുകൂടാതിരിക്കാൻ വെളിച്ചെണ്ണ ഉപയോഗിക്കാറില്ലേ. അതുപോലെ നമ്മുടെ ശരീരത്തിനെ കേടുകൂടാതെ സൂക്ഷിക്കുന്നതിൽ വെളിച്ചെണ്ണ മുഖ്യ പങ്കു വഹിക്കുന്നു.

ബോധവത്ക്കരണമാണ് നമ്മുടെ ആരോഗ്യ സംരക്ഷണത്തിൽ പരമപ്രധാനം. രാവിലെ മുതൽ രാത്രി വരെ ട്രാജഡി സീരിയലുകൾ കാണുന്നവർ അറിയുന്നില്ല, അവരുടെ അഡ്രീനൽ ഗ്രന്ഥി സമ്മർദ്ദത്തിലാണെന്ന്. അഡ്രിനാലിൻ ഹോർമോൺ ഉണ്ടാക്കുന്നത് ഈ ഗ്രന്ഥിയാണല്ലോ. നമ്മുടെ ശരീരത്തിൽ ഏറ്റവും കൂടുതൽ വൈറ്റമിൻ സി കേന്ദ്രീകരിച്ചിരിക്കുന്നതും ഇവിടെയാണ്. അഡ്രീനൽ ഗ്രന്ഥിക്ക് സമ്മർദ്ദമുണ്ടായാൽ അത് ശരീരത്തിനെ അതീവ ഗുരുതരമായി ബാധിക്കും. കത്തിക്കുത്തു നടക്കുന്ന ഒരു സീൻ കാണുന്ന വ്യക്തിയുടെ ശരീരത്തിൽ കത്തി കയറില്ലെന്നതൊഴിച്ച് ബാക്കി എല്ലാ പ്രതികരണങ്ങളും ശരീരത്തെ ബാധിക്കും. ഏതൊക്കെ രീതിയിൽ ശരീരത്തെ ഇതു ദോഷകരമായി ബാധിക്കുമെന്നോ ഏതെല്ലാം രോഗാവസ്ഥയിൽ കൊണ്ടെത്തിക്കുമെന്നോ പറയാൻ പറ്റില്ല. ഇവിടെയാണ് ബോധവൽക്കരണത്തിന്റെ പ്രസക്തി.

# സ്റ്റെപ്പ് എത്തി; ഇനി എല്ലാവർക്കും നീര ചെത്താം

**അബ്ദുൾ റസാഖ്,**
തേജസ്വിനി, കണ്ണൂർ

കണ്ണൂർ തേജസ്വിനി കമ്പനിക്കു കീഴിലുള്ള ഉദയഗിരി നാളികേര ഉത്പാദക ഫെഡറേഷനിലെ അംഗമായ സണ്ണി പൂവത്തേൽ നീര ചെത്ത് അനായാസം ആർക്കും കഴിയുന്നൊരു തൊഴിലാക്കി മാറ്റാൻ ഒരു കുഞ്ഞൻ ഉപകരണം വികസിപ്പിച്ചിരിക്കുന്നു. കാഴ്ചയ്ക്ക് കുഞ്ഞനെങ്കിലും ഉപയോഗത്തിൽ വലിയ ഉപകാരിയാണ് ഇദ്ദേഹത്തിന്റെ ഈ ലഘു യന്ത്രം.

സംസ്ഥാനത്തൊട്ടാകെയുള്ള ഫെഡറേഷനുകൾ നീര ചെത്ത് ആരംഭിച്ചിട്ട് കുറച്ചു നാളികളായി. ഈ മേഖലയിലെ തൊഴിലാളി ക്ഷാമമാണ് എല്ലാവരും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. നിരവധി നീര ടെക്നീഷ്യൻ ട്രെയിനിംങ്ങുകളിലൂടെ പുതിയ ആളുകളെ കണ്ടെത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും സ്ഥിരമായി ഈ തൊഴിൽ ചെയ്യുന്നവർ കുറവാണ്.

നമുക്കിടയിൽ പശു വളർത്തൽ ഉപജീവനമാർഗ്ഗമാക്കിയ ഒരുപാടു പേരുണ്ടല്ലോ. മറ്റു കൃഷിപ്പണികൾക്കിടയിലും ഇതൊരു വരുമാന മാർഗ്ഗമാവുന്നതും, ഒരുപാടാളുകൾക്ക് ജീവിതോപാധിയാകാൻ കഴിയുന്നതും എന്തുകൊണ്ടാണ്. പശുക്കൾക്ക് പുല്ലരിയാനും പാൽ കറക്കാനും അവയ്ക്ക് വേണ്ട മറ്റെല്ലാ പരിചരണവും നൽകാനും അതാത് ക്ഷീര കർഷകർ തന്നെ മുന്നിട്ടിറങ്ങുന്നതു കൊണ്ടാണ്.

നീരയുടെ കാര്യത്തിലും ഇതു തന്നെയാണ് നമുക്കാവശ്യം. സ്വന്തമായി പത്ത് തെങ്ങെങ്കിലുമില്ലാത്ത മലയാളികൾ ചുരുക്കമല്ലേ. ദിവസവും അൽപസമയം നീര ചെത്തിന് മാറ്റി വയ്ക്കാൻ കഴിഞ്ഞാലോ . കർഷകൻ തന്നെ ദിവസവും തന്റെ തെങ്ങുകളിൽ കയറി നീര ചെത്തി ഫെഡറേഷനുകൾക്കു നൽകിയാൽ, ഒരു പക്ഷേ പശു വളർത്തലിൽ നിന്നു പോലും ലഭിക്കുന്നതിലിരട്ടികൾ സ്വന്തമാക്കാം. കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള ഉത്പാദക കമ്പനികളിൽ നിന്നും ലഭിക്കുന്ന വാർത്തകൾ അതു തന്നെയല്ലേ. ഇവിടെയും അന്യ സംസ്ഥാന തൊഴിലാളികളാണ് താരങ്ങളാവുന്നതെന്നു മാത്രം.

കേരളത്തിൽ പശു വളർത്തലിലും പരിചരണത്തിലുമേർപ്പെട്ടിരിക്കുന്ന കർഷകരിൽ 80 ശതമാനവും സ്ത്രീകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. നീരയ്ക്കും സ്ത്രീകളുടെയും വിദ്യാർത്ഥികളുടേയും കരുത്തുറ്റ കൈകളാണ് ആവശ്യം. ഇവിടെ തെങ്ങു കയറ്റമാണ് വിലങ്ങു തടിയാവുന്നത്. സുരക്ഷിതമായി തെങ്ങിൽ കയറാനും ഇറങ്ങാനും കഴിയേണ്ടത് സ്ത്രീകളുടേയും വിദ്യാർത്ഥികളുടേയും ഈ മേഖലയിലേക്കുള്ള കടന്നു വരവിന് അനിവാര്യമാണ്. പരമ്പരാഗതമായി ചെയ്തു വരുന്ന ചകിരികെട്ട് കൂടുതൽ ശ്രമകരവും ചകിരിക്കു മുകളിൽ ചുവടുകളുറപ്പിച്ച് കയറുന്നതും ഇറങ്ങുന്നതും ആയാസകരമായതിനാൽ ഒരു ബദൽ മാർഗ്ഗം അന്വേഷിച്ചിറങ്ങി ഏറ്റവും മികച്ച ഉപകരണം കണ്ടെത്തിയിരിക്കുകയാണ്. കർഷകനായ സണ്ണി.

മന്ത്രി കെ. സി. ജോസഫടക്കം പ്രമുഖർ ഇതിനെ പ്രകീർത്തിക്കുകയുണ്ടായി. ഇതിനകം പേറ്റന്റ് കരസ്ഥമാക്കിയ സ്റ്റെപ്പിന്റെ വ്യാവസായിക ഉത്പാദനത്തിന് തയ്യാറെടുക്കുകയാണ് സണ്ണി. ചവിട്ടിക്കയറാവുന്ന ഒരു സ്റ്റെപ്പ് രൂപത്തിലാണ് ഇതിന്റെ നിർമ്മാണം. തെങ്ങിനോട് ചേർത്ത് കെട്ടാവുന്ന രീതിയിൽ ലാമിനേറ്റ് ചെയ്ത ഇരുമ്പു കയർ ഇതിനോട് ഘടിപ്പിച്ചിരിക്കുന്നു. ഒരിക്കലും തെങ്ങിൽ നിന്ന് ഊരിപ്പോവാത്ത രീതിയിൽ അലൂമിനിയം ലോക്കും സേഫ്റ്റി ബെൽറ്റും ഘടിപ്പിച്ച സ്റ്റെപ്പുകൾക്ക് തുടക്കത്തിൽ നൂറു രൂപയോളം ചിലവ് വരുന്നുണ്ട്. കർഷകർക്ക് ഈ സ്റ്റെപ്പുകൾ തെങ്ങുകളിൽ ഘടിപ്പിച്ചാൽ ഒരു ഗോവണിയിൽ കയറിയിറങ്ങുന്ന ലാഘവത്തോടെ തെങ്ങിൽ കയറി നീര ചെത്തിയെടുക്കാമെന്ന് സണ്ണി പറയുന്നു.



*തെങ്ങിൽ ഘടിപ്പിച്ചിരിക്കുന്ന സ്റ്റെപ്പ്*

നാളികേര വികസന ബോർഡിൽ ചേർന്ന ഉത്പാദക കമ്പനി ഡയറക്ടർമാരുടെ യോഗത്തിൽ ഇദ്ദേഹം സ്റ്റെപ്പ് പരിചയപ്പെടുത്തുകയുണ്ടായി. ഉയർന്ന വിലയാണ് എല്ലാവരും പ്രധാനമായി ചൂണ്ടിക്കാട്ടിയ പ്രശ്നം. കൂടുതൽ ഓർഡറുകൾ ലഭിച്ചാൽ ചിലവ് കുറച്ചു കൊണ്ടു വരാനാവുമെന്നാണ് സണ്ണിയുടെ വിശ്വാസം. ഒരു സ്റ്റെപ്പ് വാങ്ങി തെങ്ങിലുറപ്പിച്ചാൽ ആജീവനാന്തം ഗ്യാരണ്ടിയും സണ്ണി ഉറപ്പു നൽകുന്നു. ഉദയഗിരി ഫെഡറേഷനിലെ കർഷകരായ നീര ടെക്നീഷ്യൻമാർ നിലവിൽ സ്റ്റെപ്പിലാണ് തെങ്ങ് കയറുന്നത്.

തെങ്ങു കയറ്റം അനായാസമാവുന്നതോടെ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും ഒരു പാർട്ട് ടൈം ജോലിയെങ്കിലുമായി നീര ടെക്നീഷ്യനാകാവുന്നതാണ്. ഫെഡറേഷനുകൾക്ക് യഥാക്രമം ആവശ്യത്തിന് നീര ടാപ്പർമാർ, കർഷർക്കൊരു പുതിയ വരുമാനവും തെങ്ങിന്റെ ഉയരത്തെ കാൽക്കീഴിലാക്കുന്ന ഈ വിദ്യ പ്രചാരത്തിലാവുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല.

*സണ്ണി - 9446961009*

# കൃഷിയിൽ മാണ്ഡ്യയുടെ രക്ഷകനായി യുവ സോഫ്റ്റ് വെയർ എൻജിനിയർ

**സിഡിബി ന്യൂസ് ബ്യൂറോ,** കൊച്ചി




കാലിഫോർണിയയിൽ നിന്നു ജോലി ഉപേക്ഷിച്ചു വന്ന മധുചന്ദ്രൻ എന്ന സോഫ്റ്റ് വെയർ എൻജിനിയർ സൂര്യന്റെ കത്തിക്കാളുന്ന ചൂടിൽ പാടത്ത് ഞാറുകൾ തെരുതെര വരിവരിയായി നട്ടു നീങ്ങുന്ന കാഴ്ച്ച നെൽകൃഷിയിൽ പ്രതീക്ഷ നഷ്ടപ്പെട്ട ഗ്രാമത്തിലെ പരമ്പരാഗത കൃഷിക്കാർ അന്തംവിട്ട് നോക്കി നിന്നു.

രാജ്യത്ത് ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ട കർണാടകത്തിലെ മാണ്ഡ്യയിലെ കൃഷിക്കാർക്കാണ് മധുചന്ദ്രൻ ചിക്കദേവയ്യ ഒരു യഥാർത്ഥ ദേവനായി വനന്ന് അവതരിച്ചത്. മൈസൂരിൽ നിന്ന് സുമാർ 40 കിലോമീറ്റർ അകലെ മാണ്ഡ്യയിൽ നിശബ്ദമായി അരങ്ങേറിയ ഒരു കാർഷിക വിപ്ലവത്തിനാണ് മധുചന്ദ്രൻ തുടക്കം കുറിച്ചത്. ഇന്ന് മാണ്ഡ്യയിലെ കൃഷിക്കാർ സംതൃപ്തരാണ്. അവരുടെ ജൈവ ഉത്പന്നങ്ങൾ മുന്തിയ വിലയ്ക്ക് വിറ്റുപോകുന്നു. അതിന് അവർ നന്ദി പറയുന്നത് മധുചന്ദ്രനോടാണ്. അമേരിക്കയിലെ ബഹുരാഷ്ട്ര കമ്പനിയിലെ ഉയർന്ന ജോലി രാജിവച്ച് ഇന്ത്യയിലെ ജൈവകൃഷി മേഖലയിലേയ്ക്ക് സ്വജീവിതം പറിച്ചു നട്ട യുവ ഐടി പ്രൊഫഷണൽ.

270 കർഷകരുടെ കൂട്ടായ്മയാണ് മാണ്ഡ്യ ഓർഗാനിക് ഫാർമേഴ്സ് കോഓപ്പറേറ്റിവ് സൊസൈറ്റി. അവർ സ്വന്തമായി കൃഷി ചെയ്യുന്നു. ഉത്പ്പന്നങ്ങൾ സഹകരണ സംഘത്തിലൂടെ ലാഭകരമായി വിൽക്കുന്നു. കൃഷിയിടത്തിനരികിൽ തന്നെ വില്പന ശാല തുറന്ന് ഉത്പന്നങ്ങൾ വിപണനം നടത്തി കാണിച്ചു കൊടുത്തത് മധു ചന്ദ്രനാണ്. തിരക്കേറിയ ബാംഗളൂർ - മൈസൂർ ഹൈവേയുടെ അരികിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഓർഗാനിക് മാണ്ഡ്യയുടെ വില്പന ശാലയിൽ ഇന്ന് വൻ തിരക്കാണ്. എല്ലാം ജൈവ ഉത്പ്പന്നങ്ങൾ - ഫാം ഫ്രഷ് പച്ചക്കറി, പരിപ്പ് വർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ. ഹൈവേയിൽ കൂടി യാത്ര ചെയ്യുന്ന എല്ലാവരും വാഹനങ്ങൾ നിർത്തി ഗുണനിലവാരമുള്ള ഉത്പ്പന്നങ്ങൾ മോഹ വില നല്കി വാങ്ങി കൊണ്ടു പോകുന്നു.

സ്വന്തം വയലിൽ കൃഷിചെയ്ത് സമാധാനത്തോടെ ജീവിക്കാനാണ് വലിയ ഉദ്യോഗവും പത്രാസും വലിച്ചെറിഞ്ഞ് മധു ചന്ദ്രൻ മാണ്ഡ്യയിൽ എത്തി



യത്. പക്ഷെ 37 വയസുള്ള ഈ യുവാവ് വന്നിറങ്ങിയത് കർഷക ആത്മഹത്യകളുടെ കഥകൾ ഉറക്കം കൊടുത്തുന്ന ഗ്രാമത്തിലേയ്ക്കാണ്. അതോടെയാണ് അവർക്കു വേണ്ടി ജീവിതം സമർപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചത്.

വിവിധ ഐടി കമ്പനികളിൽ ജോലി ചെയ്തിട്ടുള്ള മധുചന്ദ്രൻ 2005 ൽ സ്വന്തമായി വേരിഫയ സ്റ്റുഡിയോ എന്ന ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുകയുണ്ടായി. ഇന്ന് ലോകമെമ്പാടുമുള്ള സഹകരണ സ്ഥാപനങ്ങളിൽ ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നു. തൊഴിൽ മേഖലയിൽ ആഗ്രഹിച്ച നേട്ടങ്ങളെല്ലാം വെട്ടിപ്പിടിച്ച ആളാണ് മധുചന്ദ്രൻ. പക്ഷെ പിറന്ന ഗ്രാമത്തിന് എന്തെങ്കിലും നല്കാനുള്ള ആഗ്രഹവുമായി കൃഷിയോടുള്ള അഭിനിവേശവുമായി മടങ്ങിയെത്തുമ്പോൾ ഗ്രാമം കൃഷിയിൽ നിന്ന് അകന്നു തുടങ്ങിയിരുന്നു. അതായിരുന്നു പതിനഞ്ചു വർഷത്തിനു ശേഷം 2014 ഓഗസ്റ്റിൽ മധുചന്ദ്രൻ ഗ്രാമത്തിലെത്തുമ്പോഴത്തെ അവസ്ഥ. ഇസ്രയേൽ, യുകെ, ഫിലിപ്പീൻസ്, ആഫ്രിക്ക, അമേരിക്ക തുടങ്ങി വിവിധ രാജ്യങ്ങളിൽ ജോലി ചെയ്ത മധുവിന് അതൊരു പൂർണമായ പിൻ നടപ്പായിരുന്നു.

മാണ്ഡ്യയെ ഒരു സമ്പൂർണ ജൈവ ജില്ലയാക്കി മാറ്റാനുള്ള പദ്ധതികളാണ് അദ്ദേഹം പിന്നീട് ആവിഷ്കരിച്ചത്. വളരെ പ്രതീക്ഷയോടെ ഒരോ ചുവടും മുന്നോട്ടു വച്ചു. ആദ്യം ഒറ്റയ്ക്കായിരുന്നു യാത്ര. പിന്നീട് ഗ്രാമീണരായ കൃഷിക്കാർ മധുവിനു പിന്നിൽ അണിനിരന്നു.



ഇന്ന് ഒരു കൃഷിക്കാരനാണ് എന്നു പറയുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്റെ ജീവിതത്തിലെ ആരോഗ്യകരവും സന്തോഷപൂർണവുമായ ഒരു സ്വപ്നമാണ് ഇതുവഴി യാഥാർത്ഥ്യമായിരിക്കുന്നത്. മറ്റ് ഒരു തൊഴിലിനും ഇത്ര സംതൃപ്തി നല്കാൻ സാധിക്കില്ല. അതാണ് കൃഷി. നമ്മൾ നമ്മുടെ ജീവിതം മുഴുവൻ കടുത്ത മാനസിക സമ്മർദ്ദങ്ങളുള്ള തൊഴിലിൽ ഏർപ്പെട്ട് തിരക്കിൽ കഴിയുന്നു. സഹജീവികൾക്കായി ഒരു സഹായം ചെയ്യുന്നതിനെ കുറിച്ച് നമുക്ക് ചിന്തിക്കാൻ പോലും സമയം ലഭിക്കുന്നില്ല. ഇന്ന് ഞാൻ ആ സന്തോഷം അനുഭവിക്കുന്നു. മാണ്ഡ്യ ജില്ലയെ മുഴുവൻ അടുത്ത അഞ്ചു വർഷം കൊണ്ട് രാസകൃഷി വിമുക്ത മേഖലയാക്കി മാറ്റുകയാണ് എന്റെ അടുത്ത സ്വപ്നം. മധു ആത്മവിശ്വാസത്തോടെ പറയുന്നു.

ഇപ്പോൾ 45 തൊഴിലാളികൾ മധുവിന്റെ ഓർഗാനിക് ഫാമിലും ഷോപ്പിലുമായി ജോലി ചെയ്യുന്നു.


# ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | 3000 | 5000 | 5000 |
| ഫുൾ പേജ് - കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | 2000 | 3000 | 3000 |
| ക്വാർട്ടർ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | 1000 | 1500 | 1500 |
| പുറംകവർ ഉൾവശം - കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ - കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 12ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*



# ശീതളപാനീയ വിപണി കീഴടക്കാൻ അഗ്രിക്കോൾസിന്റെ സിപ് ഒ നട്ട്

സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി -11

സംസ്ഥാനത്ത് പൂർണമായും സ്വകാര്യ ഉടമസ്ഥതയിൽ രജിസ്റ്റർ ചെയ്യപ്പെട്ട പ്രഥമ കമ്പനിയുടെ ഇളനീർ സംസ്കരണ യൂണിറ്റ് പാലക്കാട് ജില്ലയിലെ മൂലക്കടയിൽ അടുത്ത മാസം ഉദ്ഘാടനം ചെയ്യും. മൂന്നു ഡയറക്ടർമാരും പത്ത് ഓഹരി ഉടമകളും മാത്രമുള്ള ഈ സ്വകാര്യ മേഖലാ കമ്പനിയുടെമൂലധനം 2.3 കോടി രൂപയാണ്.

കേരളത്തിന്റെ കാർഷിക വ്യവസായ ഭൂപടത്തിൽ സ്വന്തമായ സ്ഥാനം അടയാളപ്പെടുത്തിക്കൊണ്ട് പൂർണമായും സ്വകാര്യ മേഖലയിലുള്ള പ്രഥമ കമ്പനി പാലക്കാട് ജില്ലയിലെ വണ്ണാമടയ്ക്ക് സമീപം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. കരിക്കിൻവെള്ളം സംസ്ക്കരിച്ച് വിപണനം നടത്തുന്ന അഗ്രിക്കോൾസ് നാച്ചുറേൽസ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ പ്ലാന്റിൽ ട്രയൽ റൺ നടക്കുകയാണ് ഇപ്പോൾ. ഉത്പ്പന്നത്തിന്റെ ബ്രാൻഡ് നാമം സിപ് ഔട്ട്!

മൂലക്കടയിൽ സ്വന്തമായുള്ള ഒരേക്കർ സ്ഥലത്ത് 4000 ചതുരശ്ര അടി വിസ്തൃതിയിൽ നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്ന പ്ലാന്റിൽ ദിവസം 15000 കരിക്കിന്റെ വെള്ളം സംസ്കരിച്ച് കുപ്പികളിൽ നിറയ്ക്കാൻ ശേഷിയുണ്ട്. പൂർണമായും യന്ത്രവത്കൃതമായ പ്ലാന്റിൽ പത്ത് ജീവനക്കാർ മാത്രമേയുള്ളൂ. എല്ലാവരും സമീപപ്രദേശത്തു നിന്നു തന്നെയുള്ള സ്ത്രീ തൊഴിലാളികളാണ്. പകൽ സമയത്തു മാത്രമെ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം തുടക്കത്തിൽ ഉദ്ദേശിക്കുന്നുള്ളു. ജില്ലയി

**കേരളത്തിന്റെ കാർഷിക വ്യവസായ ഭൂപടത്തിൽ സ്വന്തമായ സ്ഥാനം അടയാളപ്പെടുത്തിക്കൊണ്ട് പൂർണമായും സ്വകാര്യ മേഖലയിലുള്ള പ്രഥമ കമ്പനി പാലക്കാട് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.**

ലെ നാളികേര കൃഷിയിടങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുന്ന കരിക്ക് പ്ലാന്റിൽ കൊണ്ടുവന്ന് 24 മണിക്കൂറിനുള്ളിൽ സംസ്കരിക്കാനുള്ള സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. കൊഴിഞ്ഞാമ്പാറ, മുതലമട തുടങ്ങി സമീപ പ്രദേശങ്ങളിലെ നാളികേര കർഷകരുമായി കരിക്ക് സംഭരണം സംബന്ധിച്ച് ധാരണയിൽ എത്തിക്കഴിഞ്ഞതായി കമ്പനിയുടെ മാനേജിംങ് ഡയറക്ടർ ടി സതീഷും, ഡയറക്ടർ വിജയരാഘവനും വിശദീകരിച്ചു. ആറു മുതൽ എട്ടു മാസം വരെ മൂപ്പുള്ള കരിക്കുകൾ സംഭരിച്ച് അതിൽ നിന്നുള്ള വെള്ളമാണ് കമ്പനി സംസ്ക്കരിച്ച് പായ്ക്ക് ചെയ്യുന്നത്. കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന കരിക്കിന് അതത് കാലങ്ങളിലെ വിപണിനിരക്കനുസരിച്ച് വില നിശ്ചയിക്കും. പാലക്കാട് നാളികേര ഉത്പാദക കമ്പനി ഭാരവാഹികളുമായും അഗ്രിക്കോൾസ് അധികൃതർ കരിക്ക് സംഭരണം സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. തെങ്ങിൽ നിന്ന് കരിക്ക് കുലയോടെ, ക്ഷതമേൽക്കാതെ കെട്ടി ഇറക്കി കമ്പനിയിൽ എത്തിക്കേണ്ട ഉത്തരവാദിത്വം കർഷകർക്കാണ്.

ഇളനീർ സംസ്കരണത്തിന് മൈസൂറിലെ ഡിഎഫ്ആർഎൽ -ന്റെ സാങ്കേതിക വിദ്യയാണ് അഗ്രിക്കോൾസ് നാച്ചുറേൽസ് കമ്പനി ഉപയോഗിക്കുന്നത്. നാലു ലക്ഷം രൂപയ്ക്ക് ഈ സാങ്കേതിക വിദ്യ കമ്പനിക്ക് ഡിഎഫ്ആർഎൽ കൈമാറി കഴിഞ്ഞു. ഈ സാങ്കേതിക വിദ്യയുടെ വികസനത്തിൽ പങ്കാളിത്തമുള്ളതിനാൽ നാളികേര വികസന ബോർഡു വഴിയാണ് കൈമാറ്റ ഏർപ്പാടുകൾ നടന്നത്. നാളികേര വികസന ബോർഡിൽ നിന്നുള്ള സബ്സിഡിയുടെ ആദ്യ ഗഡുവും കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യത്തിന്റെ (എസ്എഫ്എസി) വെഞ്ചർ ക്യാപ്പിറ്റൽ പിന്തുണയും കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. ഐഎസ്ഒ 22000, ഹാസപ്പ് (എച്ച്എസിസിപി) എന്നീ ഗുണമേന്മാ നിലവാരത്തിലാണ് കമ്പനിയുടെ നിർമ്മാണവും പ്രവർത്തനവും. കേരളത്തിൽ ഇത് ആദ്യമായാണ് ഇത്തരം ഉത്പ്പന്നവുമായി ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സ്ഥാപിതമാകുന്നത്.

സംസ്കരണ യൂണിറ്റിൽ ഒരു പ്രവൃത്തി മാത്രമെ ജോലിക്കാർക്കുള്ളു- വൃത്തിയായി കഴുകി തുടച്ച കരിക്ക് എടുത്ത് ആദ്യത്തെ മെഷീനിൽ വച്ച് കൊടുക്കണം. ബാക്കി ജോലികളെല്ലാം യന്ത്രങ്ങൾ ചെയ്തുകൊള്ളും. കരിക്ക് പൊട്ടിക്കാതെ സിറിഞ്ച് സംവിധാനം ഉപയോഗിച്ച് വെള്ളം വലിച്ചെടുത്ത് പാസ്ചറൈസ് ചെയ്ത ശേഷം 200 മില്ലി പോളി പ്രൊപ്പലൈൻ കുപ്പികളിൽ

നിറച്ച് 12 എണ്ണം വീതമുള്ള കാർട്ടണുകളിലാക്കി പുറത്ത് എത്തിക്കുന്ന മെഷീൻ സംവിധാനം പൂർണമായും കമ്പ്യൂട്ടർ നിയന്ത്രിതമാണ്. 85 ലക്ഷം രൂപ വിലവരുന്ന യൂണിറ്റിലെ യന്ത്രോപകരണങ്ങളുടെ രൂപകല്പനയും നിർമ്മാണവും നിർവഹിച്ചിരിക്കുന്നത് കോയമ്പത്തൂർ കേന്ദ്രമായുള്ള എയ്സ്പായ്ക്ക് മെഷിൻസ് എന്ന സ്ഥാപനമാണ്. പാസ്ചറൈസ് ചെയ്യുന്നതിനു മുമ്പായി ഉത്പ്പന്നത്തിന്റെ ഗുണനിലവാരം പരിശോധിച്ച് രുചി (പഞ്ചസാരയുടെ അളവ്) ഏകീകരിക്കും. കാരണം തെങ്ങുകളുടെ ഇനം, അവ വളരുന്ന പ്രദേശം, കാലാവസ്ഥ, പ്രായം ഇതെല്ലാമനുസരിച്ച് ഇളനീരിന്റെ രുചിയിൽ നേരിയ മാറ്റമുണ്ടായിരിക്കും. ഇതല്ലാതെ മറ്റ് ഒരു വിധ രാസവസ്തുക്കളോ പ്രിസർവേറ്റീവ്സോ ഉത്പ്പന്നത്തിൽ ചേർക്കുന്നില്ല. സാധാരണ ഊഷ്മാവിൽ ഈ ഉത്പന്നത്തിന് ഒൻപതു മാസം വരെ ഷെൽഫ് ലൈഫ് ഉണ്ട് എന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.

ഇളനീർ ശേഖരിച്ച ശേഷം പുറംതള്ളുന്ന കരിക്ക് അതേപടി ഉണക്കി പാസ്ചറൈസിങ് യൂണിറ്റിനാവശ്യമായ ഇന്ധനമാക്കി മാറ്റുന്നു. അതിനാൽ ഒരു തരത്തിലുമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നുമില്ല. മാലിന്യങ്ങൾ ഇല്ലാത്ത നാട്ടിൻപുറത്ത് പ്രവർത്തിക്കുന്ന കമ്പനിക്ക് ആവശ്യമായ ശുദ്ധജലം മുഴുവൻ കമ്പനി വളപ്പിൽ സ്ഥിതി ചെയ്യുന്ന കിണറ്റിൽ നിന്നാണ് സംഭരിക്കുന്നത്. കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ലൈസൻസും മറ്റ് എല്ലാ രേഖകളും ലഭിച്ചതായും ഡയറക്ടർമാർ അറിയിച്ചു. ഉത്പ്പന്നത്തിൽ 40 ശതമാനം വിദേശ വിപണിയാണ് ലക്ഷ്യമിടുന്നത്. സൗദി, യുഎഇ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ഇതിനോടകം അന്വേഷണങ്ങൾ വരുന്നുണ്ട്. കൂടാതെ ആഭ്യന്തര വിപണനത്തിനായി രാജ്യത്തെ പ്രധാന നഗരങ്ങളായ ഡൽഹി, മുംബൈ, പൂനെ എന്നിവിടങ്ങളിൽ നിന്നെല്ലാം വിതരണക്കാർ കമ്പനിയുമായി കരാർ ഒപ്പുവച്ചു കഴിഞ്ഞു.




ഏകദേശം 2.3 കോടി രൂപ മൂലധന നിക്ഷേപമുള്ള കമ്പനിയിൽ 12 ഓഹരി ഉടമകളും മൂന്ന് ഡയറക്ടർമാരുമാണ് ഉള്ളത്. ഓഹരി ഉടമകൾ തൃശൂരും പരിസരങ്ങളിലുമുള്ള പ്രൊഫഷണലുകളാണ്. അവരിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർ, എൻജിനീയർമാർ, അഭിഭാഷകർ തുടങ്ങി എല്ലാ മേഖലകളിലും പ്രവർത്തിക്കുന്നവരുണ്ട്. ഡയറക്ടർമാരായ സതീഷും വിജയരാഘവനും കുടുംബാംഗങ്ങളാണ്. സതീഷ് വിദേശത്ത് ഭക്ഷ്യസംസ്കരണ മേഖലയിൽ 18 വർഷത്തെ അനുഭവ പരിചയമുള്ള സംരംഭകനാണ്. വിജയരാഘവനാകട്ടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് അസിസ്റ്റന്റ് ജനറൽ മാനേജരായി വിരമിച്ച സാമ്പത്തിക വിദഗ്ധനും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തൃശൂർ എസ്എംഇ ശാഖയിൽ നിന്നാണ് കമ്പനിക്ക് പ്രവർത്തന മൂലധനത്തിനുള്ള വായ്പ ലഭിച്ചിരിക്കുന്നത്. ■

*കൂടുതൽ വിവരങ്ങൾക്ക് –*
*ടി.സതീഷ്, ഫോൺ: 91 98462 33638*


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക – ഇംഗ്ലീഷ്) | 60 രൂ. | 1600 രൂ. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 രൂ. | 5000 രൂ. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക – മലയാളം) | 40 രൂ. | 1000 രൂ. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം – ഹിന്ദി) | 40 രൂ. | 1000 രൂ. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം – കന്നഡ) | 40 രൂ. | 1000 രൂ. |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം – തമിഴ്) | 40 രൂ. | 1000 രൂ. |

*ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്ക്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.*

***വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം***

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും*
*താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*
***ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി – 682 011.***

# ചങ്ങാതിക്കൂട്ടത്തിലൂടെ സംഭവിച്ച യുവജനമുന്നേറ്റം

**ഫാ. സുനിൽ പെരുമാനൂർ**

നാളികേര വികസന ബോർഡ് ചെറുകിട കർഷകർക്കും, തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കും, തൊഴിൽ ഉറപ്പും, തെങ്ങ് കൃഷിയുടെ പുനരുദ്ധാരണവും, ലക്ഷ്യമിട്ട് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിൽ മലബാർ സോഷ്യൽ സർവ്വീസ് സെസൈറ്റി പങ്കാളിയാവുന്നത് 2012 ലാണ്. ഈ കാലയളവിനുള്ളിൽ കണ്ണൂർ, കാസർഗോഡ് ജില്ലയിലായി ഏതാണ്ട് രണ്ടായിരത്തിൽ അധികം വരുന്ന യുവാക്കളും, സ്ത്രീകളും, ചെറുകിട കർഷകരുമായുള്ള വലിയൊരു വിഭാഗം ചങ്ങാതിക്കൂട്ടം പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളാവട്ടെ പുതിയ ഒരു തൊഴിൽ മേഖല തുറന്നു കിട്ടിയതിന്റെ ആഹ്ളാദത്തിലുമാണ്. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പരിശീലന കേന്ദ്രത്തിൽ വച്ചു നടന്ന ചങ്ങാതിക്കൂട്ടം പദ്ധതിയുടെ രണ്ടാം ബാച്ചിൽ നിന്നും പരിശീലനം നേടിയ വ്യക്തിയാണ് ജെസ്റ്റിൻ ബേബി. കണ്ണൂർ ജില്ലയിലെ പടിയൂർ പഞ്ചായത്തിലെ തിരൂർ സ്വദേശിയായ ജെസ്റ്റിന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്കുള്ള നാന്ദി കുറിക്കലായിരുന്നു. പരിശീലന പരിപാടി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ അംഗമായതുകൊണ്ട് തന്നെ ഭാവിയെപ്പറ്റിയുള്ള ആശങ്കകളിൽ ജീവിച്ചിരുന്ന ജെസ്റ്റിന് തന്റെ തൊഴിൽ മേഖല ഏതെന്ന് കാര്യത്തിലെ അവ്യക്തത മാറിയത് ഈ പരിശീലന പരിപാടിയിലൂടെയാണ്.

പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ജെസ്റ്റിന് തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ചു. തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ചതോടൊപ്പം തന്നെ മറ്റുള്ളവർക്ക് തെങ്ങ്കയറ്റ പരിശീലനവും നൽകി വരുന്നു. ജെസ്റ്റിനെപ്പോലെ നിരവധി ആളുകളാണ് ഇന്ന് തെങ്ങു കയറ്റം തൊഴിലായി സ്വീകരിച്ചിരിക്കുന്നത്. അതുവഴി തെങ്ങു കയറ്റത്തിനുള്ള കൂലി ഒരു തെങ്ങിന് 30 രൂപയിൽ നിന്ന് 25 രൂപയായി നിജപ്പെടുത്താനും സാധിച്ചിട്ടുണ്ട്. ഇത് ചെറുകിട തെങ്ങു കർഷകർക്ക് പകരുന്ന ആശ്വാസം ചെറുതല്ല. ഇന്ന് ജെസ്റ്റിൻ ഒരു ദിവസം 50ഓളം തെങ്ങുകൾ കയറാൻ സാധിക്കുന്നുണ്ട്. ശരാശരി 1250 രൂപ വരുമാനം ലഭിക്കുന്നു. ഇത് ജെസ്റ്റിന്റേയും കുടുംബത്തിന്റേയും സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളിൽ വലിയ പുരോഗതിയാണ് നേടിക്കൊടുത്തിരിക്കുന്നത്.

ജെസ്റ്റിന്റെ അഭിപ്രായത്തിൽ നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന ഈ തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ പങ്കാളികളാവുന്ന എല്ലാവരുടേയും ജീവിതത്തിൽ പുരോഗമനപരമായ മാറ്റങ്ങൾ സംഭവച്ചിരിക്കുന്നു. തനിക്ക് വന്നു ചേർന്ന ഈ പുരോഗതിയിൽ നാളികേര വികസന ബോർഡിനും, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കും ജെസ്റ്റിൻ വളരെയധികം നന്ദിയും കടപ്പാടും അറിയിക്കുകയും ചെയ്തു.





# കാർഷിക മേഖലയിൽ പ്രതീക്ഷയുമായി 20/20

**സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി**

തന്റെ ഗാർമെന്റ് വ്യവസായത്തിന്റെ ബ്രാൻഡിംങ്ങിൽ പോലും സ്വന്തം ഗ്രാമത്തിന്റെ പേര് കൂട്ടിച്ചേർത്ത ക്രാന്തദർശിയിരുന്നു കിറ്റെക്സ് സ്ഥാപകൻ ജേക്കബ്ബേട്ടൻ. കിഴക്കമ്പലം ടെക്സ്റ്റയിൽസ് എന്നത് ചുരുക്കിയതാണ് കിറ്റക്സ്. പിന്നീട് ജേക്കബ്ബേട്ടന്റെ വ്യവസായ മണ്ഡലം വളരെ വികസിച്ചു, വളർന്നു. കിറ്റക്സിനോടനുബന്ധിച്ച് അന്ന അലുമിനിയം, സാറാസ് കോണ്ടിമെന്റ്സ് അങ്ങനെ വൈവിധ്യമാർന്ന തലങ്ങളിലേയ്ക്ക് ആ വ്യവസായ സാമ്രാജ്യം വികസിച്ചു. അപ്പോഴും അദ്ദേഹത്തിന്റെ ഹൃദയത്തിൽ കിഴക്കമ്പലം ഉണ്ടായിരുന്നു. വ്യവസായങ്ങൾക്കൊപ്പം ഗ്രാമവും വളരണം എന്നതായിരുന്നു ജേക്കബ്ബേട്ടന്റെ വികസന സങ്കല്പം. അതിനായി അദ്ദേഹം വളരെ യത്നിച്ചു. പക്ഷെ കലുഷിതമായ രാഷ്ട്രിയ പശ്ചാത്തലം അതിന് അനുവദിച്ചില്ല. പല വ്യവസായ യൂണിറ്റുകളും അന്യ സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. അത് അന്ന് നിലനില്പിന്റെ പ്രശ്നം കൂടിയായിരുന്നു.

വർഷങ്ങൾക്കു ശേഷം അടുത്ത തലമുറ കിറ്റക്സ് ഗ്രൂപ്പിന്റെ നേതോത്വത്തിലേയ്ക്ക് വന്നപ്പോൾ അവരുടെ മനസിൽ നാടിന്റെ വികസനം സംബന്ധിച്ച് പിതാ

**വ്യവസായങ്ങൾക്കൊപ്പം ഗ്രാമവും വളരണം എന്നതായിരുന്നു ജേക്കബ്ബേട്ടന്റെ വികസന സങ്കല്പം. അതിനായി അദ്ദേഹം വളരെ യത്നിച്ചു. പക്ഷെ കലുഷിതമായ രാഷ്ട്രിയ പശ്ചാത്തലം അതിന് അനുവദിച്ചില്ല.**





*സാബു ജേക്കബ് - എന്നും ജനങ്ങൾക്കൊപ്പം*

വ് പുലർത്തിയിരുന്ന കാഴ്ച്ചപ്പാടുകളുടെ മങ്ങാത്ത ചിത്രങ്ങളുണ്ടായിരുന്നു.

രാഷ്ട്രിയത്തിന്റെ നീരാളിക്കൈകളിൽ നിന്ന് ഗ്രാമവികസനത്തെ എങ്ങനെ രക്ഷിക്കാമെന്ന അവരുടെ ചിന്തയിൽ ഉദിച്ച ഒരു പരീക്ഷണമാണ് ട്വന്റി ട്വന്റി. എറണാകുളം ജില്ലയിലെ കിഴക്കമ്പലം പഞ്ചായത്തിൽ പരീക്ഷിച്ച് വിജയിച്ച ഈ ജനാധിപത്യ മാതൃക കേരളത്തിലും ഇന്ത്യയിലും അനുകരിക്കപ്പെട്ടേക്കാവുന്ന മോഡലായി ജനങ്ങൾ ഉറ്റുനോക്കുന്നു. ജനങ്ങൾക്കു വേണ്ടി ജനങ്ങൾ നടത്തുന്ന ഭരണം. യഥാർത്ഥ ജനാധിപത്യം. രാഷ്ട്രിയക്കാരുടെ ചൂഷണത്തിനും അഴിമതിക്കുമെതിരെ ഒരു നാട്ടിലെ ജനങ്ങൾ ഒറ്റക്കെട്ടായി നടത്തിയ മുന്നേറ്റം. ഇതിൽ കടപുഴകി വീണത് അഴിമതിയുടെ മുഖംമൂടികളായിരുന്നു. കിറ്റെക്സ് എന്ന വ്യവസായ സ്ഥാപനത്തിന്റെ കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റിയുടെ ബലത്തിൽ വികസനത്തിനായി കിഴക്കമ്പലം എന്ന പഞ്ചായത്ത് ഉണരുകയായിരുന്നു. കേരളത്തിന്റെ ബിസിനസ് ഭൂപടത്തിൽ മാത്രം സ്ഥാനം പിടിച്ചിരുന്ന കിഴക്കമ്പലം ഇതാ സംസ്ഥാനത്തിന്റെ രാഷ്ട്രിയ ചരിത്രത്തിലും അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കേരളത്തിലെ പ്രബലമായ രണ്ടു രാഷ്ട്രിയ മുന്നണികളെയും തറപറ്റിച്ചുകൊണ്ട് ട്വന്റി ട്വന്റി എന്ന ജനകീയ കൂട്ടായ്മയുടെ സ്ഥാനാർത്ഥികൾ ഒന്നൊഴിയാതെ വിജയിച്ചുകൊണ്ട് പഞ്ചായത്ത് ഭരണം പിടിച്ചെടുത്തു.

ശാസ്ത്രീയവും സമഗ്രവുമായ വികസനത്തിലൂടെ ഇന്ത്യയിലെ 272000 പഞ്ചായത്തുകളിൽ വച്ച് ഒന്നാമത്തെ പഞ്ചായത്താക്കി കിഴക്കമ്പലത്തെ മാറ്റുക എന്നതാണ് പുതിയ പഞ്ചായത്ത് ഭരണസമിതിയുടെ ലക്ഷ്യം.ഇത് ഒരു ദിവസം കൊണ്ടു സംഭവിച്ച അത്ഭുതമൊന്നും അല്ല. ഈ ചരിത്രവിജയത്തിനു പിന്നിൽ കിഴക്കമ്പലത്തെ ഒരു പറ്റം വികസന കാംക്ഷികളുടെ കഴിഞ്ഞ രണ്ടു വർഷത്തെ കഠിനാധ്വാനവും തപസും ഉണ്ട്. കുടിവെള്ളത്തിനുവേണ്ടി, ഒരു കിടപ്പാടത്തിനു വേണ്ടി, ഒരു തുണ്ടു ഭൂമിക്കു വേണ്ടി, ഒരു തൊഴിലിനു വേണ്ടി രാഷ്ട്രിയ പാർട്ടികളുടെ ആജ്ഞാനുവർത്തികളായി നടന്ന് നടന്ന് കാലു



തേഞ്ഞ കിഴക്കമ്പലം കാരുടെ രോഷത്തിൽ നിന്നാണ് ട്വന്റി ട്വന്റിയുടെ ഉദയം. ഇതിനു മുന്നിൽ കിറ്റക്സ് ഗ്രൂപ്പിന്റെ ഇപ്പോഴത്തെ എംഡി സാബു ജേക്കബ് എന്ന പ്രതിഭാധനനായ ചെറുപ്പക്കാരന്റെ നിശ്ചയദാർഢ്യവും പിതാവിൽ നിന്നു ലഭിച്ച ദിശാബോധവും ഉണ്ടായിരുന്നു

മൂന്നു വർഷം മുമ്പ് സാബു ജോക്കബിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഒരു സംഘം വികസന മോഹികളാണ് 20/20 ന്റെ ശക്തി. എല്ലാ വികസന പ്രവർത്തനങ്ങൾക്കും പ്രതിബന്ധമായി മാത്രം നില്ക്കുന്ന പഞ്ചായത്ത് ഭരണത്തിനെതിരെ ജനങ്ങളെ ഒപ്പം നിർത്തിക്കൊണ്ട് 20/20 രംഗത്തിറങ്ങി. കാർഷിക മേഖലയിലേയ്ക്കാണ് അവർ ആദ്യം തിരിഞ്ഞത്. തരിശായി കിടന്ന നെൽപാടങ്ങളിൽ യന്ത്രങ്ങളുടെ സഹായത്തോടെ കൃഷിയിറക്കുകയാണ് ആദ്യം ചെയ്തത്. 480 ഏക്കർ പാടത്ത് വീണ്ടും നെൽകൃഷി പുനരുജ്ജീവിപ്പിച്ചു. കൂടാതെ 16000 ഞാലിപ്പൂവൻ വാഴ, 51000 നേന്ത്രവാഴ, 14000 ജാതി, മൂന്നാം വർഷം കായ്ക്കുന്ന 10000 ഡിഃടി തെങ്ങിൻ തൈകൾ,2000 റമ്പൂട്ടാൻ, 1500 പേര, 2000 മാവ്, 2000 മാംഗോസ്റ്റിൻ, 1600 സപ്പോട്ട, 1000 മുരിങ്ങ, 1000 കടപ്ലാവ്, 1000 കുടംപുളി കൂടാതെ എല്ലാ വീടുകളിലും അഞ്ചു ഗ്രോബാഗുകളിൽ വെണ്ട, പാവൽ, പച്ചമുളക്,മത്തൻ, പയർ, ചീര, വെള്ളരി, കുമ്പളം, പടവലം, വഴുതിന, കോവൽ, കറിവേപ്പ് തുടങ്ങിയവയുടെ ഏഴു ലക്ഷത്തോളം തൈകളും വിതരണം ചെയ്തു. ഈ കൃഷിക്കായി രണ്ടു കോടി എഴുപത്തിരണ്ടു ലക്ഷം രൂപ ഇതിനോടകം 20/20 ചെലവഴിച്ചു. ഇത് ഒരു സംരക്ഷണമാണ്. ജനങ്ങളിൽ ആത്മവിശ്വാസം വളർത്തി അവരെ വീണ്ടു കൃഷിയിലേയ്ക്ക് തിരികെ കൊണ്ടുവരിക. ഏതാനും വർഷങ്ങൾക്കു മുമ്പ് ബാങ്കിൽ നിന്ന് വായ്പഎടുത്ത് വാഴകൃഷി ചെയ്ത ഒരു ഗ്രാമീണൻ തന്റെ 800 നേന്ത്രവാഴകളും വേനൽക്കാറ്റിൽ നിലംപൊത്തിയപ്പോൾ മറ്റ് മാർഗ്ഗമില്ലാതെ കീടനാശിനി കുടിച്ച് ആത്മഹത്യാ ശ്രമം നടത്തി. അതൊരു വലിയ തിരിച്ചറിവായിരുന്നു. വായ്പ എന്ന കെണിയിൽ നിന്ന് കൃഷിക്കാരെ രക്ഷിക്കാൻ അത് പ്രേരണയായി. ഇന്ന് ആ മനുഷ്യൻ നല്ല കൃഷിക്കാരനാണ് – സാബു പറഞ്ഞു. ഞാലിപ്പൂവൻ വാഴ കൃഷിചെയ്ത് വാഴക്കുലയുമായി വിപണിയിലെത്തിയപ്പോൾ കായ്ക്ക് വിലയില്ല. മുഴുവൻ കുലകളും കിലോയ്ക്ക് 30 രൂപ നിരക്കിൽ 20/20 യുടെ ചന്തയിലിറക്കി. അത് മുഴുവൻ പഴുപ്പിച്ച് അതെ വിലയ്ക്ക് നാട്ടുകാർക്ക് തിരികെ നല്കി. ഞാലിപ്പൂവൻ പഴത്തിന് കിലോയ്ക്ക് 50 –60 രൂപ വിലയുള്ളപ്പോഴായിരുന്നു 20/20 യുടെ ഈ വിപണി ഇടപെടൽ.

ഗ്രാമത്തെ ഭക്ഷ്യസുരക്ഷയിലേയ്ക്ക് എത്തിക്കുകയായണ് ലക്ഷ്യം. വീട്ടിലെ ഉപയോഗം കഴിച്ചുള്ള പച്ചക്കറികൾ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന 20/20 യുടെ സ്വാശ്രയ വിപണിയിലേയ്ക്ക് വിലകൊടുത്ത് വാങ്ങിയും നാട്ടുകാരുടെ കൃഷിയെ പ്രോത്സാഹിപ്പിച്ചു. നിത്യോപയോഗ സാധനങ്ങൾ പകുതി വിലയ്ക്ക് ഈ വിപണിയിലൂടെ കിഴക്കമ്പലത്തെ വീടുകൾക്ക് ലഭ്യമാക്കിവരികയാണ്. ഇതുവഴി മാത്രം ഒരു കുടുംബത്തിന് പ്രതിവർഷം 25000 മുതൽ 50000 രൂപവരെ മിച്ചം പിടിക്കാൻ സാധിക്കുന്നു. ഒരു കുടുംബത്തിലെ ജീവിതച്ചെലവ് ഒരു മാസം വെറും ആയിരം രൂപയിലേയ്ക്ക് കൊണ്ടുവരികയാണ് ഈ വിപണിയുടെ ലക്ഷ്യം. ഏതാനും വർഷങ്ങൾക്കുള്ളിൽ കിഴക്കമ്പലത്തെ പഴം പച്ചക്കറിയുടെ ഒരു ഹബ് ആക്കി മാറ്റുക എന്നതാണ് 20/20 യുടെ ആഗ്രഹം. അതും വിഷരഹിതമായ ജൈവ പച്ചക്കറിയും പഴങ്ങളും മാത്രം വിളയിക്കുന്ന ഒരു പ്രദേശം എന്ന നിലയിൽ. 75 മുതൽ 100 കോടി വരെയാണ് ഇതിൽ നിന്ന് ഗ്രാമീണർ വരുമാനം പ്രതീക്ഷിക്കുന്നത്.

വയലിൽ കൃഷി ആരംഭിച്ചതോടെ ഭൂഗർഭ ജനലിരപ്പ് ഉയരുകയും നാട്ടിലെ കുടിവള്ള ക്ഷാമം ഒരു പരിധി വരെ പരിഹരിക്കപ്പെടുകയും ചെയ്തു. കിഴക്കമ്പലം പഞ്ചായത്തിൽ ഇന്ന് കുടിവെള്ളമില്ലാത്ത ഒറ്റ വാർഡു പോലും ഇല്ല.

സ്വയം തൊഴിൽ പദ്ധതിയിലൂടെ 2800 ലീടുകളിൽ 14000 കോഴികൾ, 400 വീടുകളിൽ 2000 താറാവുകൾ, 2000 മലബാറി ആടുകൾ എന്നീ ഇനങ്ങളിൽ ഒരുകോടി നാല്പ്പത്തിയേഴുലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. മൂന്നു വർഷത്തിനിടെ 487 വീടുകളാണ് 20/20 നിർമ്മിച്ചു നല്കിയത്. 2020 ആകുമ്പോൾ വീടില്ലാത്ത ഒരാൾ പോലും കിഴക്കമ്പലത്ത് ഉണ്ടാവില്ല – സാബു ജേക്കബ് പറയുന്നു. പ്രധാന റോഡുകളുടെ വികസനം നടപ്പാക്കി നാടിന്റെ മുഖഛായ തന്നെ മാറ്റിക്കഴിഞ്ഞു. കുടിവെള്ളം, വീട് നിർമ്മാണം, ശുചിമുറികൾ, വൈദ്യുതീകരണം, ഭക്ഷ്യസുരക്ഷ,മരുന്ന് വിതരണം, റേഷൻ സമ്പ്രദായം,ആരോഗ്യമേഖല,സൗജന്യ ശസ്ത്രക്രിയകൾ,ഡയാലസിസ്, ആംബുലൻസ് സർവീസ്, മരണാനന്തര സഹായം, ലഹരി നിർമ്മാർജ്ജനം, ദുരിതാശ്വാസം, വിള ഇൻഷുറൻസ്,വിവാഹ സഹായം,വിദ്യാഭ്യാസം, കായിക രംഗം തുടങ്ങി പഞ്ചായത്തിന്റെ എല്ലാ തലങ്ങളിലും കഴിഞ്ഞ മൂന്നു വർഷം 20/20 ഇടപെട്ടു. ആ ഇടപെടലുകളിലൂടെ അവർ നാടിന്റെ രക്ഷകരായി മാറി.

4800 പേർ അടങ്ങുന്ന ഒരു പ്രവർത്തക സമിതിയാണ് പഞ്ചായത്തിൽ 20/20 യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഓരോ വാർഡിലും 200 പേരുടെ പ്രവർത്തക സമിതിയും 50 പേരുടെ നിർവാഹക സമിതിയും ഉണ്ട്. പഞ്ചായത്ത് തലത്തിൽ 20 പേരുടെ ഉന്നത സമിതി. ഇവരാണ് 20/20 യുടെകാര്യങ്ങൾ നിയന്ത്രിക്കുന്നത്.

***പ്രധാനമായും മുൻഗണന കൊടുക്കുന്ന 20 മേഖലകൾ***

*കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കും. എന്റെ വീട് പദ്ധതിയിലൂടെ അർഹതപ്പെട്ട എല്ലാവർക്കും വീടുകൾ നിർമ്മിച്ചു കൊടുക്കും. എല്ലാ വീടുകളിലും വൈദ്യുതിയും കക്കൂസ് സൗകര്യങ്ങളും ഉറപ്പ് വരുത്തും. ഭക്ഷ്യ സുരക്ഷാ പദ്ധതിയിലൂടെ നിത്യോപയോഗ സാധനങ്ങൾ പകുതി വിലയ്ക്ക് നൽകും. വിലക്കയറ്റം പിടിച്ചു നിർത്തും. പട്ടിണി തുടച്ചു നീക്കും. കുട്ടികൾക്കും ഗർഭിണികൾക്കും പ്രത്യേക പോഷകാഹാര പദ്ധതി നടപ്പിലാക്കും. നിർദ്ധനരും നിരാലംബരും ആയവർക്ക് സൗജന്യമായി ഭക്ഷണവും മരുന്നും എത്തിച്ചുകൊടുക്കും. എറണാകുളം ചോയ്സ് സ്ക്കൂളിന്റെയും രാജഗിരി സ്ക്കൂളിന്റേയും നിലവാരത്തിലുള്ള ഒരു സ്ക്കൂൾ കിഴക്കമ്പലത്ത് പണിതുയർത്തും. അധികാരമുള്ളവനും, അധികാരമില്ലാത്തവനും, തുല്യ നീതി ഉറപ്പാക്കും. അഴിമതി പൂർണ്ണമായും തുടച്ചു നീക്കും. കിഴക്കമ്പലത്തെ ഒരു ലഹരി മുക്ത പഞ്ചായത്താക്കി മാറ്റും. തരിശായി കിടക്കുന്ന എല്ലാം കൃഷിയിറക്കിയും മത്സ്യം, കോഴി, താറാവ്, ആട്, പശു വളർത്തൽ പ്രോത്സാഹിപ്പിക്കും. നമുക്ക് ആവശ്യമുള്ള പച്ചക്കറികളും, പഴവർഗ്ഗങ്ങളും, നാണ്യ വിളകളും, ... മത്സ്യം, മുട്ട, പാൽ എന്നിവ വിഷമയമില്ലാതെ ഇവിടെ തന്നെ ഉത്പാദിപ്പിച്ച് സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പൂർണ്ണമായും ഒരു മാലിന്യ വിമുക്ത പഞ്ചായത്ത് ആക്കി മാറ്റും.പ്രധാന റോഡുകൾ എല്ലാം റബറൈസ്ഡ് ടാറിംഗ് ചെയ്തും ചെറിയ റോഡുകൾ എല്ലാം ടൈൽ വിരിച്ചും എന്നും സുരക്ഷിതവും സുഖപ്രദവും ആയ രീതിയിൽ സഞ്ചാരയോഗ്യമാക്കും. സിനിമാ തീയറ്ററുകൾ, കുട്ടികളുടെ കളിസ്ഥലങ്ങൾ തുടങ്ങിയവ നിർമ്മിച്ചും റോഡ്, നടപ്പാതകൾ, പാർക്കിംഗ് സ്ഥലങ്ങൾ, പബ്ലിക് ടോയ്‌ലറ്റുകൾ, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തിയും കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചും ചെറുകിട വൻകിട വ്യാപാരികളുടെ വരുമാനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കിഴക്കമ്പലം പഞ്ചായത്തു മുഴുവനായും സൗജന്യ വൈ – ഫൈ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയും എല്ലാ വീടുകളിലും കുറഞ്ഞ ചെലവിൽ ഇന്റർ നെറ്റ് പഞ്ചായത്താക്കി മാറ്റും.*



# കാളിയാറിന്റെ തീരത്തെ ജാതിത്തോട്ടം

ആബെ ജേക്കബ്
നാളികേര വികസന ബോർഡ്, കൊച്ചി

**തെങ്ങുമായി ഏറ്റവും സൗഹൃദത്തിൽ വളരുന്ന ഇടവിളയാണ് ജാതി. സ്വന്തം തോട്ടത്തിലെ അത്യുത്പാദന ശേഷിയുള്ള ജാതി സംരക്ഷിച്ച് പ്രവർദ്ധനം നടത്തി കേന്ദ്ര ഗവൺമെന്റിന്റെ പുരസ്കാരം നേടിയ ജോസി കൊച്ചുകുടി എന്ന കർഷക പ്രതിഭയെയും,അദ്ദേഹം കണ്ടെത്തി വികസിപ്പിച്ച് സ്വന്തം കുടുംബനാമം നല്കി പ്രചരിപ്പിക്കുന്ന ജാതി ഇനത്തെയും കുറിച്ച്...**

തൊടുപുഴയ്ക്ക് സമീപം കലൂർ ഗ്രാമത്തിലെ പുരാതനമായ കൊച്ചുകുടി കുടുംബം തലമുറകളായി കൃഷിക്കാരാണ്. ഗ്രാമത്തെ ഫലപുഷ്ടമാക്കുന്ന കാളിയാർപുഴ നെഞ്ചോട് ചേർത്ത് പിടിച്ചിരിക്കുന്ന ഒരു കൃഷിയിടവും അതിലെമ്പാടും തഴച്ചു വളരുന്ന ജാതിമരങ്ങളുമാണ് ആ തറവാടിന്റെ ഐശ്വര്യം. ജാതി തോട്ടം കാണാൻ എല്ലാ വർഷവും വിദേശത്തു നിന്നു സഞ്ചാരികളും സ്പൈസസ് ബോർഡിലും കാർഷിക സർവകലാശാലയിലും നിന്നും ശാസ്ത്രജ്ഞരുമെത്തും. ആ കൃഷിയിടത്തിൽ നിന്ന് നിരന്തര നിരീക്ഷണ പരീക്ഷണങ്ങളിലൂടെ അത്യുത്പാദന ശേഷിയുള്ള ജാതിച്ചെടി കണ്ടെത്തി വികസിപ്പിച്ചു എന്നതാണ് യുവ കർഷകനായ ജോസിയെ അഖിലേന്ത്യാ പ്രശസ്തനാക്കിയത്. ഇതിനാണ് നാഷണൽ ഇന്നൊവേറ്റീവ് ഫൗണ്ടേഷന്റെ 2015 ലെ പുരസ്കാരം.

അത്യുത്പാദനശേഷിയുള്ള ഈ അപൂർവ ഇനം ജാതിക്ക് സ്വന്തം വീട്ടുപേരുതന്നെ നല്കി സംരക്ഷിച്ച്, പ്രചരിപ്പിച്ചതിന് 2010 ലെ പ്ലാന്റ് പ്രൊട്ടക്ഷൻ അവാർഡും ജോസിക്ക് ലഭിച്ചിരുന്നു. ഞാറയ്ക്കലുള്ള കൃഷി വിജ്ഞാൻ കേന്ദ്രമാണ് അതിനു ശിപാർശ ചെയ്തത്. ഈ വർഷത്തെ നാഷണൽ ഗ്രാസ്റൂട്ട് ഇന്നവേഷൻ അവാർഡിന് ജോസിയെ നാമനിർദ്ദേശം ചെയ്തത് പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയാണ്. കൂടാതെ ഐസിഎആർ പ്രസിദ്ധീകരിച്ച ഈ വർഷത്തെ മികച്ച 50 ഇന്ത്യൻ കർഷകരുടെ പട്ടികയിലും ജോസിയുണ്ട്.

മൂവാറ്റുപുഴ - തൊടുപുഴ സംസ്ഥാന പാതയിൽ പൈനാപ്പിൾ സിറ്റിഎന്ന് അറിയപ്പെടുന്ന വാഴക്കുളത്ത് നിന്ന് തിരിഞ്ഞ് സുമാർ 10 കിലോമീറ്റർ സഞ്ചരിച്ചാൽ എറണാകുളം ജില്ലയുടെ അതിർത്തി ഗ്രാമമായ കലൂരിലെത്താം. കാളിയാറിലെ ജലസമൃദ്ധിയിൽ അനുഗ്രഹീതമായ കാർഷിക മേഖല. തെങ്ങും റബറും കുരുമുളകും മത്സരിച്ച് വളരുന്ന പുരയിടങ്ങളിൽ പക്ഷെ ജാതിമരങ്ങൾക്കാണ് മേൽക്കോയ്മ. അതും കൊച്ചുകുടി. കലൂരിലും പരിസരങ്ങളിലുമായി മാത്രം




*ജോസി കൊച്ചുകുടി അവാർഡ് ഏറ്റുവാങ്ങുന്നു.*

ഇവ നാലായിരത്തിലധികം വരുമത്രെ. അതിന്റെ എത്രയോ ഇരട്ടി ജാതികളാണ് കൊച്ചുകുടി നഴ്സറിയിൽ നിന്ന് കേരളത്തിനകത്തും പുറത്തുമുള്ള കർഷകർ ആവേശപൂർവം കൊണ്ടുപോയി നട്ട് വളർത്തി ആദായമുണ്ടാക്കുന്നത്.

## കൊച്ചുകുടി ബ്രാൻഡ്

ഏകദേശം 40 വർഷം മുമ്പ് വാഴക്കുളത്ത് നിന്ന് കൊണ്ടുവന്ന കായ്കൾ മുളപ്പിച്ച് നട്ടാണ് ജോസിയുടെ പിതാവ് ജാതി കൃഷി ആരംഭിക്കുന്നത്. അതിൽ പന്ത്രണ്ട് ഇനങ്ങളിലായി 350 ജാതിമരങ്ങളുണ്ടായിരുന്നു. ഇതിൽ ഒരു മരം മാത്രമാണ് അത്യുത്പാദന ശേഷിയുള്ളതായി ജോസി നിരീക്ഷണത്തിലൂടെ തിരിച്ചറിഞ്ഞ് പ്രവർദ്ധനം നടത്തിയിട്ടുള്ളത്. സാധാരണ ജാതിക്ക 100 -140 എണ്ണം ഒരു കിലോയ്ക്ക് വേണമെന്നിരിക്കെ കൊച്ചുകുടിയുടെ 70 -80 ജാതിക്കായുണ്ടെങ്കിൽ ഒരു കിലോഗ്രാമായി. 350 പത്രിയുണ്ടെങ്കിൽ അതും ഒരു കിലോ. ഈ വൃക്ഷങ്ങളിൽ നിന്നാണ് കൊച്ചുകുടി ജാതി നഴ്സറിയിലേയ്ക്കുള്ള ബഡ് ശേഖരിക്കുന്നത്. കൂടാതെ സഹോദരന്മാരായ മാത്യു, കുര്യച്ചൻ, ജോർജ് എന്നിവരുടെ പുരയിടങ്ങളിലും ഈ ഇനം മരങ്ങളാണ്. അവയിൽ നിന്നും ജോസി ബഡ് വുഡ് ശേഖരിക്കാറുണ്ട്. ഇപ്പോൾ കുടുംബ വക 20 ഏക്കറിൽ ഇത്തരം 1000 മരങ്ങളുണ്ട്. കലൂർ മാർക്കറ്റിൽ ഈ ഇനം ജാതിക്കയ്ക്ക് കിലോയിൽ 30 രൂപ മേനി ലഭിക്കും. ഇവിടെ നിന്ന് സ്ഥിരമായി ജാതിക്ക വാങ്ങുന്നജർമ്മൻ കമ്പനിക്ക് കൊച്ചുകുടി ജാതിക്കയോടാണ് പഥ്യം.

കൊച്ചുകുടി ഒരിക്കലും സ്വന്തം ഇനത്തിന്റെ മഹിമ വാഴ്ത്താറില്ല. വർഷം പതിനായിരം കായ്ക്കുന്ന മരങ്ങളെ കുറിച്ചും മറ്റും പല നഴ്സറികളും വാചാലരാവാറുണ്ട്. പക്ഷെ കൊച്ചുകുടി ബ്രാൻഡിൽ അത്ര കായ് പിടുത്തം ഇല്ല. പത്താം വർഷം മൂവായിരം കായ് – വളരെ വിനീതനായി ജോസി പറയുന്നു. യഥാർത്ഥത്തിൽ 10000 വരെ കായ്ക്കുന്ന ഇനം മരങ്ങളൊക്കെ കൊച്ചുകുടി ഫാമിൽ ഉണ്ട്. പക്ഷെ അവയുടെ കായ്കൾക്ക് വലിപ്പവും തൂക്കവും കുറവാണ്. ഫാമിൽ കണ്ട മറ്റൊരു പ്രത്യേകത, ഒരേ മരത്തിൽ തന്നെ ആൺ-പെൺ പൂക്കൾ വിരിയുന്നു എന്നതാണ്. അപ്പോൾ കായ്പിടുത്തം കൂടും. അത് ബഡ്ഡിങ്ങിലെ തന്ത്രമാണ്.

## ജാതി തൈ നഴ്സറി

ഗുണമേന്മയാണ് കൊച്ചുകുടി ജാതിയുടെ മുഖമുദ്ര. മൂന്നു വർഷമേ ആയിട്ടുള്ളു ജോസി വ്യാവസായികാടിസ്ഥാനത്തിലുള്ള നഴ്സറി ബിസിനസിലേയ്ക്ക് കടന്നിട്ട്. നഴ്സറിക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ അംഗീകാരമുണ്ട്. ജാതി മാത്രം. ജാതി നഴ്സറി തുടങ്ങണമെന്ന ചിന്ത ഒരിക്കലും ജോസിക്ക് ഉണ്ടായിരുന്നില്ല. തോട്ടത്തിലെ ഒരു ജാതിമരത്തിന്റെ മാത്രം കായ്കൾക്ക് അസാധാരണ വലിപ്പവും ജാതിപത്രിക്ക് നല്ല തൂക്കവും കണ്ടു. അതിൽ നിന്ന് തൈകൾ ബഡ് ചെയ്ത് ആദ്യം 50 എണ്ണം സ്വന്തം പുരയിടത്തിൽ നട്ടു. ഇത് 1993 ൽ കായ്ച്ചു തുടങ്ങി. അതുകണ്ട് സുഹൃത്തുക്കളും ബന്ധുക്കളും ആശ്ചര്യപ്പെട്ടു. ചോദിച്ച എല്ലാവർക്കും കൊടുത്തു അത്തരം ബഡ് തൈകൾ. ആദ്യം ആ ഇനം മാത്രമായി കൃഷിചെയ്തത് ജ്യേഷ്ഠൻ ജോർജിന്റെ പുരയിടത്തിലാണ്. അതും മൂന്നാം വർഷം കായ്ച്ചു. അപ്പോൾ ആവശ്യക്കാർ വർധിച്ചു. അങ്ങനെയാണ് ജാതിയുടെ നഴ്സറി തുടങ്ങിയത് .

മൂന്നര ഏക്കർ വിസ്തൃതിയുള്ള കൊച്ചുകുടി നഴ്സറി നിറയെ വിവിധ പ്രായത്തിലുള്ള ബഡ്ജാതി തൈകളാണ്. ബഡ്ചെയ്ത് രണ്ടു വർഷം വളർച്ച നിരീക്ഷിച്ച ശേഷം മാത്രമെ ജോസി ജാതിതൈകൾ കൃഷിക്കാർക്ക് നല്കുകയുള്ളു. 2016 ഏപ്രിൽ വരെയുള്ള ബുക്കിംങ് കഴിഞ്ഞതായി ജോസി പറഞ്ഞു. നഴ്സറിക്ക് താങ്ങാവുന്ന ഒരു ശേഷിയുണ്ട്. അതിൽ കൂടുതൽഉത്പാദിപ്പിക്കാനാവില്ല. അല്ലാത്തപക്ഷം ഗുണമേന്മ പാലിക്കാൻ സാധിക്കില്ല. ഉത്തരവാദിത്വമില്ലാത്ത തൈകൾ കൊച്ചുകുടി നഴ്സറിയിൽ നിന്ന് വില്ക്കാറില്ല. ഗുണമേന്മ നിലനിർത്തുന്നതിനായി ജോസിയുടെ കർശനമായ നിരീക്ഷണത്തിൽ മാത്രമാണ് ബഡ്ഡിംങ് പോലും നടക്കുന്നത്. മാതൃവൃക്ഷങ്ങളിൽ നേരെ മുകളിലേയ്ക്കു വളരുന്ന കരുത്തുള്ള ശാഖകളാണ് ബഡ് വുഡ്ഡിനായി ശേഖരിക്കുക. മുകുളങ്ങൾ തെരഞ്ഞെടുക്കുന്നതിനുമുണ്ട് ചില മാനദണ്ഡങ്ങൾ. എല്ലാ മുകുളങ്ങളും ബഡ്ഡിങ്ങിന് ഉപയോഗിക്കുന്നില്ല. ഇതാണ് കൊച്ചുകുടി നഴ്സറിയുടെ ഗുണപരമായ വിജയ രഹസ്യവും.

നാടൻ ജാതിയിൽ ബഡ്ഡ് പിടിക്കാൻ അല്പം ബുദ്ധിമുട്ടാണ്. ആദ്യശ്രമത്തിൽ 40 ശതമാനം മാത്രമെ ബഡ്ഡ് പിടിക്കുകയുള്ളു. ബഡ്ഡ് പിടിക്കാത്ത തൈകൾ വീണ്ടും ചെയ്യും. മൂന്നു തവണ വരെ. അതു കഴിഞ്ഞാൽ ഉപേക്ഷിക്കും. എന്നാൽ കാട്ടുജാതിയിൽ ആദ്യശ്രമത്തിൽ തന്നെ 90 ശതമാനവും ബഡ് പിടിക്കും. പക്ഷെ സമതലങ്ങളിലെ കൃഷിക്ക് നാടൻ ജാതിയിലെ ബഡ് തൈകൾ തന്നെയാണ് മെച്ചം എന്ന് അനുഭവത്തിൽ നിന്ന് ജോസി പറയുന്നു. ഹൈറേഞ്ചിൽ കാട്ടുജാതി നല്ല വിളവ് തരുന്നുമുണ്ട്.

## സാമ്പത്തിക ശാസ്ത്രം

ഒരു ഏക്കറിൽ 65 ജാതി മരം. തെങ്ങിൻ തോട്ടത്തിലാണെങ്കിൽ നാല് തെങ്ങുകളുടെ നടുക്ക് ഒന്ന്. അതാണ് കണക്ക്. ഒരു മരത്തിൽ 3000 കായ്



ഉണ്ടാകുന്നു എന്നു കരുതുക. ഏകദേശം 40 കിലോ ജാതിക്കാ. ജാതിപത്രി 8 കിലോ. ഇന്നത്തെ വിലയനുസരിച്ച് 40 കിലോ കായ്ക്ക് 8000 രൂപ. പത്രിക്കും കിട്ടും അത്രയും. അങ്ങനെ ഒരു മരത്തിൽ നിന്ന് ഒരു വർഷം കുറഞ്ഞത് 16000 രൂപ വരുമാനം. ഒരു ഏക്കറിൽ 65 മരം ഉണ്ടെങ്കിൽ 10,40000 രൂപ. ഇത് പെരുപ്പിച്ച കണക്കാണ്. കാരണം ഒരേക്കറിൽ 65 നല്ല മരങ്ങൾ കാണണം എന്നില്ല. നന്നായി പരിപാലിക്കുന്ന തോട്ടങ്ങളിൽ അത്രയും ഉണ്ടാവും. എന്നാലും ഒരു ഏക്കറിൽ ശരാശരി 40 മരങ്ങൾ; അതിൽ നിന്ന് എങ്ങിനെയും ആറര ലക്ഷം രൂപ വരുമാനം. ഇതിൽ രണ്ടര ലക്ഷം ചെലവുകൾ എന്നു കരുതുക. ബാക്കി നാല് ലക്ഷം എന്നാലും ലാഭം. ഇതാണ് ജാതികൃഷിയിലെ ആദായത്തിന്റെ കണക്ക്.

## കൃഷിപരിപാലനം

ജാതിക്ക് വേനലിൽ വെള്ളം നിർബന്ധം. ജോസിയുടെ തോട്ടത്തിൽ ശാസ്ത്രീയമായ തുള്ളിനന സംവിധാനമാണ് സ്ഥാപിച്ചിട്ടുള്ളത്. വളമായി വർഷം 40 – 50 കിലോ ചാണകവളം ഒരോ മരത്തിനും നല്കുന്നു. കൂടാതെ രണ്ടു കിലോ വീതം എല്ലുപൊടിയും പൊട്ടാഷും. വളപ്രയോഗമോ നനയോ കുറഞ്ഞാൽ ജാതി ഒന്നിടവിട്ട വർഷങ്ങളിലേ ആദായം തരികയുള്ളൂ. അത് കൃഷിക്കാർക്ക് നഷ്ടമാണ്. തെങ്ങ്, റമ്പൂട്ടാൻ, മാംഗോസ്റ്റിൻ, നേന്ത്രവാഴ, കുരുമുളക് എന്നിവയാണ് കൊച്ചുകുടി ഫാമിലുള്ള ഇതര വിളകൾ. ഇവയുടെ ഇടയിലാണ് ജാതി വളരുന്നത്.

തെങ്ങ് എല്ലാം തന്നെ ഡിജെ യാണ്. ചെമ്പൻ ചെല്ലിയുടെ ഉപദ്രവം കൂടുതലുണ്ടെന്നാണ് ജോസിയുടെ അനുഭവം. വിളകളെ അതിസൂക്ഷ്മമായി നിരീക്ഷിക്കുന്ന ജോസി പറയുന്നു, ഈ പ്രദേശത്തെ ചില തെങ്ങുകൾ രോഗ പ്രതിരോധ ശേഷിയും അത്യുത്പാദന ശേഷിയും ഉള്ളവയാണ് എന്ന്. ഈ തെങ്ങുകളുടെ ഇലയും മടലും പച്ചനിറമാണ്. എന്നാൽ നാളികേരം മാത്രം ചെന്തങ്ങിന്റെ മാതിരി. പല പുരയിടങ്ങളിലെയും മിക്ക തെങ്ങുളെയും കാറ്റുവീഴ്ച ബാധിച്ചിട്ടും ഈ ഇനം മാത്രം കരുത്തോടെ വളരുന്നു. ഇത്തരം അനുഭവങ്ങളാണ് ജോസിയുടെ കൃഷിപാഠങ്ങൾ. എതു കാർഷിക വിളയെയും സസൂക്ഷ്മം നിരീക്ഷിക്കുക എന്നതാണ് ജോസിയുടെ രീതി. അതിൽ നിന്നുണ്ടായ നേട്ടമാണ് കൊച്ചുകുടി എന്ന ജാതി വംശവും.

*ജോസിയുടെ ഫോൺ – 9446010630*

# കത്തുകൾ

## ആർ ഹേലിയുടെ ലേഖനം

സർ,

ഞാൻ നാളികേര ജേർണലിന്റെ സ്ഥിരം വരിക്കാരനാണ്. ചേർത്തലയിൽ തണ്ണീർ മുക്കത്താണ് എന്റെ കുടുംബ വീട്. 62 സെന്റ് സ്ഥലത്തുണ്ടായിരുന്ന കുറച്ചു തെങ്ങുകളിൽ നിന്നും ലഭിച്ചിരുന്ന ആദായവും, കയർ പിരി മുതലായ അനുബന്ധ തൊഴിലുകളും കൊണ്ടാണ് ഞാൻ ഉദ്യോഗം ലഭിക്കുന്നതുവരെ ജീവിച്ചിരുന്നത്. കൃഷിയിൽ ഒട്ടേറെ താത്പര്യമുണ്ടായിരുന്നതുകൊണ്ട് അതെപ്പറ്റി ഒട്ടേറെ വായിച്ചു പഠിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. കുട്ടനാട്ടിലും എനിക്ക് നെൽകൃഷിയും 62 സെന്റ് സ്ഥലത്ത് തെങ്ങു കൃഷിയുമുണ്ട്. ഇത്രയും എഴുതിയത് സ്വയം പരിചയപ്പെടുത്തുവാൻ മാത്രം.

പ്രധാനമായും അറിയിക്കുവാനുള്ളത് 2015 നവംബറിലെ നാളികേര ജേണലിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളെപ്പറ്റിയാണ്. എല്ലാം തന്നെ വളരെയേറെ അറിവുകൾ പകർന്നു നൽകുന്നവയാണ്. അതിൽ ഏറ്റവും പ്രമുഖമായത് ശ്രീ. ആർ. ഹേലിയുടെ നാളികേര ഗവേഷണത്തിന്റെ നൂറു വർഷങ്ങൾ എന്ന ലേഖനമാണ്. തെങ്ങ് എന്ന കൽപ വൃക്ഷത്തിന്റെ എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്നത് ഒരു പാഠ പുസ്തകം പോലെ ഓരോ കാർഷിക വിദ്യാർത്ഥിയും, കർഷകനും, ഗവേഷകനും സൂക്ഷിക്കേണ്ടതാണ് അത്.

കോട്ടയത്തു നിന്ന് ആലപ്പുഴക്കുള്ള ഒരു ബോട്ടു യാത്രയിൽ 1970 ൽ എന്നോടൊപ്പം സഞ്ചരിച്ച ചെറുപ്പക്കാരനായ ഒരു ചെത്തുകാരൻ പറഞ്ഞ കാര്യങ്ങളാണ് ഓർമ്മയിൽ വരുന്നത്. മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതി തോറ്റ അയാൾ ആലപ്പുഴ ആർ ബ്ലോക്ക് കായലിൽ കള്ളു ചെത്തിനു പോവുകയാണ്. ചെത്തിനെപ്പറ്റി ഞാൻ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം ഉത്തരം തന്ന അയാൾ ഒരു പ്രത്യേക കാര്യം പറഞ്ഞു തന്നു. തെങ്ങിനെ ബാധിക്കുന്ന കാറ്റു വീഴ്ച രോഗം ആദ്യം അറിയുന്നത് ചെത്തുകാരനാണത്രേ. ചൊട്ട ചെത്തി ഒരുക്കിയാൽ തുളിപ്പു – കള്ളു –കയറി വരുന്നത് തടസ്സപ്പെടുന്നതറിയാം. നേരിട്ടു കണ്ടാൽ കുഴപ്പമൊന്നും തോന്നുന്നില്ലെങ്കിലും ആ തെങ്ങ് ചെത്താൻ എടുക്കില്ല. അത് സൂചിപ്പിക്കുന്നത് തെങ്ങ് മണ്ണിൽ വലിച്ചെടുക്കുന്ന ദ്രവത്തിന് മുകളിലേക്ക് ചെന്നെത്താൻ തടസ്സമുണ്ടാക്കുന്ന എന്തോ ഒന്ന്, ചൊട്ടയിൽ തങ്ങി നിൽക്കുന്നു എന്ന് ഊഹിക്കാം.

ഗവേഷണം ഈ രംഗത്തും കുറെക്കൂടി വ്യാപിപ്പിച്ചാൽ ശരിയാകുമോ? പഴയതുപോലെയല്ല, എത്രയെത്ര ശാസ്ത്രിയ ഉപകരണങ്ങൾ സഹായത്തിനുണ്ട്. കായംകുളം ഗവേഷണ കേന്ദ്രത്തിലെ ഒരു ഗവേഷക തെങ്ങിന് കറണ്ടടിപ്പിച്ചു നോക്കിയതായി വായിച്ചറിഞ്ഞു. ഞാൻ അതൊന്ന് പരീക്ഷിച്ചു നോക്കി. എന്റെ കുട്ടനാട്ടിലുള്ള ഒരു നല്ല തെങ്ങിൽ നിന്ന് തേങ്ങ അടർന്നു വീഴാനും കാറ്റു വീഴ്ച രോഗം അതിന് ബാധിച്ച പോലെയും തോന്നി. അതിന് ഒരു ഇലക്ട്രീഷ്യന്റെ കൂടി സഹായത്തോടെ, എല്ലാ സുരക്ഷാ ഏർപ്പാടുകളോടെ ഷോക്ക് അടിപ്പിച്ചു കടയ്ക്കൽ വച്ചിരുന്ന വയറിനടുത്തു നിന്നും പുക വരികയും തെങ്ങൊന്ന് കുലുങ്ങുകയും ചെയ്തതോടെ കണക്ഷൻ വേർപെടുത്തി. ഭാഗ്യവശാൽ ആ തെങ്ങ് രക്ഷപ്പെട്ടു. അപകട സാദ്ധ്യതയുള്ളതിനാൽ ഇതാവർത്തിച്ചില്ല. ശ്രീ. ആർ. ഹേലി ഇതിന് മുൻപൊരിക്കലെഴുതിയ ഒരു ലേഖനത്തിൽ ഗോവായിൽ അതീവ മധുരമുള്ള തെങ്ങിനങ്ങളുള്ളത് രഹസ്യമാക്കി വച്ചിരിക്കുന്ന കർഷകരുണ്ടെന്നറിഞ്ഞ്, ഗോവയിൽ ഞാൻ താമസിച്ചിരുന്നപ്പോൾ അന്വേഷിച്ചു. ഒരെണ്ണം കണ്ടെത്തിയെങ്കിലും അവിടെ തുടരാൻ പറ്റാതിരുന്നതുകാരണം അതു ലഭിച്ചില്ല, ഇങ്ങനെ ഏതെല്ലാം തരത്തിൽ തെങ്ങ് എന്ന കൽപ വൃക്ഷം നമുക്കുപകാരപ്പെടുന്നു. ഇപ്പോൾ നീരയും അനുബന്ധ ഉൽപന്നങ്ങളുമായപ്പോൾ ഭാവി ശോഭനമാകും.

എന്ന്,

ആർ. രാജപ്പൻ നായർ

റിട്ടയേഡ് അസിസ്റ്റന്റ് ഡയറക്ടർ( ട്രഷറി)

# നാളികേര ഉത്പന്ന കയറ്റുമതി വർദ്ധനവ് തുടരുന്നു

കെ.എസ്. സെബാസ്റ്റ്യൻ
അസിസ്റ്റന്റ് ഡയറക്ടർ (എക്സ്പോർട്ട് പ്രൊമോഷൻ), നാളികേര വികസനബോർഡ്, കൊച്ചി-11

2015 - 16 സാമ്പത്തിക വർഷത്തിന്റെ ആദ്യ ഒമ്പതു മാസം ഇന്ത്യയിൽ നിന്നുള്ള മൊത്തം ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ മാന്ദ്യം രേഖപ്പെടുത്തിയപ്പോഴും നാളികേര ഉൽപന്ന കയറ്റുമതിയിൽ വർദ്ധനവ് തുടരുന്നു. നാളികേര ഉത്പന്ന കയറ്റുമതി 1,078 കോടി രൂപയിലെത്തി. മുൻ വർഷം ഇതേ കാലയളവിലുണ്ടായ (ഏപ്രിൽ മുതൽ ഡിസംബർ വരെ) കയറ്റുമതിയേക്കാൾ 8% ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഉത്തേജിത കാർബൺ, വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, കൊട്ടത്തേങ്ങ എന്നീ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ വർദ്ധനവുണ്ടായതായി കാണുന്നു. ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാനപ്പെട്ട നാളികേര ഉത്പന്നങ്ങളുടെ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കയറ്റുമതി വിവരങ്ങൾ പട്ടിക-1 ൽ നൽകിയിരിക്കുന്നു.

പട്ടിക -1: 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള നാളികേര ഉത്പന്ന കയറ്റുമതി

| ക്രമ നമ്പർ | ഉത്പന്നം | ഡിസംബർ 2015 | | ഏപ്രിൽ 2015 - ഡിസംബർ 2015 | |
|---|---|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 1 | ഉത്തേജിത കരി | 4824.87 | 5189.76 | 47136.79 | 48547.44 |
| 2 | കോക്കനട്ട് ഫാറ്റി ആസിഡ് സോപ്പുകൾ | | 317.38 | | 2297.01 |
| 3 | ഹെയർ ക്രീം | | 113.65 | | 776.63 |
| 4 | വെളിച്ചെണ്ണ | 695.31 | 1393.49 | 5844.37 | 12841.57 |
| 5 | കരിക്കിൻ/ തേങ്ങവെള്ളം | | 31.05 | | 529.92 |
| 6 | കൊപ്ര | 341.30 | 301.24 | 2927.22 | 2583.05 |
| 7 | തൂൾ തേങ്ങ | 398.58 | 494.86 | 1856.91 | 2685.49 |
| 8 | കൊട്ട തേങ്ങ | 557.81 | 544.96 | 13935.48 | 14368.60 |
| 9 | പച്ച തേങ്ങ | 4572.77 | 1599.03 | 27186.19 | 10588.34 |
| 10 | ചിരകിയ തേങ്ങയുടെ കാമ്പ് | 185.57 | 295.60 | 1579.40 | 2897.35 |
| 11 | ബേർഡ് ഫീഡർ, ഐസ്ക്രീം കപ്പ് | 73.66 | 53.77 | 1234.53 | 650.26 |
| 12 | ചിരട്ടക്കരി | 626.00 | 190.40 | 7281.56 | 2410.66 |
| 13 | വെർജിൻ വെളിച്ചെണ്ണ | 106.42 | 297.35 | 718.46 | 2299.96 |
| 14 | മറ്റു നാളികേര ഉത്പന്നങ്ങൾ | | 668.70 | | 4329.77 |
| | **ആകെ** | | **11491.24** | | **107806.05** |



## ഉത്തേജിത കാർബൺ

ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഇന്ത്യയിൽ നിന്നും 47,137 മെട്രിക് ടൺ ഉത്തേജിത കാർബൺ കയറ്റുമതി ചെയ്യുകയുണ്ടായി. ഇന്ത്യയിൽ നിന്നും ഈ കാലയളവിൽ കൂടുതൽ ഉത്തേജിത കാർബൺ ഇറക്കുമതി ചെയ്തിരിക്കുന്നത് അമേരിക്കയാണ്. രണ്ടാം സ്ഥാനത്ത്, നിൽക്കുന്നത് ബ്രിട്ടൺ ആണ്. ഇന്ത്യയിൽ നിന്നും ഉത്തേജിത കാർബൺ ഇറക്കുമതി ചെയ്തിരിക്കുന്ന പ്രധാന രാജ്യങ്ങൾ താഴെ പട്ടിക -2ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2 – ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്കായി 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള ഉത്തേജിത കാർബൺ കയറ്റുമതി**

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | അമേരിക്ക | 13305.13 | 13791.24 |
| 2. | ബ്രിട്ടൺ | 4608.00 | 4988.36 |
| 3. | നെതർലാൻസ് | 3065.80 | 3149.63 |
| 4. | ജർമ്മനി | 2779.10 | 3045.14 |
| 5. | സൗത്ത് കൊറിയ | 2266.05 | 2704.64 |
| 6. | ശ്രീലങ്ക | 3061.99 | 2072.96 |
| 7. | റഷ്യ | 1632.80 | 1754.41 |
| 8. | ബെൽജിയം | 1575.79 | 1567.89 |
| 9. | എസ്റ്റോണിയ | 1078.00 | 1108.42 |
| 10. | ഇറ്റലി | 1255.80 | 1102.02 |
| 11. | ജപ്പാൻ | 934.10 | 918.91 |
| 12. | ഫ്രാൻസ് | 734.00 | 1016.15 |
| 13. | ചൈന | 546.55 | 712.76 |
| 14. | കാനഡ | 539.05 | 568.04 |
| 15. | മറ്റു രാജ്യങ്ങൾ | 9754.64 | 10046.87 |
| | ആകെ | 47136.79 | 48547.44 |





## വെർജിൻ കോക്കനട്ട് ഓയിൽ

2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഇന്ത്യയിൽ നിന്നും 718 മെട്രിക് ടൺ വെർജിൻ കോക്കനട്ട് ഓയിൽ കയറ്റുമതി ചെയ്യുകയുണ്ടായി. ഈ കാലയളവിൽ അമേരിക്ക മാത്രം 513 മെട്രിക് ടൺ വെർജിൻ കോക്കനട്ട് ഓയിലാണ് ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്തത്. വിവിധ രാജ്യങ്ങളിലേക്ക് ഉണ്ടായ കയറ്റുമതി സംബന്ധമായ വിവരങ്ങൾ പട്ടിക – 3 ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ രേഖപ്പെടുത്തിയ കയറ്റുമതി 397 മെട്രിക് ടൺ ആയിരുന്നു.

**പട്ടിക 3 ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള വെർജിൻ കോക്കനട്ട് കയറ്റുമതി**

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | അമേരിക്ക | 512.67 | 1561.77 |
| 2. | ജപ്പാൻ | 49.87 | 117.73 |
| 3. | ബ്രിട്ടൻ | 10.11 | 32.21 |
| 4. | മറ്റു രാജ്യങ്ങൾ | 145.81 | 588.25 |
| | ആകെ | 718.46 | 2299.96 |







## കൊട്ടത്തേങ്ങ

2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 13,935 മെട്രിക് ടൺ കൊട്ടത്തേങ്ങ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുകയുണ്ടായി. ഇതിൽ 13,314 മെട്രിക് ടൺ പാക്കിസ്ഥാനിലേക്കായിരുന്നു. വിവിധ രാജ്യങ്ങളിലേക്ക് ഈ കാലയളവിൽ ഉണ്ടായ കയറ്റുമതിയുടെ വിവരങ്ങൾ പട്ടിക-4ൽ കൊടുത്തിരിക്കുന്നു.

പട്ടിക -4 ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക്
2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കൊട്ടത്തേങ്ങ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | പാക്കിസ്ഥാൻ | 13314.25 | 13522.17 |
| 2. | ബംഗ്ലാദേശ് | 225.00 | 188.98 |
| 3. | ഇറാൻ | 200.00 | 218.69 |
| 4. | ഹോങ്കോങ് | 72.96 | 153.00 |
| 5. | മറ്റു രാജ്യങ്ങൾ | 123.27 | 285.76 |
| | | 13935.48 | 14368.60 |





## വെളിച്ചെണ്ണ

2015 – 16 സാമ്പത്തിക വർഷത്തിലെ ആദ്യ ഒൻപതു മാസക്കാലയളവിൽ ഇന്ത്യയിൽ നിന്നുള്ള വെളിച്ചെണ്ണ കയറ്റുമതി 5844 മെട്രിക് ടണ്ണിലെത്തി. മുൻ വർഷം ഇതേ കാലയളവിലെ വെളിച്ചെണ്ണ കയറ്റുമതി 4921 മെട്രിക് ടണ്ണായിരുന്നു. യു. എ. ഇയിലേക്ക് മാത്രമായി ഈ കാലയളവിൽ 1371 മെട്രിക് ടൺ വെളിച്ചെണ്ണ കയറ്റുമതി ചെയ്യുകയുണ്ടായി.

യുഎഇ, മ്യാൻമർ, അമേരിക്ക, സൗദി അറേബ്യ, ഒമാൻ, ഖത്തർ, കുവൈറ്റ്, സിംഗപ്പൂർ, മലേഷ്യ, നേപ്പാൾ, ബഹ്റിൻ മുതലായ രാജ്യങ്ങളിലേക്കാണ് വെളിച്ചെണ്ണ പ്രധാനമായും കയറ്റുമതി ചെയ്യുന്നത്.

പട്ടിക 5: ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള വെളിച്ചെണ്ണ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | യു. എ. ഇ | 1371.26 | 2769.60 |
| 2. | അമേരിക്ക | 620.23 | 1509.14 |
| 3. | മ്യാൻമാർ | 685.56 | 1607.66 |
| 4. | സൗദി അറേബ്യ | 591.55 | 1251.82 |
| 5. | ഒമാൻ | 307.26 | 638.64 |
| 6. | ഖത്തർ | 298.34 | 637.39 |
| 7. | കുവൈറ്റ് | 199.33 | 428.88 |
| 8. | സിംഗപ്പൂർ | 185.18 | 462.92 |
| 9. | മലേഷ്യ | 159.32 | 393.39 |
| 10. | ബഹ്റിൻ | 131.09 | 272.88 |
| 11. | നേപ്പാൾ | 135.68 | 237.07 |
| 12. | ആസ്ട്രേലിയ | 108.39 | 270.72 |
| 13. | ജപ്പാൻ | 75.68 | 166.39 |
| 14. | ഫ്രാൻസ് | 60.88 | 127.64 |
| 15. | ബ്രിട്ടൺ | 75.33 | 183.29 |
| 16. | മറ്റു രാജ്യങ്ങൾ | 839.28 | 1884.13 |
| | ആകെ | 5844.37 | 12841.57 |





## പച്ചത്തേങ്ങ

ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ പച്ചത്തേങ്ങ (തൊണ്ട് ഉരിഞ്ഞത്) കയറ്റുമതി 27,186 മെട്രിക് ടണ്ണായി രേഖപ്പെടുത്തി. നിലവിൽ പച്ചത്തേങ്ങ ഏറ്റവും അധികം കയറ്റുമതി ചെയ്യുന്നത് യു. എ. ഇ ലേക്കാണ്. യുഎഇ ലേയ്ക്ക് മാത്രമായി ഈ കാലയളവിൽ 15,340 മെട്രിക് ടൺ പച്ചത്തേങ്ങ കയറ്റുമതി ചെയ്യുകയുണ്ടായി. വിവിധ രാജ്യങ്ങളിലേക്ക് ഈ കാലയളിൽ കയറ്റുമതി ചെയ്ത പച്ചത്തേങ്ങയുടെ വിവരങ്ങൾ പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6: ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള പച്ചത്തേങ്ങ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | യു. എ. ഇ | 15339.83 | 6713.98 |
| 2. | ബ്രിട്ടൺ | 3070.21 | 1340.81 |
| 3. | കുവൈറ്റ് | 820.28 | 371.94 |
| 5. | ഖത്തർ | 570.07 | 289.38 |
| 6. | സൗദി അറേബ്യ | 407.16 | 156.45 |
| 7. | മറ്റു രാജ്യങ്ങൾ | 6978.64 | 1715.78 |
| | **ആകെ** | **27186.19** | **10588.34** |

ശതമാനം




## നാളികേര ഉൽപ്പന്ന ഇറക്കുമതി

2015 – 16 സാമ്പത്തിക വർഷത്തിന്റെ ആദ്യ ഒൻപതു മാസ കാലയളവിൽ 283 കോടി രൂപയുടെ നാളികേര ഉൽപ്പന്നങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയുണ്ടായി. പിണ്ണാക്ക്, ചിരട്ടക്കരി, കോക്കനട്ട്ഫാറ്റി ആസിഡ്, വെളിച്ചെണ്ണ എന്നീ ഉത്പന്നങ്ങളാണ് പ്രധാനമായും ഇറക്കുമതി ചെയ്യുന്ന നാളികേര ഉത്പന്നങ്ങൾ. 2015 ഏപ്രിൽ മുതൽ നവംബർ വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത നാളികേര ഉത്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 7 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 7: 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള നാളികേര ഉത്പന്ന ഇറക്കുമതി

| ക്രമ നമ്പർ | ഉത്പന്നങ്ങൾ | ഡിസംബർ | | ഏപ്രിൽ 2015 – ഡിസംബർ 2015 | |
|---|---|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 1 | കോക്കനട്ട് ഫാറ്റി ആസിഡ് | 854.48 | 610.48 | 6177.27 | 4800.62 |
| 2 | വെളിച്ചെണ്ണ | 209.52 | 155.04 | 4689.12 | 3840.16 |
| 3 | പിണ്ണാക്ക് | 7140.56 | 1066.07 | 87660.67 | 13598.49 |
| 4 | ചിരട്ടക്കരി | 336.00 | 115.86 | 11605.59 | 3679.51 |
| 5 | നാളികേര ക്രീം/ പാൽ | | 151.64 | | 1163.38 |
| 6 | കൊപ്ര | 0 | 0.00 | 291.25 | 208.45 |
| 7 | മറ്റു നാളികേര ഉത്പന്നങ്ങൾ | | 25.09 | | 971.62 |
| | **ആകെ** | | **2124.19** | | **28262.25** |

## കോക്കനട്ട് ഫാറ്റി ആസിഡ്


2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 6177 മെട്രിക് ടൺ കോക്കനട്ട് ഫാറ്റി ആസിഡ് ഇന്ത്യ ഇറക്കുമതി ചെയ്തു. ഇതിൽ 5579 മെട്രിക് ടണ്ണും, മലേഷ്യയിൽ നിന്നാണ്.

വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള കോക്കനട്ട് ഫാറ്റി ആസിഡ് ഇറക്കുമതി വിവരങ്ങൾ പട്ടിക 8ൽ കൊടുത്തിരിക്കുന്നു.

പട്ടിക 8: 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കോക്കനട്ട് ഫാറ്റി ആസിഡ് ഇറക്കുമതി വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | മലേഷ്യ | 5579.18 | 4311.59 |
| 2 | ഇന്തോനേഷ്യ | 382.81 | 326.42 |
| 3 | മറ്റു രാജ്യങ്ങൾ | 215.28 | 162.62 |
| | ആകെ | 6177.27 | 4800.62 |

ശതമാനം




## തേങ്ങാപ്പിണ്ണാക്ക്



ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന നാളികേര ഉൽപ്പന്നങ്ങളിൽ അളവിലും മൂല്യത്തിലും ഒന്നാം സ്ഥാനത്തുള്ളത് തേങ്ങാപ്പിണ്ണാക്കാണ്. ഈ സാമ്പത്തിക വർഷത്തിൽ ആദ്യ ഒൻപതു മാസത്തെ ഇറക്കുമതി 87,661 മെട്രിക് ടൺ ആണ്. തേങ്ങാപ്പിണ്ണാക്ക് ഇറക്കുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങളുടെ വിവരങ്ങൾ പട്ടിക 9 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 9: 2015 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന തേങ്ങാപ്പിണ്ണാക്കിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ഇന്തോനേഷ്യ | 65865.89 | 10262.84 |
| 2 | ഫിലിപ്പീൻസ് | 12526.80 | 1905.35 |
| 3 | ശ്രീലങ്ക | 8596.11 | 1348.12 |
| 4 | മറ്റു രാജ്യങ്ങൾ | 671.88 | 82.18 |
| | ആകെ | 87660.67 | 13598.49 |





## വെളിച്ചെണ്ണ



2015 ഏപ്രിൽ മുതൽ ഡിസംബർ വരെ 4689 മെട്രിക് ടൺ വെളിച്ചെണ്ണ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയുണ്ടായി. ഇന്തോനേഷ്യയിൽ നിന്നുമാണ് പ്രധാനമായും (4396 മെട്രിക് ടൺ) വെളിച്ചെണ്ണയുടെ ഇറക്കുമതി നടത്തിയിരിക്കുന്നത്.

പട്ടിക 10: 2015 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന വെളിച്ചെണ്ണയുടെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ഇന്തോനേഷ്യ | 4395.85 | 3560.15 |
| 2 | മറ്റു രാജ്യങ്ങൾ | 293.27 | 280.02 |
| | ആകെ | 4689.12 | 3840.16 |







## ചിരട്ടക്കരി

ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ ഒൻപതു മാസത്തെ ചിരട്ടക്കരി ഇറക്കുമതി 11,606 മെട്രിക് ടണ്ണാണ്. ഫിലിപ്പീൻസ്, മലേഷ്യ, ഇൻഡോനേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നിന്നുമാണ് ചിരട്ടക്കരി ഈ കാലയളവിൽ ഉയർന്ന തോതിൽ ഇറക്കുമതി ചെയ്തിരിക്കുന്നത്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ചിരട്ടക്കരിയുടെ ഇറക്കുമതി വിവരങ്ങൾ പട്ടിക 11ൽ കൊടുത്തിരിക്കുന്നു.

പട്ടിക 11: 2015 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന ചിരട്ടക്കരിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ഫിലിപ്പീൻസ് | 5152.53 | 1606.82 |
| 2 | മലേഷ്യ | 3978.79 | 1250.70 |
| 3 | ഇന്തോനേഷ്യ | 1785.21 | 612.95 |
| 4 | ശ്രീലങ്ക | 503.36 | 157.27 |
| 5 | മറ്റു രാജ്യങ്ങൾ | 185.70 | 51.76 |
| | ആകെ | 11605.59 | 3679.51 |



# ഫെബ്രുവരി മാസത്തെ കൃഷിപ്പണികൾ

● ആർ ജ്ഞാനദേവൻ
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി – 11

**കേരളം / ലക്ഷദ്വീപ്**

ജലസേചനവും ജല സംരക്ഷണമാർഗ്ഗങ്ങളും അവലംബിക്കുക. തെങ്ങിന് ജലസേചനം തുടരുക. തടം നനയിൽ നാലുദിവസത്തിലൊരിയ്ക്കൽ തെങ്ങൊന്നിന് 200 ലിറ്റർ വെള്ളം നൽകണം. ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ കണിക ജലസേചന രീതി വഴി നനയ്ക്കുന്നത് കൂടുതൽ ഫലപ്രദമാണ്. ഈ രീതിയിൽ ദിവസേന തെങ്ങൊന്നിന് 30-32 ലിറ്റർ വെള്ളം നൽകിയാൽ മതി. മിശ്രവിള കൃഷി സമ്പ്രദായത്തിൽ തോട്ടത്തിൽ പെർഫോ വഴിയായി ജലസേചനം നൽകാവുന്നതാണ്. തൈകൾക്കു തണൽ നാട്ടിക്കൊടുക്കുകയും പുതയിടുകയും ചെയ്യണം. തെങ്ങിൻ തടിയിന്മേൽ 4 മുതൽ 5 അടി വരെ ഉയരത്തിൽ കുമ്മായം അടിച്ചുകൊടുത്താൽ സൂര്യാഘാതം ഏൽക്കാതെ അവയെ രക്ഷിക്കാം. ജീർണ്ണിച്ച കൊതുമ്പ്, കോഞ്ഞാട്ട എന്നിവ നീക്കം ചെയ്ത് തെങ്ങിൻ മണ്ട വൃത്തിയാക്കുക. നന ലഭിക്കുന്ന തോട്ടങ്ങളിൽ ശുപാർശ ചെയ്തിട്ടുള്ള അളവിൽ രാസവളം നൽകുക.

വിത്തുതേങ്ങ സംഭരണം തുടരാം. വിത്തുതേങ്ങകൾ പാകുന്നതിനു മുൻപ് നെടിയ ഇനം തെങ്ങുകളിൽനിന്നും ശേഖരിക്കുന്ന വിത്തുതേങ്ങ ഏറ്റവും കുറഞ്ഞത് രണ്ടു മാസമെങ്കിലും മണലിൽ സൂക്ഷിക്കണം. 10 സെ.മീ. കനത്തിൽ മണൽ വിരിച്ചതിനുശേഷം ഞെടുപ്പ് മുകളിലായി വരത്തക്കവിധം മണലിനുമീതെ വിത്തുതേങ്ങകൾ കുത്തനെ അടുപ്പിച്ച് നിരത്തുക. ഇതിനു മുകളിൽ വീണ്ടും കനത്തിൽ മണൽ വിരിയ്ക്കുക. ഇങ്ങനെ, ഒന്നിനുമുകളിലൊന്നായി അഞ്ചു വരിവരെ വിത്തുതേങ്ങകൾ ശേഖരിച്ച് വയ്ക്കണം. വെള്ളം ഒട്ടുംതന്നെ കെട്ടിനിൽക്കാത്ത നല്ല നീർവ്വാർച്ചയുള്ള മണൽഭൂമിയായിരിക്കണം ഇതിനായി തെരഞ്ഞെടുക്കേണ്ടത്. വിത്തുതേങ്ങകൾ മണൽകൊണ്ട് നല്ലവണ്ണം മൂടിയിരിക്കണം.

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കൂടാൻ സാദ്ധ്യതയുണ്ട്. തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള ഓലകൾ വെട്ടി നീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (Goniozus nephantidis), എലാസ്മസ് നിഫാന്റിഡിസ് (Elasmus nephantidis), ബ്രാക്കിമേറിയ നൊസട്ടോയ് (Brachymeria nosatoi) തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനുശേഷം പരാദപ്രാണികളെ വിടാവുന്നതാണ്.

മണ്ഡരി ആക്രമണമുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിച്ച് മണ്ഡരി ബാധയെ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കു സോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം. ആദ്യമായി 5 ഗ്രാം സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ 20 മി. ലി. വേപ്പെണ്ണ ഒഴിച്ച് നന്നായി യോജിപ്പിക്കുക. 20 ഗ്രാം വെളുത്തുള്ളി നന്നായി അരച്ച് ബാക്കി അര ലിറ്റർ വെള്ളത്തിൽ കലർത്തുക. ഇത് ഒരു തുണിയിലൂടെ അരിച്ചെടുത്ത്, ആദ്യം തയ്യാറാക്കിയ സോപ്പ്-വേപ്പെണ്ണ മിശ്രിതവുമായി ചേർത്ത് നന്നായി ഇളക്കുക. ഈ മിശ്രിതം അതാതു ദിവസം തന്നെ ഉണ്ടാക്കി ഉപയോഗിക്കേണ്ടതാണ്. വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതത്തിനുപകരം അസാഡിറാക്ടിൻ (0.1%) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി കുലകളിൽ തളിക്കാനായി ഉപയോഗിയ്ക്കാം. വേനൽമഴ തുടങ്ങുന്ന ഏപ്രിൽ-മെയ് മാസങ്ങളിൽ, മഴക്കാലം കഴിഞ്ഞ് ഒക്ടോബർ-നവംബർ മാസങ്ങളിൽ, പിന്നീട് ജനുവരി-ഫെബ്രുവരി മാസങ്ങളിൽ എന്നിങ്ങനെ മൂന്നു തവണകളിലായി തളിക്കേണ്ടതാണ്. മണ്ഡരികൾ മോടത്തിനുള്ളിൽ വസിക്കുന്നതിനാൽ കീടനാശിനി പ്രധാനമായും മോടത്തിന് പുറമെയും മോടത്തിന്റെ ഇതളുകൾക്ക് ചുറ്റും പ്രത്യേകിച്ച് മച്ചിങ്ങകളുടേയും 4-5 മാസം പ്രായമുള്ള ഇളം തേങ്ങകളുടേയും പുറത്തു തളിക്കാൻ ശ്രദ്ധിക്കണം. അഞ്ച് ശതമാനം അസാഡിറാക്ടിൻ അടങ്ങിയിട്ടുള്ള ഏഴര മി.ലി. ജൈവ കീടനാശിനി ഏഴര മി.ലി. വെള്ളത്തിൽ ലയിപ്പിച്ച് വേരിൽകൂടി നൽകുന്നതും ഫലപ്രദമാണ്.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10-15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക.

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർ

ച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. ട്രൈഡോമോർഫ് ബോർഡോമിക്സ്ചർ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾക്ക് നല്ല പരിചരണം കൊടുക്കണം. ഇടവിളക്കൃഷിയും സമ്മിശ്രകൃഷിയും ചെയ്യുന്നതിലൂടെ ഇത്തരം തോട്ടങ്ങളെ ആദായകരമാക്കാം. മണൽപ്രദേശങ്ങളിൽ തടത്തിൽ ചേറിടാനും കളിമണ്ണുള്ളിടത്ത് മണൽ ചേർക്കാനും ഈ മാസം നന്ന്.

കാറ്റുവീഴ്ചബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗം കാണുന്നുണ്ടെങ്കിൽ കൂമ്പോലയുടെയും അതിനുതൊട്ടടുത്ത രണ്ട് ഓലകളുടെയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചുമാറ്റുക. മറ്റ് ഓലകളിൽ മുൻപ് ചീയൽ വന്നതാണെങ്കിലും മുറിച്ചുമാറ്റേണ്ട ആവശ്യമില്ല. കുമിൾനാശിനികളായ ഹെക്സാകോണോസോൾ (കോൺടഫ് 5 ഇ) തെങ്ങൊന്നിന് 2 മി.ലി. വീതം അല്ലെങ്കിൽ മാങ്കോസേബ് (ഡൈത്തേൻ എം. 45/ഇൻഡോഫിൽ എം.45) തെങ്ങൊന്നിന് 3 ഗ്രാം വീതം 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക.

പൂങ്കുലച്ചാഴിയുടെ ആക്രമണമുണ്ടെങ്കിൽ ഇളംകുലയിൽ (ഒന്നു മുതൽ അഞ്ചു മാസം വരെ പ്രായമുള്ളത്) കാർബാറിൽ എന്ന കീടനാശിനി 0.1% വീര്യത്തിൽ (20 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി) തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. വിരിഞ്ഞ് പരാഗണം നടക്കാത്ത പൂക്കുലകളിൽ (ഒരു മാസം വരെ പ്രായമായത്) മരുന്നു തളിക്കരുത്. കുമിൾ രോഗങ്ങൾക്കെതിരെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കാം.

നീരൂറ്റിക്കുടിക്കുന്ന മീലിമുട്ടകൾ, ശൽക്കകീടങ്ങൾ എന്നിവ വേനൽക്കാലങ്ങളിൽ നാമ്പോലകളേയും കൊതുമ്പുകളേയും തേങ്ങാക്കുലകളേയും ആക്രമിക്കുന്നു. ശൽക്കകീടങ്ങൾ ഓലകളിലും കാണാറുണ്ട്. ഇവയുടെ ആക്രമണഫലമായി ഓലകൾ മഞ്ഞനിറമായി ഉണങ്ങുന്നു. മീലിമൂട്ടകളെ നിയന്ത്രിക്കുവാൻ 2 ശതമാനം വേപ്പെണ്ണ അല്ലെങ്കിൽ 0.05% മലാത്തിയോൺ 30-45 ദിവസത്തെ ഇടവേളകളിൽ രണ്ടുതവണ തളിച്ചാൽ മതിയാകും. ശൽക്കകീടങ്ങൾക്കെതിരെ ഡൈമെത്തൊയേറ്റ് ഫലപ്രദമായി ഉപയോഗിയ്ക്കാം.

**ആന്ധ്രാപ്രദേശ്**

തെങ്ങിൻ തോട്ടം നനയ്ക്കുക. തെങ്ങോലപ്പുഴുവിന്റെ ആക്രമണം ബാധിച്ചിട്ടുള്ള തെങ്ങുകളിൽ 0.05 ശതമാനം ക്വിനാൽഫോസ് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 15 ദിവസം ഇടവിട്ട് മരുന്നുതളി നടത്തണം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. ഗോണിയോസസ് നിഫാന്റിഡിസ് (Goniozus nephantidis), എലാസ്മസ് നിഫാന്റിഡിസ് (Elasmus nephantidis), ബ്രാക്കിമേറിയ നൊസട്ടോയ് (Brachymeria nosatoi) തുടങ്ങിയ എതിർപ്രാണികളെ വൻതോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ അസാഡിറാക്ടിൻ (0.004 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കുക.

**ആൻഡമാൻ / നിക്കോബാർ ദ്വീപുകൾ**

കളകൾ നീക്കം ചെയ്യുക. തോട്ടം വൃത്തിയാക്കുക. നഴ്സറി നനയ്ക്കുക. മണൽ കലർന്ന എക്കൽ മണ്ണിലും ചൊരിമണലിലും നിൽക്കുന്ന തെങ്ങുകൾക്ക് നനയ്ക്കുക.

ഉത്തമ മാതൃവൃക്ഷങ്ങളിൽ നിന്ന് വിത്തുതേങ്ങ ശേഖരണം ആരംഭിക്കുക. ഇരുപത് വർഷത്തിലധികം പ്രായമുള്ള തെങ്ങുകൾ വേണം മാതൃവൃക്ഷങ്ങളായി തെരഞ്ഞെടുക്കേണ്ടത്. പതിവായി കായ്ക്കുന്നതും വർഷത്തിൽ എൺപതിലധികം തേങ്ങ ലഭിക്കുന്നതും രോഗബാധയൊന്നുമില്ലാത്തതുമായ തെങ്ങുകളായിരിക്കണം. പൊതിച്ച തേങ്ങയ്ക്ക് ശരാശരി 600 ഗ്രാമും കൊപ്രയ്ക്ക് 150 ഗ്രാമും തൂക്കമുണ്ടായിരിയ്ക്കണം. മുപ്പതിലധികം നന്നായി വിടർന്ന ഓലകളും ഓലകൾ എല്ലാവശങ്ങളിലേക്കും വിരിഞ്ഞുനിൽക്കുന്നതും കുടപോലെയുള്ള മണ്ടയുള്ളതുമായ തെങ്ങായിരിക്കണം. നീളം കുറഞ്ഞതും കരുത്തുറ്റതുമായ ഓലമടൽ തെങ്ങിൻതടിയുമായി നന്നായി ചേർന്നിരിക്കണം. കുലയുടെ തണ്ട് നീളം കുറഞ്ഞതും ദൃഢവും കരുത്തുറ്റതുമായിരിക്കണമെന്നുമാത്രമല്ല, കുലയിടിയുന്നതിനുള്ള സാദ്ധ്യത ഉണ്ടായിരിക്കയുമരുത്.

**തമിഴ്നാട് / പോണ്ടിച്ചേരി**

മണ്ണിന്റെ സ്വഭാവം അനുസരിച്ച് വേനൽക്കാലത്തെ നന 4-7 ദിവസം ഇടവിട്ട് നടത്തുക. നനയ്ക്ക് സൗകര്യമുള്ള പക്ഷം ശുപാർശ ചെയ്തിട്ടുള്ള വളത്തിന്റെ നാലിൽ ഒന്ന് അതായത് 270 ഗ്രാം യൂറിയ, 500 ഗ്രാം സിങ്കിൾ സൂപ്പർഫോസ്ഫേറ്റ്, 500 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ തെങ്ങൊന്നിന് ചേർക്കുക. തെങ്ങിൻ കുരലുകളിൽ കൊമ്പൻ ചെല്ലികൾ ഉണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ ചെല്ലിക്കോൽ ഉപയോഗിച്ച് കുത്തിയെടുത്ത് നശിപ്പിക്കുക. മുകളിലത്തെ മൂന്നു നാലു ഓലപ്പട്ടകൾക്കിടയിൽ പാറ്റാഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ട് മൂടുകയോ വേപ്പിൻപിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യഅളവിൽ മണലുമായി കലർത്തി ഇടുകയോ ചെയ്യുക.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ അസാഡിറാക്ടിൻ (0.004 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കുക.

**കർണ്ണാടകം**

തോട്ടം നനയ്ക്കുക. തെങ്ങിൻ മണ്ടയിൽ നിന്ന് പഴകിയതും ഉണങ്ങിയതുമായ കൊതുമ്പും, കോഞ്ഞാട്ടയും മറ്റും നീക്കം ചെയ്യുക. തെങ്ങിൻ മണ്ടകളിൽ കൊമ്പൻചെല്ലി ഉണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ ചെല്ലിക്കോൽ ഉപയോഗിച്ച് കുത്തിയെടുത്ത് നശിപ്പിക്കുക. മുകളിലത്തെ മൂന്നുനാല് ഓലപ്പട്ടകൾക്കിടയിൽ പാറ്റാഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽകൊണ്ടു മൂടുകയോ വേപ്പിൻപിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യഅളവിൽ മണലുമായി കലർത്തി ഇടുകയോ ചെയ്യുക.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ അസാഡിറാക്ടിൻ (0.004 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കുക.

തിരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നും വിത്തുതേങ്ങ ശേഖരിച്ച് തണലിൽ ഈർപ്പം തട്ടാതെ സൂക്ഷിക്കുക. നഴ്സറികളെ വിമുക്തമാക്കുക.



## മുഖമൊഴി

വിദ്യാലയാന്തരീക്ഷം കലോത്സവങ്ങളാൽ മുഖരിതമാണ്. മത്സരിച്ച് എങ്ങനേയും ജയിക്കുന്നതിലല്ല തങ്ങളുടെ പ്രതിഭാവിലാസങ്ങളെ വിനയപൂർവ്വം അവതരിപ്പിക്കുവാനും സഹപാഠികളുടെ കലാപ്രകടനങ്ങൾ സഹൃദയത്വത്തോടെ ആസ്വദിക്കുവാനുമാണ് ശ്രദ്ധിക്കേണ്ടത്. ആ നിലയിലുള്ള പങ്കാളിത്തവും വിജയവും ആശംസിക്കുന്നു.

**പായിപ്ര രാധാകൃഷ്ണൻ**



# പൊറ്റക്കാടിന്റെ ബാലി കാഴ്ചകൾ

ഗ്രാമപാതകളിലൂടെയുള്ള ബസ് യാത്രയ്ക്കിടയിൽ ഉണ്ടായ ഒരു ഇളനീർ അനുഭവം എസ്. കെ. പൊറ്റക്കാട് തന്റെ ബാലി അനുഭവങ്ങളിൽ വിവരിക്കുന്നുണ്ട്. ഓലച്ചുരുളുകളും മരത്തോടകളുമണിഞ്ഞ ബാലിസ്ത്രീകൾ തലച്ചുമടെടുത്ത് താളത്തിൽ മന്ദഗമനം ചെയ്യുന്ന കാഴ്ച വടക്കേ മലബാറിൽ കണ്ടു വരുന്ന ചുമട്ടുകാരികളെ ഓർപ്പിക്കുന്നുണ്ട്. അവരുടെ നിറവും മുഖച്ഛായയും ഏറെക്കുറെ മലബാറുകാരികളുടേത് തന്നെയായിരുന്നുവത്രെ.

കടകളിൽ കച്ചവടത്തിനിരിക്കുന്നത് സ്ത്രീകളാണ്. വഴിയിൽ പച്ചക്കറി ചുമന്ന് നടന്നിരുന്ന സ്ത്രീയും കോഴിക്കൂട കൈയ്യിൽ വഹിച്ച വൃദ്ധനും ബസ്സിലേക്ക് കയറി. അയാളുടെ കൂട്ടിൽ ഒരു പേർക്കോഴിയായിരുന്നുവത്രെ. ബസ്സ് ഒരു ഗ്രാമത്തിൽ ഒരു ഭക്ഷണക്കടയുടെ മുന്നിൽ നിർത്തി. ഡ്രൈവറും കണ്ടക്ടറും ഭക്ഷണം കഴിക്കുന്ന ഒരു കള്ളു കട.

ഇളനീർ വേണോ എന്നന്വേഷിച്ചുകൊണ്ട് ഒരു പയ്യൻ പൊറ്റക്കാടിനെ സമീപിച്ചു. അദ്ദേഹത്തിന്റെ സഹയാത്രികരായ ചീനക്കാർ ഇളനീരിൽ താത്പര്യം പ്രകടിപ്പിച്ചു. ഇളനീർ പറിച്ച് വച്ച് വിൽക്കുന്ന രീതിയല്ല അവിടുത്തേത്. ആവശ്യക്കാർക്ക് അപ്പപ്പോൾ പറിച്ചു കൊടുക്കും. വാഴയും, ചേമ്പും, കുമ്പളവും, കപ്പയും പപ്പായ മരങ്ങളും തെങ്ങുകളും സമൃദ്ധിയൊരുക്കുന്ന ഒരു വീട്ടു പറമ്പവർ ശ്രദ്ധിച്ചു.

ഓല മേഞ്ഞ സാമാന്യം വലിയൊരു പുര. മുൻ വശത്ത് മുറ്റം. മുറ്റത്തിന്റെ കോണിൽ തുറസ്സായ ഒരടുക്കളയും ഒരു ഉരൽപ്പുരയുമുണ്ട്. മുറ്റത്തിന്റെ കോണിൽ ഒരു കളപ്പുരയുണ്ട്. മുറിക്കാലുറയിട്ട ഒരാൾ കളപ്പുരയുടെ മോന്തായത്തിൽ നാരും കടിച്ചു പിടിച്ചിരിക്കുന്നു. താഴെ നിന്ന് ഒരാൾ ഓല എറിഞ്ഞു കൊടുക്കുന്നു. ഓലകളൊന്നും മെടഞ്ഞതല്ല. മെടയാത്ത ഓല കെട്ടി മേയുകയാണവർ. ബാലിക്കാരുടെ പുരകെട്ട് നോക്കി നിൽക്കെ ഇളനീരുമായി ആ പയ്യനെത്തി.

ഉരൽപ്പുരയിൽ പെണ്ണുങ്ങൾ നെല്ലു കുത്തുന്നു. ഉരലും ഉലക്കയും നെല്ലു കുത്തലുമെല്ലാം കേരളത്തിലേതുപോലെ തന്നെ. തലശ്ശേരിയിലേയോ കണ്ണൂരിലേയോ ഉൾനാടുകളിലെ അടുക്കളയിൽ നിന്ന് ഒരു നാണിയോ ചീരുവോ നെല്ലുകുത്തുകയാണെന്നേ തോന്നൂ എന്നദ്ദേഹം എഴുതുന്നു. താൽപര്യമുള്ളവർക്ക് തുടർവായനയ്ക്ക് എസ്. കെ. യുടെ ബാലി ദ്വീപ് നിർദ്ദേശിക്കുന്നു.

***-പായിപ്ര രാധാകൃഷ്ണൻ***



# നാളികേരം

ആനന്ദൻ ചെറായി,
കരിമ്പാടം, ചേന്ദമംഗലം പി.ഒ, എറണാകുളം

വായില്ലാക്കുടമൊന്നുണ്ടേ
വയറു നിറച്ചും നീരുണ്ടേ
നീരിനു മധുരക്കുളിരുണ്ടേ
നീരു കുടിക്കാൻ രസമുണ്ടേ!

വെളുവെളെയുള്ളൊരു
പലഹാരം
തെളുതെളെയുള്ളൊരു
പാനീയം
രണ്ടു മിരിപ്പതൊരേ ചെപ്പിൽ
രണ്ടും പൈദാഹം തീർപ്പൂ!

വെള്ളമുണ്ടെന്നാൽ
മേഘമല്ല
തോലുണ്ടെന്നാൽ
മഹർഷിയല്ല
മുക്കണ്ണുമുണ്ട്
ശിവനുമല്ല
യാതൊന്നും കാണാൻ
കഴിയുകില്ല

പുറം മുഴുവൻ
പച്ചക്കെട്ട്
അകം മുഴവൻ
പഞ്ഞിക്കെട്ട്
അതിന്റെയുള്ളിൽ
പാറക്കെട്ട്
അതിന്റെയുമുള്ളിൽ വെള്ളക്കെട്ട്!

കണ്ണോളം നല്ല വെള്ളമുണ്ടല്ലോ
മുങ്ങിക്കുളിക്കുവാൻ പറ്റുകില്ലല്ലോ
വെള്ളംതെളിഞ്ഞു കിടപ്പതല്ലോ
വെള്ളമൊരു പന്തിനുള്ളിലല്ലോ!



ലേഖനം

# എങ്ങിനെ മറക്കും കല്പവൃക്ഷമേ....

മണിക്കുട്ടൻ എസ്.,
വാരിക്കോലിൽ വടക്കേതിൽ, തഴക്കര പി.ഒ, മാവേലിക്കര.

കേര വൃക്ഷങ്ങളാൽ സമൃദ്ധമായ നാടാണ് കേരളം. കേരളീയരുടെ നിത്യ ജീവിതത്തിൽ ഇത്രയേറെ സ്വാധീനം ചെലുത്തിയിട്ടുള്ള മറ്റൊരു വൃക്ഷമില്ല. കേര വൃക്ഷങ്ങൾ കേരളീയരെ മാത്രമല്ല ലോകമെമ്പാടുമുള്ള വിദേശീയരേയും എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്നതിന്റെ ദൃഷ്ടാന്തമാണ് കേരളത്തിലേക്കെത്തുന്ന വിനോദ സഞ്ചാരികൾ. കേരവൃക്ഷത്തിന്റെ മഹിമയെ വാഴ്ത്തുമ്പോൾ അതിനെ പുരാണങ്ങളിൽ പരാമർശിച്ചിട്ടുള്ള കൽപ വൃക്ഷത്തോടുപമിക്കാം.

തെങ്ങ് ഓരോ കേരളീയനും നൽകുന്നത് ജീവശ്വാസം തന്നെയാണ്. കേരളത്തിലെ ഓരോ പൗരനെയും ഊട്ടിവളർത്തുന്നതിൽ ഈ വൃക്ഷങ്ങളുടെ പങ്ക് വിലമതിക്കാനാവാത്തതാണ്. തെങ്ങ് എന്ന വൃക്ഷം അടി മുടി പ്രയോജനപ്രദമാണ്. മനുഷ്യനു മാത്രമല്ല മറ്റു ജീവികൾക്കും ഉപകാരിയായി നമ്മുടെ പരിസ്ഥിതിയെ പാലിച്ചുകൊണ്ട് സുഖകരമായ കാലാവസ്ഥ പ്രദാനം ചെയ്യുന്നു എന്നത് കേവലം ചെറിയ കാര്യമല്ല.

കേരളത്തിലെ കയർ വ്യവസായം ധാരാളം പേർക്ക് തൊഴിൽ നൽകുന്നു. ഇതിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള പ്രവർത്തനം വളരെ ശ്രമകരവും വൈദഗ്ധ്യം ആവശ്യമുള്ളതുമാകുന്നു. കയർ ഉത്പന്നങ്ങൾക്ക് സ്വദേശത്തും വിദേശത്തും വൻ വിപണന സാധ്യതയുണ്ട്. ഗവൺമെന്റ് ഈ രംഗത്ത് പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകി വരുന്നു. കാരണം ഈ ജോലിയിലൂടെ ഉപജീവനം നടത്തുന്നവരുടെ എണ്ണം അത്രമേൽ വലുതാണ്.

എണ്ണ കുരുക്കളുടെ പട്ടികയിൽ നാളികേരത്തിന് പ്രത്യേക സ്ഥാനമുണ്ട്. ആയിനത്തിലും ഇത് ധാരാളം വിദേശ നാണ്യം നേടിത്തരുന്നു. കേരളീയരെ സംബന്ധിച്ചിടത്തോളം ഓരോ ദിവസവും ആരംഭിക്കുന്നതു തന്നെ തെങ്ങുമായി ബന്ധട്ടു തന്നെ.

പ്രഭാതത്തിലെ എണ്ണ തേച്ചുള്ള കുളി ഓരോ കേരളീയനും നിർബന്ധമാണ്. ആഹാരവസ്തുക്കളിൽ ചേർക്കാനും, ആഹാര വസ്തുക്കൾ വറുത്തെടുക്കാനും, അവയ്ക്ക് രുചിയും മണവും ഗുണവും നൽകാനും വെളിച്ചെണ്ണയ്ക്ക് കഴിയുന്നു. ഔഷധ നിർമ്മാണ രംഗത്ത് വെളിച്ചെണ്ണ ധാരാളമായി ഉപയോഗിക്കുന്നു. വെളിച്ചെണ്ണയുടെ ഔഷധ മൂല്യം കണക്കിലെടുത്ത് ആയുസ്സിന്റെ വേദമായ ആയുർവേദത്തിൽ ഇത് ധാരാളമായി ഉപയോഗിക്കുന്നു. ചർമ്മ കാന്തിക്ക് ഇതു നൽകുന്ന ഗുണം പറഞ്ഞറിയിക്കാനാവാത്തതാണ്. വിവിധ തരം സോപ്പു നിർമ്മാണ രംഗത്തും സൗന്ദര്യ വർദ്ധക വസ്തുക്കളിലും ധാരാളമായി ഈ എണ്ണ ഉപയോഗിക്കുന്നു.

കരകൗശല വസ്തുനിർമാണത്തിൽ തെങ്ങിന്റെ പ്രാധാന്യം വളരെയേറെയാണ്. ചിരട്ട, തൊണ്ട്, തടി ഇവ ഉപയോഗിച്ചുണ്ടാക്കുന്ന വസ്തുക്കൾ നിരവധിയാണ്. അവയിൽ ആഭരണങ്ങളുടെ നിർമ്മിതി നമ്മെ അതിശയിപ്പിക്കും. വിദേശീയരായ സഞ്ചാരികൾക്ക് കൗതുകവും അത്ഭുതവും സൃഷ്ടിക്കുന്ന തരത്തിലുള്ള ഈ കരവിരുത് നമുക്ക് മാത്രം സ്വന്തം. എന്നാൽ അടുക്കളയിലെ ചിരട്ടത്തവിയും പുട്ടു ചിരട്ടയും ഇന്ന് അന്യമായിട്ടുണ്ട്.

ഇളനീരിന്റെ മാധുര്യവും ഗുണവും അനുഭവിക്കാത്തവരായി ഒരു മലയാളിയും ഉണ്ടാകാനിടയില്ല. വീട്ടിൽ ആദ്യമായി എത്തുന്ന ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ഇളനീർ നൽകി സ്വീകരിക്കുന്ന പാരമ്പര്യം നമ്മുടെ കുലമഹിമയാണ്.

ഇളനീരിന്റെ പ്രാധാന്യം അതനുഭവിച്ചവർക്കു മാത്രമേ അറിയൂ! ഇതിന്റെ വാണിജ്യപ്രാധാന്യം മനസ്സിലാക്കിതിനാലാണ് നമ്മുടെ നാട്ടിൽ പട്ടണങ്ങളിലും ഗ്രാമങ്ങളിലും മുക്കിനും മൂലയിലും എവിടെയും ഇളനീർ പന്തലുകളിൽ ഇളനീർ ലഭ്യമാണ്.

തെങ്ങിന്റെ കൂമ്പിൽ നിന്നും ചെത്തിയെടുത്തിരുന്ന കള്ള് ഒരു കാലത്ത് വളരെ പ്രചാരത്തിലിരുന്ന ഒരു ലഹരി വസ്തുവായിരുന്നു. ലഹരി അല്പം പോലുമില്ലാത്ത നീരയാണ് ഇന്ന് ഈ സ്ഥാനം കയ്യടക്കിയിരിക്കുന്നത്. ഈ ശ്രേണിയിലുമുണ്ട് പുത്തൻ ഉത്പ്പന്നങ്ങൾ വേണ്ടത്ര.

കേരള സംസ്ക്കാരവുമായി അഭേദ്യ ബന്ധം തെങ്ങിനുണ്ട്. ആചാരാനുഷ്ഠാനങ്ങളിൽ തെങ്ങിന്റെ സ്ഥാനം ചെറുതല്ല. തേങ്ങ, കുരുത്തോല, കരിക്ക്, വെളിച്ചെണ്ണ, പൂക്കുല ഇവയുടെ ഉപയോഗം കേരളീയരുടെ ഏതു വിശേഷങ്ങളുമായി ബന്ധപ്പെടുത്തി പറയാം. വിവാഹങ്ങളുടെ ചാരുത വർദ്ധിപ്പിക്കാൻ പൂക്കുല ചാർത്തിയ നിറപറയും നിലവിളക്കും കേരളീയർക്ക് അന്നും ഇന്നും ഒരു പോലെ പ്രാധാന്യമുള്ള പ്രത്യേക ചടങ്ങാണ്. കുരുത്തോല കൊണ്ടുള്ള അലങ്കാരങ്ങൾ എല്ലാ വിശേഷങ്ങൾക്കും ഉപയോഗിക്കാറുണ്ട്. തേങ്ങ, കരിക്ക്, പൂക്കുല ഇവയൊക്കെയും പൂജാ സാമഗ്രികളുടെ പട്ടികയിലെ പ്രധാന വസ്തുക്കളാണ്. കുരുത്തോല പന്തൽ, കുരുത്തോല അലങ്കാരങ്ങൾ ഇവ മലയാളികൾക്ക് ആചാരാനുഷ്ഠാങ്ങളുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യമുള്ള വസ്തുക്കളാണ്. പൂക്കുല ഉപയോഗിച്ചുണ്ടാക്കുന്ന ആയുർവേദ മരുന്നുകൾ വളരെ പുരാതന കാലം മുതൽക്കേ നാട്ടിൽ പ്രചുര പ്രചാരത്തിലിരുന്നിരുന്നു.

കേരളം കേര സംസ്ക്കാരത്തിലധിഷ്ഠിതമാണ്. കേരത്തിന്റെ മൂല്യം എന്താണെന്ന് അറിയാൻ അഗാധമായ പഠനങ്ങൾ ആവശ്യമാണ്. ധാരാളം കേര ഉൽപന്നങ്ങൾ സ്വദേശത്തും വിദേശത്തും ലഭ്യമാണ്. മൂല്യം കണക്കാക്കിയാൽ വമ്പൻ വില കൊടുത്തു മാത്രം കമ്പോളങ്ങളിൽ നിന്നു വാങ്ങുവാൻ കഴിയുകയുള്ളൂ. ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുള്ള ശ്രദ്ധയും പരിഗണനയും വേണ്ടത്ര ലഭ്യമായാൽ തെങ്ങിനുള്ള പ്രാധാന്യവും ഉൽപന്നങ്ങളുടെ മൂല്യവും പതിൻ മടങ്ങു വർദ്ധിപ്പിക്കുവാൻ കഴിയും.

ധാരാളം പണം ഖജനാവിലേക്കെത്തിക്കാൻ പാകത്തിൽ ഗുണസമ്പുഷ്ഠമാണ് കേരം. ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും ഓരോ മലയാളിയേയും എത്തിക്കാൻ സവിശേഷ ബുദ്ധിയും പ്രാഗൽഭ്യവും നൽകിയതിനു പിന്നിൽ കേര വൃക്ഷങ്ങളുടെ സാമീപ്യം, തണൽ, നന്മ, സഹായം ഇവയൊക്കെയുണ്ട് എന്നു വിസ്മരിക്കാൻ ഈ തലമുറയ്ക്കും വരും തലമുറയ്ക്കും കഴിയുമോ?

കഥ

# അഹങ്കാരം വരുത്തിയ വിന

**സത്യൻ താന്നിപ്പുഴ,**
തൂമ്പായിൽ, ഒക്കൽ പിഒ. എറണാകുളം.

മുത്തശ്ശിയുടെ പേരക്കുട്ടിയാണ് ആര്യക്കുട്ടി. ഒരു അവധി ദിവസം ഉച്ചയ്ക്ക് ഊണു കഴിഞ്ഞപ്പോൾ ആര്യക്കുട്ടി മുത്തശ്ശിയോടു ചോദിച്ചു: മുത്തശ്ശീ, ഇന്ന് ഒരു കഥ പറഞ്ഞു തരാമോ?

പേരക്കുട്ടിയുടെ ആഗ്രഹം കേട്ടപ്പോൾ മുത്തശ്ശി ചോദിച്ചു. ആര്യക്കുട്ടിക്ക് കഥ കേൾക്കണം അല്ലേ? ഏതു തരം കഥയാണ് കേൾക്കേണ്ടത്? ഐതിഹ്യ കഥ കേൾക്കണോ അതോ യക്ഷിക്കഥ കേൾക്കണോ?

ഐതിഹ്യ കഥ കേട്ടാൽ മതി. യക്ഷിക്കഥ കേട്ടാൽ എനിക്ക് പേടിയാകും. രാത്രി ഉറങ്ങാൻ പറ്റില്ല. ആര്യക്കുട്ടി പറഞ്ഞു.

ശരി എന്നാൽ നമ്മുടെ തെങ്ങിന്റെ ഐതിഹ്യ കഥ പറയാം. കേട്ടോളൂ. പണ്ട് പണ്ട് മനുഷ്യർ തെങ്ങ് എന്ന കല്പവൃക്ഷത്തിന്റെ മുകളിൽ കയറിയല്ല നാളികേരം ശേഖരിച്ചിരുന്നത്. നാളികേരമോ കരിക്കോ ആവശ്യമുള്ളപ്പോൾ തെങ്ങിന്റെ ചുവട്ടിൽ ചെന്നു നിന്ന് ആവശ്യം പറഞ്ഞാൽ തെങ്ങ് തല താഴ്ത്തി വരുമായിരുന്നു. ആവശ്യമുള്ള നാളികേരമോ കരിക്കോ അടർത്തിയതിനുശേഷം അനുമതി നല്കിയാൽ മതി, തെങ്ങ് ഉയർന്നു പോകുമായിരുന്നു. പിന്നെ ഒരു ദിവസം മുതൽ തെങ്ങ് ഇങ്ങനെ തല താഴ്ത്തി വരാതായി. അതുകൊണ്ടാണ് തെങ്ങിൽ കയറി നാളികേരം ഇടേണ്ടതായി വന്നത്. ആ കഥ ആര്യക്കുട്ടി കേട്ടിട്ടുണ്ടോ. ഇല്ലെങ്കിൽ പറയാം, കേട്ടോളൂ.



കേരളപുരം ഗ്രാമത്തിൽ കോരൻ എന്ന ഒരു തെങ്ങു കൃഷിക്കാരനും അയാളുടെ ഭാര്യ കോതയും ജീവിച്ചിരുന്നു. അവർക്ക് ധാരാളം തെങ്ങുകൾ ഉണ്ടായിരുന്നു. കോരനും കോതയും ദിവസവും തെങ്ങ് എന്ന കൽപവൃക്ഷത്തെ നല്കി അനുഗ്രഹിച്ച കൃഷി ദേവനെ ആരാധിച്ചിരുന്നു. അന്ന് നാട്ടിൽ മറ്റധികം പേർക്ക് തെങ്ങ് ഉണ്ടായിരുന്നില്ല. വേനൽക്കാലമായപ്പോൾ തെങ്ങ് നനക്കാൻ വെള്ളം വേണ്ടി വന്നു. കോരൻ കൃഷി ദേവനെ പ്രാർത്ഥിച്ചു.

നല്ലവനാകും കൃഷിദേവാ
കിണറ്റിൽ തുലാവ് കയറ്റീട്ട്
വെള്ളം തേവി തന്നാലും
തെങ്ങ് നനച്ച് തന്നാലും

കോരന്റെ പ്രാർത്ഥന കേട്ട കൃഷി ദേവൻ രാത്രി ഭൂതങ്ങളെ വിട്ട് കിണറ്റിൽ നിന്നു വെള്ളം കോരി തെങ്ങുകൾ നനച്ചു. നേരം വെളുത്തപ്പോൾ കോരന്റെ പറമ്പിൽ വെള്ളം കണ്ട് അയൽക്കാർക്ക് അത്ഭുതമായി.

തെങ്ങിൽ നിന്ന് കിട്ടിയിരുന്ന തേങ്ങയും കരിക്കും കോരനും കോതയും ആവശ്യം പോലെ ഉപയോഗിച്ചു വന്നു. അവർ നിത്യവും കരിക്ക് കഴിച്ചിരുന്നു. കരിക്ക് ഒരു പൂർണ്ണ ആഹാരമാണ്. രാവിലെ ചായയ്ക്ക് പകരം അവർ കരിക്കാണ് കഴിച്ചിരുന്നത്. അന്ന് ആരും ചായ കഴിച്ചിരുന്നില്ല. തേയില കണ്ടുപിടിച്ചിരുന്നില്ല. സായ്പ് കേരളത്തിൽ വന്നു ചായത്തോട്ടം വച്ചു പിടിപ്പിച്ചിരുന്നുമില്ല.

ആവശ്യം കഴിഞ്ഞ് ബാക്കി വന്ന തേങ്ങയും കരിക്കും വിറ്റ് കാശ് വാങ്ങി കോരനും കോതയും സുഖമായി ജീവിച്ചു വന്നു. മറ്റുള്ളവരിൽ നിന്ന് കൂടുതൽ വരുമാനമുണ്ടായപ്പോൾ അവർ അഹങ്കാരികളായി മാറി. നാട്ടുകാരോട് അവർക്ക് പുച്ഛമായിരുന്നു.

ഒരു ദിവസം രാവിലെ കോത മുറ്റമടിച്ചു കഴിഞ്ഞപ്പോൾ ഒരു കരിക്കു കുടിക്കണമെന്നു തോന്നി. തെങ്ങിനോടു പറഞ്ഞു.

മുറ്റമടിച്ചു കഴിഞ്ഞല്ലോ
വയറു വിശക്കുന്നല്ലോ
നല്ലവനാകും കല്പവൃക്ഷമേ
കരിക്കു ഒന്നു തന്നാലും.

തെങ്ങ് തലകുനിച്ച് താഴ്ന്നു വന്നു. കോത കരിക്ക് വെട്ടി എടുത്തു. എന്നിട്ട് പൊങ്ങി പോ തെങ്ങേ എന്നു പറഞ്ഞു കൈയിലിരുന്ന ചൂലുകൊണ്ട് തെങ്ങിന്റെ പുറത്ത് ഒരു അടിയും കൂടി കൊടുത്തു. തെങ്ങ് പൊങ്ങിപ്പോയി. പക്ഷെ മനസിൽ വലിയ ദുഖം തോന്നി. അഹങ്കാരിയായ കോതയുടെ പ്രവൃത്തി കൃഷി ദേവനോട് തെങ്ങ് പറഞ്ഞു.

കൃഷിദേവൻ അതിനു തക്ക ശിക്ഷ കൊടുത്തു. പിന്നീട് തെങ്ങ് തല കുനിച്ചു വന്നിട്ടില്ല. അന്നു തുടങ്ങിയാണ് മനുഷ്യർ തെങ്ങിൽ കയറി നാളികേരം ഇടാൻ ആരംഭിച്ചത്. അഹങ്കാരം വരുത്തിയ വിന.. ■

# ഇളനീർ

● സാഹിതി എസ്,
സാഹിതി, കാട്ടക്കോട് പി.ഒ, കാട്ടാക്കട, തിരുവനന്തപുരം.

മുറ്റത്തെ  തെങ്ങിന്റെ ആദ്യഫലത്തിൻ
മാധുര്യമെൻ നാവിലൂറിപ്പടരവെ,
ഓർത്തു ഞാനച്ഛന്റെ വാക്കുകൾ; വാത്സല്യ
മോടെന്നെ ചേർത്തു പിടിച്ചു ചൊന്നമൊഴികൾ,
ഇളനീർത്തെങ്ങാണോമലേ, ഇതിന്നു
പകർന്നീടുക ദാഹജലം മതിനയാവോളം
ഒരു നാളതു നിൻ ദാഹമകറ്റിടും നിശ്ചയം
ഓർമ്മതൻ വാസനച്ചെപ്പിലെ മയിൽപ്പീലി
ത്തുണ്ടുപോൽ ചിത്രങ്ങൾ പിന്നെയും,
താതന്റെ കൈവിരൽത്തുമ്പിലേറിയെത്ര
തൈ തെങ്ങുകൾക്കു ദാഹമകറ്റി ഞാൻ
തളിരിട്ട ചെന്തെങ്ങിന്നഴകു കണ്ടച്ഛന്റെ
നിഴലായ് നടന്നു പോയെത്ര പകലുകൾ

തടമെടുത്തു വെയിലേറ്റുരുകുമച്ഛന്റെ
വിയർപ്പിൻ ഗന്ധമിയന്ന തെങ്ങിൻ തോപ്പിൽ
നിലാവിലുലാവും ഗൗരീ ഗാത്രങ്ങളിൽ
മോഹന കാവ്യത്താലുടയാട നെയ്യുന്ന യാമിനി
വർഷാഗമത്തിൽ മഴച്ചാലുകീറിയ തൊടിയിൽ
കൊച്ചു കാൽപാടുകൾ ചേർത്തു ചിത്രമെഴുതിയ
കുളിരാർന്ന മദ്ധ്യാഹ്ന വേളകൾ തൻ
നല്ലോർമ്മകൾ തന്നു മാഞ്ഞു പോയി അച്ഛൻ

ഇന്നീ മുറ്റത്തിരുന്നെനിക്കൊപ്പമീയിള
നീർ നുകരുവാനച്ഛനില്ല, തളിരണിഞ്ഞ
കുഞ്ഞോലകളാടിടും നടനത്തിനു പൂമുഖ-
ത്തെയെന്റെ നന്മ മരത്തിന്റെ കൈത്താളമില്ല.
കാലമിരുളിലേയ്ക്കു തുറന്നിട്ട വാതിൽ
കടന്നു ദൂരേയ്ക്കു യാത്രപോയച്ഛൻ
മാടിവിളികൾക്കുമപ്പുറത്തേയ്ക്കു നീളും
ഏകാന്ത പഥികന്റെ നിശബ്ദ യാത്രപോൽ

എങ്കിലും മൃദുലകപോലത്തിലുമ്മവച്ചു
നേർത്ത മന്ദഹാസത്തോടച്ഛനുരച്ച വാക്കുകൾ
മരണമില്ലാതെയെന്നുള്ളിൽ ജ്വലിച്ചു നിൽപ്പൂ
ഉള്ളിലേയ്ക്കൂറിയലിയുന്ന ഈ നറും നീരി
നൊപ്പം നേർത്ത ഗദ്ഗദ മോടെന്റെ മിഴിനീ-
രുമൊഴുകി പ്പടരുന്നുവെന്തിനോ; അകലെയാ
നീലാംബരത്തിലെ വെൺമേഘപ്പൊട്ടു-
കളെന്റെ കാഴ്ചയിൽ നിന്നു മായുന്നൂ മെല്ലെ.
പിച്ച വയ്ക്കുന്നൊരെന്റെ പൊന്നുണ്ണിയ്ക്കു
ഇളനീർ നുകരുവാനായ് കരുതി വയ്ക്കുന്നു
ഞാനീമുളയിട്ട ഗൗളീ ഗാത്രത്തൈത്തെങ്ങിനെ;
തലമുറകൾക്കു കൈമാറിടാൻ; ഫലമേകിടാൻ. ■




സമ്പത്തുകാലത്ത് തൈപത്തുവച്ചാൽ
ആപത്തുകാലത്ത് കാപത്തു തിന്നാം.

# പുഷ്പിതാഗ്രക്കവിത

● ഷാജി നായരമ്പലം.

ശശികലയുമണഞ്ഞു മുഗ്ദ്ധരാഗ
ച്ഛവി പകരും മുഖമൊട്ടു മാച്ചു മന്ദം
പകൽ മറവതു നോക്കി നിന്നു രാവിൽ
പുളകമുണർത്തിയുയർന്നു പൊങ്ങുവാനായ്

പുതിയ പുതിയ മേഘവൃന്ദമെങ്ങും
ദ്യുതിപകരും പകലോനെ നോക്കി നിൽക്കേ
ദിനകരനുമുദിച്ചു പൊങ്ങി മെല്ലെ
ക്കനിവൊഴുകും കരദീപ്തിയാൽത്തലോടി

കരിമുകിലിനുമംഗ ഭംഗി നൽകും
പരിവൃത ശോഭയിലാ ദിവാകരൻ പോൽ
നിറയുമിവിടെ ഹാ! മയൂഖ ജാല
ക്കരവിരുതാൽ ഭുവി ധന്യ ധന്യമാക്കും

തരുനിര , ചില താളമേളമോടാർ
ത്തൊഴുകിടു, മാറുമുണർന്നു നിദ്ര നീങ്ങി
രഥമതിലുടയോനൊരുങ്ങി രഥ്യ
ക്കതു പകരും പല ജീവതാളമെങ്ങും

നിരനിരയിടതിങ്ങി നില്പിതെങ്ങും
ഹരിത നിരക്കുട നീർത്തി കല്പവൃക്ഷം
പെരുമ പെരുകിടുന്ന ശില്പഭംഗ്യാ
പ്രകൃതിയിതി പ്രിയ ചിത്രണം ചമച്ച

അകലെയകലെയാർത്തലച്ചു മേഘ
പ്പുഴയഴകായ് മല മുക്കി നീങ്ങിടുന്നു
കൊടുമുടിയിടയിൽ ചിരിച്ചു പൊങ്ങി
കുതുകമോടിക്കളി കു നിന്നിടുന്നു

പല പല നിറമായ് വിടർന്ന ഫുല്ല
സ്മിതവുമുണർന്നിതു വന്യഭംഗിയോടെ
കുനുകുനെ ചിറകിട്ടടിച്ചു കുഞ്ഞി
ക്കിളികളിതാ, മൃദുഗാനമൂതിടുന്നു

ഝിലഝിലമുതിരും ചിലങ്കനാദ
പ്രചുരിമയാം നറു ചോല ചേലയാക്കി
ഗിരിനിര നിതരാം നിവർന്നു നിൽപ്പൂ
ഇതുവിധമാമഴകാരു തീർത്തു വച്ചു !! ■

# തിരുകൊച്ചി നീര പ്ലാന്റ് നാടിനു സമർപ്പിക്കുന്നു

തിരുകൊച്ചി നാളികേര ഉദ്പാദക കമ്പനിയുടെ നീര പ്ലാന്റിന്റെ ഉദ്ഘാടനം 2016 ജനുവരി 23 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് പാമ്പാക്കുട ഓണക്കൂറിൽ നടക്കുമെന്ന് തിരുകൊച്ചി കമ്പനി ചെയർമാൻ ജോസഫ് ബാബു വാർത്താസമ്മേളനത്തിൽ അറിയിച്ചു.

എറണാകുളം ജില്ലയിലെ 210 സിപിഎസ്സുകളും അതിനു നേതൃത്വം കൊടുക്കുന്ന 13 ഫെഡറേഷനുകളും 55000ൽ അധികം വരുന്ന കേരകർഷകരും അംഗങ്ങളായിട്ടുള്ള നാളികേര ഉത്പാദക കമ്പനിയാണ് തിരുകൊച്ചി. 2014ൽ രൂപീകരിക്കപ്പെട്ട കമ്പനി ഒരു വർഷം കൊണ്ട് 2 കോടി 21 ലക്ഷം രൂപ ഓഹരി മൂലധനം സ്വരൂപിച്ചു. നീര വ്യാവസായിക അടിസ്ഥാനത്തിൽ സംസ്കരിച്ച് രാജ്യത്തിനകത്തും പുറത്തും വിപണനം ചെയ്യത്തക്ക നിലയിൽ ലോകോത്തര നിലവാരത്തിൽ പൂർത്തിയാക്കിയിരിക്കുന്ന ഏറ്റവും ആധുനിക പ്ലാന്റ് ആണ് ഓണക്കൂറിൽ സ്ഥാപിച്ചിരിക്കുന്നത്. മൂന്ന് നിലകളിലായി 10000 സ്ക്വയർ ഫീറ്റ് കെട്ടിടവും അന്താരാഷ്ട്ര നിലവാരമുള്ള ആൽഫാ ലാവൽ, ഹിൽഡൻ തുടങ്ങിയ കമ്പനികളുടെ യന്ത്രോപകരണങ്ങളും ആധുനിക ലാബ് സൗകര്യങ്ങളുമാണ് പ്ലാന്റിൽ ക്രമീകരിച്ചിട്ടുള്ളത്. തിരുകൊച്ചി പ്ലാന്റിൽ നീരയുടെ സംസ്കരണത്തിനും കോക്കനട്ട് ജ്യൂസിനും, നീരഹണിക്കും ആണ് മുഖ്യ പ്രാധാന്യം നൽകിയിരിക്കുന്നത്. രണ്ട് ഷിഫ്റ്റുകളിലായി 8000 ലിറ്റർ നീര സംസ്കരിക്കാനുള്ള ശേഷിയാണ് പ്ലാന്റിന് ഇപ്പോൾ ഉള്ളത്. ഇത് പിന്നീട് ഉയർത്തും.




കമ്പനി ഓഫീസ് കോംപ്ലക്സിന്റെയും കൊപ്ര ഡ്രയറിന്റെയും ഉദ്ഘാടനവും കോക്കനട്ട് ജ്യൂസ് ലോഞ്ചിംങ്ങും 23-ന് ഇതോടനുബന്ധിച്ച് നടക്കും.

# തിരുവനന്തപുരം കമ്പനി ഓഫീസ് ഉദ്ഘാടനവും ഓഹരി സമാഹരണവും നടത്തി

നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ ജില്ലയിലെ നാളികേര ഉത്പാദക ഫെഡറേഷനുകൾ ചേർന്ന് രൂപീകരിച്ച തിരുവന്തപുരം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ രജിസ്ട്രേഡ് ഓഫീസ് പാറശ്ശാല എം.എൽ.എ. എ. റ്റി. ജോർജ്ജ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.



*കർഷകരുടെ ഓഹരിഎ ടി ജോർജ്. എം.എൽ.എ. നാളികേര വികസന ബോർഡ് അസി. ഡയറക്ടർ പ്രമോദ് പി. കുര്യന് കൈമാറുന്നു*

കമ്പനിയുടെ ഓഹരി സമാഹരണത്തിന്റെ ഭാഗമായി കർഷകരുടെ ഓഹരി വിഹിതമായുള്ള ചെക്കുകൾ ബഹു. എം.എൽ.എ. നാളികേര വികസന ബോർഡ് അസി. ഡയറക്ടർ പ്രമോദ് പി. കുര്യന് കൈമാറി.. തുടർന്ന ഈ ചെക്കുകൾ പ്രമോദ് പി. കുര്യൻ കമ്പനി ചെയർമാനെ ഏൽപിച്ചു. ചെയർമാൻ പി. ശശികുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന യോഗത്തിൽ കമ്പനി മാനേജിംഗ് ഡയറക്ടർ കരിച്ചൽ എം. മനോഹരൻ വിഷയാവതരണം നടത്തി. നാളികേര വികസന ബോർഡ് അസി. ഡയറക്ടർ പ്രമോദ് പി. കുര്യൻ വിവിധ പദ്ധതികളെക്കുറിച്ച് വിശദമായി സംസാരിച്ചു. തുടർന്ന ടെക്നിക്കൽ ഓഫീസർ മീര ചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. ആർ. സലൂജ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷ്, ജില്ലാ പഞ്ചായത്തംഗം ശ്രീ. എസ്. കെ. ബെൻഡാർവിൻ പഞ്ചായത്തംഗങ്ങളായ എസ്. സുരേന്ദ്രൻ, എസ്. കേൻസിലാലി. ശ്രീമതി. ആർ. പ്രഭകുമാരി, ശ്രീമതി. നീല പി. എ., ഡയറക്ടർ ബോർഡ് അംഗങ്ങളായ കല്ലിയൂർ കെ. വിജയൻ, ജി. സുരേഷ് കുമാർ, റ്റി. എസ്. ബിനോദ് കുമാർ, എ.എൽ. ഗോപകുമാർ, ഡി. ശ്രീകുമാരൻ നായർ, സി. സൈമൺ തുടങ്ങിയവർ സംസാരിച്ചു. പാറശ്ശാല ഫെഡറേഷൻ സെക്രട്ടറി എസ്. എസ്. ലളിത് സ്വാഗതവും ട്രഷറർ എം. ശിവപ്രസാദ് കൃതജ്ഞതയും പറഞ്ഞു.

# ചേളന്നൂർ ഫെഡറേഷനിൽ പച്ചത്തേങ്ങ സംസ്കരണം ഊർജ്ജിതം



*ചേളന്നൂർ ബ്ലോക്ക് ഫെഡറേഷന്റ് കീഴിൽ പുന്നശ്ശേരിയിൽ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ പ്രവർത്തിച്ചുവരുന്ന കൊപ്രഡ്രയറിലെ പച്ചത്തേങ്ങ സംഭരണം കേരഫെഡ് റീജണൽ മാനേജർ സുഭാഷ് ഉദ്ഘാടനം ചെയ്യുന്നു.*

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് ഫെഡറേഷന്റ് കീഴിൽ പുന്നശ്ശേരിയിൽ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ പ്രവർത്തിച്ചു വരുന്ന കൊപ്രഡ്രയറിന്റെ പ്രവർത്തനം വിജയത്തിലേയ്ക്ക്. 2014 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ച ഡ്രയർ പ്രാദേശികമായി മാർക്കറ്റ് വിലയ്ക്ക് പച്ചത്തേങ്ങ സംഭരിച്ച് മേൽത്തരം കൊപ്രയാക്കി പൊതുവിപണിയിൽ നല്കുകയാണ് ചെയ്തുവരുന്നത്. ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങളിലെ കർഷകരിൽ കുറച്ചുപേർ മാത്രമാണ് ഇവിടെ പച്ചത്തേങ്ങ നല്കിയിരുന്നത്. ഒരു ബാച്ചിൽ 12000 നാളികേരം സംസ്കരിക്കാനുള്ള സൗകര്യം ഈ ഡ്രയറിൽ ഉണ്ട്. കഴിഞ്ഞ ഒരു വർഷക്കാലം നഷ്ടമില്ലാതെ ഡ്രയറിന്റെ പ്രവർത്തനങ്ങൾ നടന്നു. നാളികേരത്തിന്റെ ലഭ്യത കുറവായിരുന്നതിനാൽ 2015 ജൂണിൽ കാക്കൂർ കൃഷിഭവൻ മുഖേന കേരഫെഡുമായി കരാർ ഉണ്ടാക്കി കേരഫെഡ് കൃഷിഭവൻ വഴി സംഭരിക്കുന്ന നാളികേരം കൊപ്രയാക്കി അവർക്ക് മടക്കി നല്കുന്ന പ്രവർത്തനം തുടങ്ങുകയും ചെയ്തു. ഇത്തരത്തിൽ ഒന്നിടവിട്ട ദിവസങ്ങളിൽ അഞ്ചുടൺ പച്ചത്തേങ്ങ ഇപ്പോൾ ഇവിടെ കൊപ്രയാക്കുന്നു. ഇന്ധനമായി ചിരട്ടയാണ് ഉപയോഗിക്കുന്നത്. പ്രതിദിനം 15 തൊഴിലാളികൾ ജോലി ചെയ്യുന്നു.

ഉത്പാദക സംഘങ്ങളിലെ കർഷകരിൽ നിന്ന് 1000 രൂപ വീതം നിക്ഷേപമായി സ്വീകരിച്ചാണ് മൂലധനം സ്വരൂപിച്ചത്. ഇത്തരത്തിൽ കർഷകരുടെ വിഹിതമായി 7 ലക്ഷം രൂപയും നാളികേര വികസന ബോർഡില് നിന്നു ലഭിച്ച 6 ലക്ഷം രൂപയുമാണ് സംരംഭത്തിന്റെ മുതൽ മുടക്ക്. ഈ സാമ്പത്തിക വർഷം കർഷകർക്ക് 10 ശതമാനം ലാഭവിഹിതം നല്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡ്രയറിനോട് അനുബന്ധിച്ച് വെളിച്ചെണ്ണ യൂണിറ്റു കൂടി ആരംഭിക്കാൻ പ്രോജക്ട് തയാറാക്കിയെങ്കിലും പ്രവർത്തനങ്ങൾ തുടങ്ങിൻ സാധിച്ചില്ല. 2015 നവംബർ മുതലാണ് കാക്കൂർ കൃഷിഭവൻ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണവും സംസ്കരണവും ഈ ഡ്രയറിൽ ആരംഭിച്ചത്. ആഴ്ച്ചയിൽ ഒരു ദിവസമുള്ള ഈ പച്ചത്തേങ്ങ സംഭരണം നാട്ടിലെ കർഷകർക്ക് വളരെ പ്രയോജനമാണ് ചെയ്യുന്നത്. കേരഫെഡ് ഭാരവാഹികൾകാക്കൂർ കൃഷി ഓഫീസർ തുടങ്ങിയവരുടെ നിർലോപമായ സഹകരണം ഇക്കാര്യത്തിൽ ലഭിച്ചു. ഇന്ന് കോഴിക്കോട് ജില്ലയിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്നത് ചേളന്നൂർ ബ്ലോക്ക് ഫെഡറേഷനാണ്.

പ്രവർത്തന പാതയിൽ ഒരു വർഷം പിന്നിടുന്ന ഡ്രയർ പുതിയ ചുവടുവയ്പുകളോടെ പുരോഗതിയിലേയ്ക്ക് നീങ്ങുകയാണ്. നാളികേര വികസന ബോർഡിന്റെ സഹായവും ഉത്പാദക സംഘങ്ങളുടെ കൂട്ടായ്മയും ഫെഡറേഷന്റെ ശക്തമായ നേതൃത്വവും ചിട്ടയായ പ്രവർത്തനങ്ങളും അംഗങ്ങളായ കർഷകരുടെ സഹകരണവുമാണ് ഡ്രയറിന്റെ വിജയകരമായ മുന്നേറ്റത്തിനു കാരണം. കൂടാതെ ഫെഡറേഷൻ പ്രസിഡന്റ് പി മുഹമ്മദ്, വൈസ് പ്രസിഡന്റ് ജനാർദ്ദനൻ നായർ, സെക്രട്ടറി ടി.കെ സൗമീന്ദ്രൻ, ട്രഷറർ ടികെ കുഞ്ഞൂട്ടി എന്നിവരുടെ നേതൃത്വവും ഈ സംരംഭത്തെ വിജയത്തിലേയ്ക്ക് നയിക്കുന്നു.





*പഴശ്ശി നാളികേര ഉത്പാദക കമ്പനിയിൽൽഉൾപ്പെട്ട സംഘങ്ങളുടെ ഭാരവാഹികൾക്കായി ഉള്ള്യേരി കമ്യൂണിറ്റി ഹാളിൽ ജനുവരി 12 നു നടന്ന ശില്പശാല റിസർവ് ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ മുഹമ്മദ് സജിദ് ഉദ്ഘാടനം ചെയ്യുന്നു. നബാർഡ് ജില്ലാ മാനേജർ(ഡവലപ്മെന്റ്)ജെയിംസ് പി ജോർജ്, കാനറ ബാങ്ക് കോഴിക്കോട് ഡിവിഷണൽ മാനേജർ ആർവി പ്രദീപ്, ജില്ലാ ലീഡ് ബാങ്ക് ഡിവിഷണൽ മാനേജർ കെ.ഭുവനദാസ്, കാനറ ബാങ്ക് ബാലുശേരി ശാഖ മാനേജർ കുഞ്ഞികൃഷ്ണൻ, കുമാരി അമർജ്യോതി, കുമാരി ജെർളിൻ ജോർജ്ജ് (സി.ഡി.ബി, കൊച്ചി) തുടങ്ങിയവർ വേദിയിൽ*



*വട്ടംകുളം ഫെഡറേഷന്റെ ഷെയർ സമാഹരണം നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെ.എസ് സെബാസ്റ്റ്യൻ  നിർവഹിക്കുന്നു.*

# ഇടുക്കിയിൽ കല്പമിത്ര പദ്ധതിക്ക് തുടക്കമായി




*കല്പമിത്ര പദ്ധതിയുടെ ഉദ്ഘാടനം തടിയമ്പാട് ബ്ളോക്ക് പഞ്ചായത്ത് ഹാളിൽ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ആഗസ്തി അഴകത്ത് നിർവ്വഹിക്കുന്നു.*

ഇടുക്കി ബ്ളോക്ക് പഞ്ചായത്തും ഇടുക്കി ബ്ളോക്ക് നാളികേര ഉൽപ്പാദക ഫെഡറേഷനും സംയുക്തമായി ജനകീയാസൂത്രണ പദ്ധതി 2015 – 16 ന്റെ ഭാഗമായി നടപ്പാക്കുന്ന സമഗ്ര തെങ്ങ് സംരക്ഷണ പദ്ധതിയായ കല്പമിത്ര ഇടുക്കി ബ്ളോക്കിൽ ആരംഭിച്ചു. തുടർച്ചയായി മൂന്നാം വട്ടമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. നാളികേര വികസനബോർഡിന്റെ സഹായത്തോടെ പരിശീലനം നേടിയ തെങ്ങിന്റെ ചങ്ങാതിമാരെ ഉപയോഗിച്ചാണ് കല്പമിത്ര പദ്ധതി നടപ്പാക്കുന്നത്. തെങ്ങിന്റെ മണ്ടയൊരുക്കി ജൈവമരുന്ന് തളിക്കുന്ന ഈ പദ്ധതിയുടെ ആകെ അടങ്കൽ തുക 20 ലക്ഷം രൂപയാണ്. ഇതിൽ 10 ലക്ഷം രൂപ ബ്ളോക്ക് പഞ്ചായത്തും 10 ലക്ഷം രൂപ ഗുണഭോക്താക്കളും മുടക്കും. 50 രൂപയാണ് തെങ്ങിന്റെ ചങ്ങാതിമാർക്ക് ഓരോ തെങ്ങ് ഒരുക്കി മരുന്ന് തളിക്കുന്നതിന് ലഭിക്കുക. തളിക്കുന്ന മരുന്ന് ബ്ളോക്ക് പഞ്ചായത്ത് കൃഷിവകുപ്പിന്റെ ഇടുക്കിയിൽ പ്രവർത്തിക്കുന്ന അഗ്രോസെന്റർ വഴി ലഭ്യമാക്കും. ഇടുക്കി ബ്ളോക്ക് നാളികേര ഉൽപ്പാദക ഫെഡറേഷനാണ് നടത്തിപ്പു ചുമതല. ഫെഡറേഷനിൽ ഉൾപ്പെട്ട 44 സംഘങ്ങളിലെ  40000 തെങ്ങുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംഘത്തിലെ തെങ്ങുകളുടെ ഏണ്ണം, അംഗങ്ങളുടെ ഏണ്ണം എന്നിവ അനുസരിച്ച് ഫെഡറേഷൻ ഒരുക്കേണ്ട തെങ്ങുകളുടെ എണ്ണം ഓരോസംഘത്തിനും നിശ്ചയിച്ചു നൽകുകയും അതിനാവശ്യമായ മരുന്നുകളും വിതരണം ചെയ്യുകയും ചെയ്തു. 2016 ഫെബ്രുവരി 5 – ന് പദ്ധതി പൂർത്തിയാക്കും.

കല്പമിത്ര പദ്ധതിയുടെ ഉദ്ഘാടനം തടിയമ്പാട് ബ്ളോക്ക് പഞ്ചായത്ത് ഹാളിൽ ഇടുക്കി  ബ്ളോക്ക് പഞ്ചായത്ത്  പ്രസിഡന്റ് ശ്രീ ആഗസ്തി അഴകത്ത് നിർവ്വഹിച്ചു. ഫെഡറേഷൻ പ്രസിഡന്റ് ജോർജ് മേക്കമ്യാലി അദ്ധ്യക്ഷത വഹിച്ചു. ബ്ളോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ കുഴിഞ്ഞാലിൽ മുഖ്യ പ്രഭാഷണം നടത്തി. ബ്ളോക്ക് പഞ്ചായത്ത് വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ റെജി മുക്കാട്ട് , മെമ്പർമാരായ ജോർജ് വട്ടപ്പാറ, ജലജ ഷാജി , കെ പി സുരേന്ദ്രൻ, ടോമി ജോസഫ് കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. ഫെഡറേഷൻ  സെക്രട്ടറി സോണി ചൊള്ളാമഠം സ്വാഗതും, ജോ: സെക്രട്ടറി അഗസ്റ്റിൻ കോലേത്ത് കൃതജ്ഞതയും പറഞ്ഞു.തുടർന്ന് നടന്ന ശില്പശാലയിൽ കൃഷി വകുപ്പ് അസി. ഡയറക്ടർ ശ്രീമതി ആൻസി തോമസ്, ആത്മ ഫീൽഡ് സ്റ്റാഫ് കുമാരി ജൂബിയ ശശി തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. ഫെഡറേഷൻ ഭാരവാഹികളായ വി ഡി സെബാസ്റ്റ്യൻ, രാജൻപിള്ള കറ്റിവീട്ടിൽ, ടോമി തുണ്ടത്തിൽ , ചാർളി പടികര തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.




*ഒഞ്ചിയം ഗ്രാമീണ നാളികേര ഉത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നാദാപുരം റോഡിൽ ആരംഭിച്ച കോക്കനട് പോയിന്റ് വടകര എം എൽ എ ശ്രീ.സികെ നാണു ഉദ്ഘാടനം ചെയ്യുന്നു*

## കോക്കനട്ട് പോയിന്റ് ഉദ്ഘാടനം ചെയ്തു

ഒഞ്ചിയം ഗ്രാമീണ നാളികേര ഉത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നാദാപുരം റോഡിൽ ആരംഭിച്ച കോക്കനട് പോയിന്റ് വടകര എം എൽ എ ശ്രീ.സികെ നാണു ഉദ്ഘാടനം ചെയ്തു. നീരയുടെ ആദ്യ വില്പന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ചെയർമാൻ രമേശൻ പാലേരി നിർവഹിച്ചു. ഊരാളുങ്കൽ ഹൗസിംങ് സൊസൈറ്റി പ്രസിഡന്റ് ആർ ഗോപാലൻ നീര ഏറ്റുവാങ്ങി. ചടങ്ങിൽ വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, കർഷകർ, നാട്ടുകാർ എന്നിവർ പങ്കെടുത്തു. യോഗത്തിൽ ഫെഡറേഷൻ പ്രസിഡന്റ് എം സി ബാലകൃഷ്ണൻ അധ്യക്ഷനായിരുന്നു. സെക്രട്ടറി ഈ നാണു സ്വാഗതവും സി കരുണൻ നന്ദിയും പറഞ്ഞു.

## ഇരിട്ടി സിപിഎസുകൾ യോഗം ചേർന്നു

ഇരിട്ടി കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തന പരിധിയിലുള്ള ഉത്പാദക സംഘങ്ങളുടെ യോഗം ജനുവരി രണ്ടിന് ഇരിട്ടിയിൽ ചേർന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സിപിഎസുകൾ ചെയ്യേണ്ട പദ്ധതികളെ കുറിച്ച് യോഗം ചർച്ചചെയ്തു. ജനുവരി 31 മുമ്പായി കമ്പനിയുടെ ഓഹരി മൂലധനം രണ്ടുകോടിയിൽ എത്തിക്കുന്നതിനുള്ള തീവ്ര ഓഹരി സമാഹരണ പ്രവർത്തനങ്ങൾ സംബന്ധിച്ചും യോഗത്തിൽ തീരുമാനങ്ങൾ ഉണ്ടായി. ചെയർമാൻ എൻ ജെ ജോസ് അധ്യക്ഷനായിരുന്നു. ഡയറക്ടർമാരായ പിസി സ്കറിയ, ടിഎ അഗസ്റ്റിൻ, ജോസ് പൂമല, എംവി മത്തായി, ശ്രീകുമാർ കൂടത്തിൽ, വികെ ജോസഫ്, മുഹമ്മദ് ബഷീർ, എംഡി ജോസ്, കെജെ തോമസ് എന്നിവർ സംസാരിച്ചു.



*ഇരിട്ടി കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തന പരിധിയിലുള്ള നാളികേര ഉത്പാദക സംഘങ്ങളുടെ യോഗത്തിൽ ചെയർമാൻ എൻജെ ജോസ് പ്രസംഗിക്കുന്നു.*

## കരൂർ നാളികേര ഉത്പാദക ഫെഡറേഷൻ ഉദ്ഘാടനം ചെയ്തു

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ കരൂർ പഞ്ചായത്ത് കേന്ദ്രമാക്കി രൂപീകരിച്ചിട്ടുള്ള നാളികേര ഉത്പാദക ഫെഡറേഷന്റെ ഉദ്ഘാടനവും കർഷക സെമിനാറും കരൂർ പാരീഷ് ഹാളിൽ നടത്തി. ഫെഡറേഷൻ ഉദ്ഘാടനം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ഫിലിപ്പ് കുഴികുളം നിർവഹിച്ചു. കർഷക സെമിനാറിൽ നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെ.എസ് സെബാസ്റ്റ്യൻ മാത്തുക്കുട്ടി തെരുവപ്പുഴ എന്നിവർ ക്ലാസ് നയിച്ചു.

സമ്മേളനത്തിൽ ഫെഡറേഷൻ പ്രസിഡന്റ് ഡൊമിനിക് എലിപ്പുലിക്കാട്ട് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം പെണ്ണമ്മ ജോസഫ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജോർജ് നടയത്ത്, പഞ്ചായത്ത് പ്രസിഡന്റ് ആനിയമ്മ ജോസ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സിബി ഓടയ്ക്കൽ, കോട്ടയം കമ്പനി ചെയർമാൻ അഡ്വ പിസി മാത്യു, ഫാ.ജോസഫ് കൊച്ചുപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. സെക്രട്ടറി ജയകുമാർ സ്വാഗതം പറഞ്ഞു. സെമിനാറിൽ പങ്കെടുത്ത കർഷകർക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്യുകയുമുണ്ടായി.



*കരൂർ നാളികേര ഉത്പാദക ഫെഡറേഷന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ ബാങ്ക് പ്രസിഡന്റ് ഫിലിപ് കുഴികുളം ഉദ്ഘാടനം ചെയ്യുന്നു. കോട്ടയം പ്രൊഡ്യൂസർ കമ്പനി ചെയർമാൻ അഡ്വ. പിസി മാത്യു, ഫെഡറേഷൻ പ്രസിഡന്റ് ഡൊമിനിക് എലുപ്പുലിക്കാട്ട്,* നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെഎസ് *സെബാസ്റ്റ്യൻ, ഫാ. ജോസഫ് കൊച്ചുപറമ്പിൽ, ജില്ലാ പഞ്ചായത്ത് അംഗം പെണ്ണമ്മ ജോസഫ് തുടങ്ങിയവർ സമീപം.*

## കോഴിക്കോട് കമ്പനി ഓഫീസ് മാറ്റി

കോഴിക്കോട് കോക്കനട്ട് ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ ഹെഡ് ഓഫീസ് കുന്ദമംഗലത്ത് നിന്ന് കോഴിക്കോട് സിറ്റിയിൽ മാവൂർ റോഡ് ജംങ്ഷനിലുള്ള പിജി കോംപ്ലക്സിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു.

## പേരാമ്പ്ര നാളികേര ഉത്പാദക കമ്പനിക്ക് ഐഎസ്ഒ 9001


Universal Certification Ltd.

Certificate of Registration

This Certificate is issued to

Perambra Coconut Producer Company Limited
PP. 1/994F, Alankar Arcade, Perambra P.O., Kozhikode - 673 525, Kerala, India.

after assessing Organization's Quality Management System and finding it in compliance with

ISO 9001:2008

For the following Scope:

Providing Support and Assistance to Coconut Farmers in Organic Farming. Procuring, Processing, Manufacturing, Marketing and Exporting of Coconut Products including Neera, Virgin Coconut Oil and Coconut Water.

Certificate No: UCQ-1601174

Date of Registration: 16 - 01 - 2016
Date of Issue: 16 - 01 - 2016
Date of Expiry: 15 - 01 - 2019
(Subject to yearly surveillance audit)

Authorised Signatory
Universal Certification Ltd.

AAB American Accreditation Board

പേരാമ്പ്ര നാളികേര ഉത്പാദക കമ്പനിക്ക് ഐഎസ്ഒ 9001 - 2008 സർട്ടിഫിക്കേഷൻ ലഭിച്ചു. ആഗോളാടിസ്ഥാനത്തിൽ നിലവാര പരിശോധനകൾ പൂർത്തിയാക്കി ലണ്ടൻ ആസ്ഥാനമായുള്ള യൂണിവേഴ്സൽ സർട്ടിഫിക്കേഷൻ ലിമിറ്റഡാണ് കമ്പനിക്ക് ഇത് നല്കിയിരിക്കുന്നത്. നാളികേര മേഖലയുടെയും കർഷകരുടെയും പ്രോത്സാഹനാർത്ഥം ജൈവകൃഷി, നാളികേര സംഭരണം, സംസ്കരണം, നീര, വെർജിൻ കോക്കനട്ട് ഓയിൽ, പായക്ക് ചെയ്ത തേങ്ങാ വെള്ളം തുടങ്ങിയ മൂല്യവർധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണം, കയറ്റുമതി, വിപണനം തുടങ്ങിയ മേഖലകളിൽ കമ്പനി നടത്തുന്ന പ്രവർത്തനങ്ങൾ മുൻനിർത്തായാണ് ഐഎസ്ഒ അംഗീകാരം ലഭിച്ചിരിക്കുന്നത്.

## വെട്ടം നോർത്ത് ഫെഡറേഷനിൽ ഊർജ്ജിത ഓഹരി സമാഹരണം



*വെട്ടം നോർത്ത് ഫെഡറേഷന്റെ ഓഹരി സമാഹരണ യജ്ഞം കൃഷി അസിസ്റ്റന്റ് സുരേന്ദ്രനിൽ നിന്ന് കമ്പനിയുടെ ഷെയർ സർട്ടിഫിക്കറ്റ് സ്വീകരിച്ചുകൊണ്ട് ഫെഡറേഷൻ പ്രസിഡന്റ് കെ മുഹമ്മദ് നിർവഹിക്കുന്നു.*

മലപ്പുറം ജില്ലയിലെ വെട്ടം നോർത്ത് ഫെഡറേഷൻ പുരോഗതിയുടെ പാതയിൽ മുന്നോട്ട്. ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കോക്കനട്ട് പോയിന്റ് ജനുവരി 25 ന് തിരൂർ എംഎൽഎ മമ്മുട്ടി ഉദ്ഘാടനം ചെയ്യും. പുതിയ വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലെ ജനപ്രതിനിധികൾക്ക് അടുത്ത മാസം ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നല്കാനും തീരുമാനിച്ചതായി സെക്രട്ടറി മുഹമ്മദ് മുസ്തഫ അറിയിച്ചു.

നിലവിൽ 21 സിപിഎസുകളിലായി 1350 അംഗങ്ങളാണ് ഈ ഫെഡറേഷനിൽ ഉള്ളത്. എല്ലാ സിപിഎസുകളും മികച്ച പ്രവർത്തനമാണ് കഴിഞ്ഞ വർഷം കാഴ്ച്ച വച്ചത്. 20 സെന്റ് സ്ഥലം 20 വർഷത്തേയ്ക്ക് ലീസിന് എടുത്ത് അതിൽ ഒരു കൊപ്ര ഡ്രയർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഫെഡറേഷൻ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഒരു ബാച്ചിൽ 10000 നാളികേരം കൊപ്രയാക്കാൻ ശേഷിയുള്ള ഡ്രയറാണ് നിർമ്മിക്കുന്നത്. 21 സിപിഎസുകളും 25000 രൂപ വീതം നല്കി ഇതിനുള്ള മൂലധനം സ്വരൂപിക്കുകയായിരുന്നു. തെങ്ങു കയറ്റ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു മാനേജ്മെന്റിന്റെ നേതൃത്വത്തിൽ അവരെ വിന്യസിച്ച് ആ പ്രവൃത്തി ചെയ്തു വരുന്നു. ഫെഡറേഷന്റെ സ്വന്തമായ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം വെട്ടം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി സൈനുദ്ദീൻ നിർവഹിക്കുകയുണ്ടായി.

ഫെഡറേഷന്റെ കീഴിലുള്ള രണ്ടു സിപിഎസുകളിൽ തെങ്ങിൻ തൈകളുടെ നഴ്സറി പ്രവർത്തിച്ചുവരുന്നു. മലയൻ ഗ്രീൻ ഡ്വാർഫ്, മലയൻ യെല്ലോ ഡ്വാർഫ്, ചാവക്കാടൻ യെല്ലോ എന്നീ ഇനങ്ങളാണ് ഇവിടെ നിന്ന് കൃഷിക്കാർക്ക് വിതരണം ചെയ്തു വരുന്നത്.

തിരൂർ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയിൽ വെട്ടം നോർത്ത് ഫെഡറേഷനും അംഗമാണ്. ഫെഡറേഷന്റെ പ്രസിഡന്റും സെക്രട്ടറിയും കമ്പനിയുടെ ഡയറക്ടർമാരാണ്. ഫെഡറേഷന്റെ കീഴിൽ തീവ്ര ഓഹരി സമാഹരണം നടക്കുകയാണ്. ഇതിന്റെ ഉദ്ഘാടനം പ്രസിഡന്റ് കെ മുഹമ്മദിന് തിരൂർ കമ്പനിയുടെ ഓഹരി സർട്ടിഫിക്കറ്റ് നല്കിക്കൊണ്ട് വെട്ടം കൃഷി അസിസ്റ്റന്റ് സുരേന്ദ്രൻ നിർവഹിച്ചു. നിലവിൽ 1500 തെങ്ങിൽ നിന്നു നീര ടാപ്പു ചെയ്യുന്നതിനുള്ള ലൈസൻസ് ഫെഡറേഷനു ലഭിച്ചിട്ടുണ്ട്. 20 ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു.

കർഷകർക്ക് നാളികേര വികസന ബോർഡിൽ നിന്നു ലഭിച്ച ലക്ഷക്കണക്കിനു രൂപയുടെ അഞ്ച് ഇനം വളങ്ങൾ ഫെഡറേഷന്റെ നേതൃത്വത്തിലാണ് വിതരണം ചെയ്തത്. അതുപോലെ രോഗം ബാധിച്ചതും ഉത്പാദനം കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റാനുള്ള പദ്ധതിയിൽ അപേക്ഷ നല്കിയ എല്ലാ അംഗങ്ങൾക്കും ആ ഇനത്തിലുള്ള സബ്സിഡി തുക ബോർഡിൽനിന്ന് ലഭ്യമാക്കുന്നതിനും ഫെഡറേഷനു സാധിച്ചു.

## നീര വിനാഗിരി വിപണിയിലിറക്കി

കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പുതിയ ഉത്പ്പന്നമായ നീര സുർക്ക വിപണിയിൽ. പുതിയ ഉത്പന്നം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ പി ശിവദാസൻ നായർക്ക് നല്കിക്കൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശേരി വിപണിയിലിറക്കി. കമ്പനിയുടെ വക നീര സോഫ്റ്റ് ഡ്രിങ്ക്, നീര ഹണി, നീര അപ്പം, നീര ഹലുവ,വെളിച്ചെണ്ണ തുടങ്ങിയ ഉത്പ്പന്നങ്ങളും ഇപ്പോൾ വിപണിയിൽ ഉണ്ട്.

## ജനപ്രതിനിധികൾക്കു സ്വീകരണം നല്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ട നാളികേര കർഷകർക്ക് കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ സ്വീകരണം നല്കി. കമ്പനിയുടെ പരിധിയിലുള്ള ഉത്പാദക സംഘങ്ങൾ ഫെഡറേഷനുകൾ തുടങ്ങിയവയിൽ നിന്നുള്ള പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളെയാണ് കമ്പനി ആദരിച്ചത്. സ്വീകരണ യോഗത്തിൽ കമ്പനി ചെയർമാൻ പി പ്രദീപ് കുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശേരി ഉൾപ്പെടെ 40 ജനപ്രതിനിധികൾക്കാണ് നാളികേര കർഷകർ സ്വീകരണം നല്കിയത്. നാളികേര മേഖലയ്ക്ക് വികസനം സാധ്യമാകുന്ന തരത്തിലുള്ള പദ്ധതികൾ തയാരാക്കുക, പദ്ധതിയുടെ നിർവഹണ ഏജൻസിയായി സിപിസി, സിപിഎഫ് എന്നിവയെ ചുമതലപ്പെടുത്തുക,നഴ്സറികൾ, ഡ്രയറുകൾ, നീര ടെക്നീഷ്യൻ പരിശീലനം, കോക്കനട് പോയിന്റുകൾ എന്നിവയ്ക്ക് സഹായങ്ങൾ നല്കുക, അതിനുള്ള പദ്ധതികൾ തയാറാക്കുക എന്നീ ആവശ്യങ്ങളുടങ്ങുന്ന നിവേദനം യോഗത്തിൽ ചെയർമാൻ ജനപ്രതിനിധികൾക്ക് സമർപ്പിച്ചു.




*കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ നടന്ന കേര കർഷക സംഗമം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശേരി സംഗമം ഉദ്ഘാടനം ചെയ്യുന്നു.*

## കേരകർഷക സംഗമം നടത്തി

കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ കേര കർഷക സംഗമം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശേരി സംഗമം ഉദ്ഘാടനം ചെയ്തു. നാളികേര മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. പദ്ധതി നടത്തിപ്പിന് ഉത്പാദക സംഘങ്ങളുടെയും ഫെഡറേഷനുകളുടെയും കമ്പനിയുടെയും സഹകരണം പ്രസിഡന്റ് അഭ്യർത്ഥിച്ചു. നാളികേര വികസന ബോർഡിന് നല്കാനുള്ള ഫണ്ട് ഉടൻ അനുവദിക്കുക, ഇതിൽ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം വർധിപ്പിക്കുക, കൊപ്ര ഡ്രയർ നഴ്സറികൾ,കോക്കനട്ട് പോയിന്റുകൾ എന്നിവയ്ക്കായി സാമ്പത്തിക സഹായം അനുവദിക്കുക, പച്ചത്തേങ്ങ സംഭരണത്തിന് സംഘങ്ങളെയും ഫെഡറേഷനുകളെയും ഏജൻസികളായി നിശ്ചയിക്കുക, തേങ്ങാ സംഭരണത്തിനുള്ള റിവോൾവിംങ് ഫണ്ട് അനുവദിക്കുക, പച്ചത്തേങ്ങ കിലോഗ്രാമിന് 40 രൂപ വില നിശ്ചയിക്കുക എന്നീ ആവശ്യങ്ങളടങ്ങുന്ന പ്രമേയം യോഗം അംഗീകരിച്ചു.

ഈ ആവശ്യങ്ങൾ അനുവദിച്ചു കിട്ടുന്നതിനായി വിവിധ നാളികേര കമ്പനികളെയും കർഷക സംഘടനകളെയും സംഘടിപ്പിച്ച് പ്രക്ഷോഭ പരിപാടികൾ ആരംഭിക്കാനും സംഗമം തീരുമാനിച്ചു.

സംഗമത്തിൽ കമ്പനി ചെയർമാൻ പി പിരദീപ് കുമാർ അധ്യക്ഷനായിരുന്നു. പി ശിവദാസൻ നായർ, കെ എ മോഹനൻ, സികെ മുഹമ്മദ്, എംടി മുഹമ്മദ് തുടങ്ങിയവർ സംസാരിച്ചു. ചന്ദ്രൻ തിരുവലത്ത് പ്രക്ഷോഭ പ്രമേയം അവതരിപ്പിച്ചു. മാനേജിംങ് ഡയറക്ടർ ടികെ സൗമീന്ദ്രൻ സ്വാഗതവും ഡയറക്ടർ ഇ പരമേശ്വരൻ നന്ദിയും പറഞ്ഞു.

## തെങ്ങിൻ തൈകൾ വിതരണം ചെയ്തു.

മങ്കട ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡൂസിങ്ങ് സൊസൈറ്റിക്ക് നേര്യമംഗലത്തുള്ള ഫാമിൽ നിന്നും അനുവദിച്ചുകിട്ടിയ 1000 തെങ്ങിൻ തൈകൾ മങ്കട പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പറച്ചിക്കോട്ടിൽ അബ്ബാസലിം മുതിർന്ന കർഷകൻ കെ.ടി. യൂസ്സഫിന് നല്കി വിതരണം ഉദ്ഘാടനം ചെയ്തു.

ഫെഡറേഷൻ പ്രസിഡണ്ട് പി.ബഷീർ അഹമ്മദ് ഹാജി, എച്ച്.എ.നൗഷാദ് ചേരിയം, പ്രശാന്ത് മങ്കട, വേണു.എം., മൊയ്തീൻ.എം തുടങ്ങിയവർ പങ്കെടുത്തു.

# പേരാമ്പ്ര നാളികേര ഉത്പാദക കമ്പനിയുടെ ഓഫീസ് ഉദ്ഘാടനം ചെയ്തു




*പേരാമ്പ്ര നാളികേര ഉത്പാദക കമ്പനിയുടെ ഓഫീസിന്റെയും ഏകദിന ശില്പ ശാലയുടെയും ഉദ്ഘാടനം സുരഭി ഓഡിറ്റോറിയത്തിൽ പേരാമ്പ്ര എംഎൽഎ കെ കുഞ്ഞഹമ്മദ് നിർവഹിക്കുന്നു.*

പേരാമ്പ്ര നാളികേര ഉത്പാദക കമ്പനിയുടെ ഓഫീസ് ഉദ്ഘാടനവും ഏകദിന ശില്പശാലയും പേരാമ്പ്ര സുരഭി ഓഡിറ്റോറിയത്തിൽ നടന്നു. രാവിലെ നടന്ന ചടങ്ങിൽ പേരാമ്പ്ര കമ്പനി ചെയർമാൻ ഇ എസ് ജെയിംസ് അധ്യക്ഷനായിരുന്നു. പേരാമ്പ്ര എംഎൽഎ കെ കുഞ്ഞഹമ്മദ് സെമിനാറും ഓഫീസും ഉദ്ഘാടനം ചെയ്തു. ഫെഡറേഷനുകൾക്കുള്ള ഡ്രയർ ലോൺ ജില്ലാ ബാങ്ക് പ്രസിഡന്റ് മനയത്ത് ചന്ദ്രൻ വിതരണം ചെയ്തു. 800 കർഷകർ സെമിനാറിൽ പങ്കെടുത്തു. ചീഫ് എക്സിക്കുട്ടിവ് ഓഫീസർ ഉണ്ണികൃഷ്ണൻ നായർ റിപ്പോർട്ട് അവതരിപ്പിച്ചു. പേരാമ്പ്ര കമ്പനിയുടെ നീര പ്ലാന്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പെരുവണ്ണാംമൂഴിയിൽ ആരംഭിച്ചതായി ഭാരവാഹികൾ അറിയിച്ചു. പെരുവണ്ണാംമൂഴി ചക്കിട്ടപ്പാറ റോഡിൽ തലച്ചിറ ഭാഗത്താണ് 11.10 കോടി രൂപ ചെലവിൽ പ്ലാന്റ് നിർമ്മിക്കുന്നത്. കെട്ടിടത്തിനു തന്നെ 3.10 കോടി ചെലവ് വരും. എട്ടു കോടിയുടെ മെഷിനറികൾക്ക് ഓർഡർ നല്കി കഴിഞ്ഞു. മാർച്ച് 31 ന് പ്ലാന്റ് കമ്മിഷൻ ചെയ്യുകയാണ് ലക്ഷ്യം.

കമ്പനിയുടെ കീഴിൽ 120 ടെക്നീഷ്യന്മാർ നീര ഉത്പാദനം ആരംഭിച്ചു കഴിഞ്ഞു. ഇത് ഇപ്പോൾ കോഴിക്കോട് പ്ലാന്റിൽ എത്തിച്ചാണ് സംസ്കരിക്കുന്നത്. നീരയ്ക്കു പുറമെ വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, തേങ്ങാപ്പാൽ, പായ്ക്ക് ചെയ്ത തേങ്ങാവെള്ളം എന്നിവയും കമ്പനി പുറത്തിറക്കും. ചകിരിച്ചോറിൽ നിന്ന് വളം നിർമ്മിക്കാനും പദ്ധതി ഉണ്ട്. കമ്പനിക്കു കീഴിൽ 15 ഫെഡറേഷനുകളും 218 ഉത്പാദക സംഘങ്ങളും ഉണ്ട്. ഇതിലെല്ലാം കൂടി 19000 നാളികേര കൃഷിക്കാർ അംഗങ്ങളായി ഉണ്ട്. ഇവർക്കെല്ലാം കമ്പനി ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളുടെ പ്രയോജനം ലഭിക്കും.

മാർച്ചിൽ എല്ലാ ഫെഡറേഷനുകളും ആധുനിക കൊപ്ര ഡ്രയറുകൾ സ്ഥാപിച്ച് കൊപ്ര ഉത്പാദനം ആരംഭിക്കും. അംഗങ്ങളായ കർഷകരിൽ നിന്ന് പ്രതിദിനം പതിനായിരം കൊപ്ര വീതം സംഭരിച്ചാണ് ഡ്രയറുകൾ പ്രവർത്തിപ്പിക്കുക. തേങ്ങ പൊതിക്കാനുള്ള യന്ത്രത്തിനും ഓർഡർ നല്കിയിട്ടുണ്ട്. പൊളിക്കുന്ന തേങ്ങയിൽ നിന്ന് ഉടൻ തന്നെ ചിരട്ട നീക്കം ചെയ്യും. പച്ചത്തേങ്ങ ഉടൻ സംഭരിച്ച് അതിലെ വെള്ളം ശേഖരിക്കും. ഈ തോങ്ങാവെള്ളം രാസവസ്തുക്കൾ ചേർക്കാതെ സംസ്കരിച്ച് ഒരു വർഷം വരെ കേടുകൂടാതെ സൂക്ഷിക്കാവുന്ന രാജ്യത്തെ ആദ്യ പ്ലാന്റാണ് ചക്കിട്ട പാറയിൽ നിർമ്മാണം പൂർത്തിയാക്കുക. മാർച്ച് 31 ന് പ്ലാന്റ് കമ്മിഷൻ ചെയ്യുക. കർഷകർക്കു വിതരണം ചെയ്യുന്നതിനായി 47000 തെങ്ങിൻ തൈകളും കമ്പനി തയാറാക്കി വച്ചിട്ടുണ്ട്.

കമ്പനി ഇതിനോടകം രണ്ടേകാൽ കോടി രൂപയുടെ ഷെയറുകൾ സമാഹരിച്ചു കഴിഞ്ഞു. മാർച്ചു മാസത്തോടെ ഇത് അഞ്ചു കോടി ആയി ഉയർത്താനാണ് ലക്ഷ്യം. കഴിഞ്ഞ മാർച്ചിലാണ് കമ്പനി ആരംഭിച്ചത്.



*പേരാമ്പ്ര നാളികേര ഉത്പാദക കമ്പനിയുടെ ഓഫീസിന്റെ ഉദ്ഘാടനത്തിനെത്തിയ കർഷകസദസ്*



*കൊടുങ്ങല്ലൂർ നാളികേര ഉൽപാദക കമ്പനിയിലെ 4 ഉത്പാദക സംഘങ്ങളിൽ നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിയുടെ ഒന്നാം ഘട്ടം അഡ്വ. വി. എസ്. സുനിൽകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

# സമഗ്ര വികസന പദ്ധതി ഒന്നാം ഘട്ടം

കൊടുങ്ങല്ലൂർ നാളികേര ഉൽപാദക കമ്പനിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫെഡറേഷനുകളിൽ മികച്ച നിലയിൽ പ്രവർത്തിക്കുന്ന 4 ഉത്പാദക സംഘങ്ങളിൽ നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിയുടെ ഒന്നാം ഘട്ടം അഡ്വ. വി. എസ്. സുനിൽകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടന ചടങ്ങിൽ പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് നല്കിയ സ്വീകരണത്തിൽ സംസാരിച്ച ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. കെ. സച്ചിത്ത് കമ്പനിയും, ഫെഡറേഷനുമായി സഹകരിച്ച് കേര കാർഷിക മേഖലയിൽ സമഗ്രമായ മുന്നേറ്റത്തിനു തയ്യാറെടുക്കുമെന്നു പ്രഖ്യാപിച്ചു.

ഓഹരി പങ്കാളിത്തത്തിൽ കൂടുതൽ അംഗങ്ങൾ ഓഹരി എടുത്തിട്ടുള്ളതും, ജൈവവള നിർമ്മാണം, തെങ്ങിൻ തൈ നേഴ്സറി, തെങ്ങിൻ തൈ വിതരണം, ഔട്ട് ലെറ്റുകൾ എന്നീ പ്രവർത്തനങ്ങളിൽ മികവു പുലർത്തിയതുമായ ഉത്പാദക സംഘങ്ങളെയാണ് എൽ.ഒ.ഡി.പി. പദ്ധതി നടപ്പിലാക്കുന്നതിന് കമ്പനി ശുപാർശ ചെയ്തത്.

## കർഷക സെമിനാർ നടത്തി

മങ്കട ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസിങ്ങ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഗോൾഡൻ സ്റ്റാർ ക്ലബ്ബും 'ചാരിക്കോ'യും ചേർന്ന് നാളികേര കർഷക സെമിനാർ സംഘടിപ്പിച്ചു. സെമിനാർ തെങ്ങ് കർഷകർക്ക് വലിയ ആവേശമായി. വാർഡ് പ്രതിനിധി മെമ്പർ പി.നൗഷാദ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് പി.ബഷീർ അഹമ്മദ് ഹാജി അദ്ധ്യക്ഷത വഹിച്ചു. മനോജ് ഇരുംബൂഴി മുഖ്യപ്രഭാഷണം നടത്തി. കാലിക്കറ്റ് സർവ്വകലാശാല കൃഷി വിഭാഗത്തലവൻ ഗോപാലകൃഷ്ണൻ ക്ലാസ്സ് എടുത്തു. കൃഷി ഓഫീസർ ജസ്ന ആശംസകൾ അർപ്പിച്ചു.

# നാളികേര സെമിനാർ നടത്തി

മങ്ങാട്ടിടം നാളികേര ഉത്പാദക ഫെഡറേഷന്റെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തൊക്കിലങ്ങാടി ശാഖയുടെയും ആഭിമുഖ്യത്തിൽ വട്ടിപ്രം യുപി സ്കൂളിൽ നാളികേര സെമിനാർ നടത്തി. മട്ടന്നൂർ എംഎൽഎ ശ്രീ. ഇ.പി. ജയരാജൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാജി കരിപ്പായി അധ്യക്ഷനായിരുന്നു. ഉത്പാദക സംഘാംഗങ്ങളായ കർഷകർക്കുള്ള കോംബോ കാർഡുകളുടെ വിതരണം സ്റ്റേറ്റ് ബാങ്ക് കണ്ണൂർ റീജണൽ അസിസ്റ്റന്റ് ജനറൽ മാനേജർ എവി സുരേഷ് ബാബു നിർവഹിച്ചു. കൽപകശ്രീ കോംബോ കാർഡിനെകുറിച്ച് തൊക്കിലങ്ങാടി ശാഖാ മാനേജർ ജോർജ് തോമസ് സംസാരിച്ചു. കർഷക സെമിനാറിൽ ഡോ.പിസി ബാലകൃഷ്ണൻ, ശ്രീമതി എ അനിത എന്നിവർ ക്ലാസ് എടുത്തു. ഫെഡറേഷൻ സെക്രട്ടറി കെ. ആർ പുഷ്പരാജൻ സ്വാഗതവും പ്രസിഡന്റ് സി വാസു നന്ദിയും പറഞ്ഞു. മികച്ച ഫാം ഓഫീസർക്കുള്ള അവാർഡ് നേടിയ പാലയാട് കോക്കനട്ട് ഫാം ഓഫീസർ ശ്രീമതി അനിതയെ ചടങ്ങിൽ ആദരിച്ചു.



*മങ്ങാട്ടിടം നാളികേര ഉത്പാദക ഫെഡറേഷന്റെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തൊക്കിലങ്ങാടി ശാഖയുടെയും ആഭിമുഖ്യത്തിൽ വട്ടിപ്രം യുപി സ്കൂളിൽ നാളികേര സെമിനാർ ഇപി ജയരാജൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.*

# തൃശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ നാളികേര ഉത്പാദകകമ്പനിയുടെ മൂന്നു പുതിയ കോക്കനട്ട് പോയിന്റുകൾ

തൃശൂർ ജില്ലയിൽ വെള്ളാങ്കല്ലൂർ, പെരിഞ്ഞനം, പൊയ്യ എന്നീ പഞ്ചായത്തുകളിൽ കൂടി കോക്കനട്ട് കിയോസ്കുകൾ (കോക്കനട്ട് പോയിന്റ്) പ്രവർത്തനം ആരംഭിച്ചു. കമ്പനിയുടെ നേതൃത്വത്തിൽ വിജയകരമായി നടത്തി വരുന്ന എടവിലങ്ങ്, കയ്പമംഗലം പഞ്ചായത്തുകളിലെ കോക്കനട്ട് പോയിന്റുകൾക്കു പുറമേ ആണ് ഈ പുതിയ പോയിന്റുകൾ.



*പെരിഞ്ഞനം പുളിഞ്ചോട്ടിൽ ആരംഭിച്ച കോക്കനട് പോയിന്റ് പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. കെ. സച്ചിത്ത് ഉദ്ഘാടനം ചെയ്യുന്നു.*

മൂന്നാമത്തെ കോക്കനട്ട് പോയിന്റ് വെള്ളാങ്കല്ലൂർ ജംഗ്ഷനിൽ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ആലീസ് തോമസും നാലാമത്തെ പോയിന്റ് പെരിഞ്ഞനം പുളിഞ്ചോട്ടിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. കെ. സച്ചിത്തും അഞ്ചാമത്തേത് പൊയ്യ ജംങ്ഷനിൽ മാള ബ്ലോക്ക് പ്രസിഡന്റ് ശ്രീ. വർഗ്ഗീസ് കാച്ചപ്പിള്ളിയും ജനപ്രതിനിധികൾ, സി.പി.എഫ് / സി.പി.എസ്. ഭാരവാഹികൾ, കേര കർഷകർ, പൗരപ്രമുഖർ കമ്പനി ചെയർമാൻ എന്നിവരടങ്ങിയ പ്രൗഢ ഗംഭീരമായ സദസ്സിനെ സാക്ഷി നിർത്തി നിർവ്വഹിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങിനിടെ ഈയിടെ വിവിധ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി ആദരിക്കുകയും ചെയ്തു.

കമ്പനിയുടെ ഓഹരി ഉടമകളായ കേര കർഷകരുടെ ഉത്പന്നങ്ങൾ വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് മൂല്യ വർദ്ധനവ് നടത്തി ശുദ്ധിയുള്ള വെളിച്ചെണ്ണയും മറ്റു മൂല്യ വർദ്ധിത ഉത്പന്നങ്ങളും നീരയും, നീരാധിഷ്ഠിത ഉത്പന്നങ്ങളും മിതവും ന്യായവുമായ വിലയിൽ ഉപഭോക്താക്കൾക്കും കേര കർഷകർക്കും എത്തിക്കുക എന്ന സമൂഹ നന്മ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് കമ്പനി ഊന്നൽ നൽകുന്നത്. ഗുണമേന്മയുള്ളതും വംശ ശുദ്ധിയുള്ളതും ആയ തെങ്ങിൻ തൈകളുടെ ലഭ്യതയും ജൈവ കീടനാശിനികൾ, വളങ്ങൾ മറ്റു ഉത്പാദനോപാധികൾ എന്നിവയും മിതമായ നിരക്കിൽ കോക്കനട്ട് പോയിന്റുകളിലൂടെ ലഭ്യമാക്കാനും കമ്പനി ലക്ഷ്യമിടുന്നുണ്ട്.

കമ്പനിയുടെ സ്വന്തം ഉത്പന്നങ്ങൾക്കു പുറമേ സംസ്ഥാനത്തെ മറ്റു നാളികേര ഉത്പാദക കമ്പനികളുടെ ഉത്പന്നങ്ങളും കോക്കനട്ട് കിയോസ്ക്കുകളിൽ ലഭ്യമാക്കുന്നു. ഒരു വിപണന കേന്ദ്രം എന്നതിലുപരി കേര കർഷകർക്ക് അവരുടെ കാർഷിക പ്രവർത്തനങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണ കേന്ദ്രം എന്നതിലുപരി കേര കർഷകർക്ക് അവരുടെ കാർഷിക പ്രവർത്തനങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങളളുടെ നിർമ്മാണം, വിപണനം തുടങ്ങിയ കാര്യങ്ങളിലെ സംശയ ദൂരീകരണത്തിനും കാർഷിക വിഷയങ്ങൾ/ പ്രശ്നങ്ങൾ എന്നിവയുടെ ചർച്ചാ വേദിയായും നാളികേര വികസന ബോർഡിന്റെ സന്ദേശങ്ങളും നിർദ്ദേശങ്ങളും എത്തിക്കുന്നതിനുള്ള കേന്ദ്രമായും കോക്കനട്ട് കിയോസ്ക്കുകൾ പ്രവർത്തിക്കും.

കമ്പനിയുടെ ഉത്പന്നങ്ങൾക്കു സമൂഹത്തിൽ ലഭിക്കുന്ന വലിയ സ്വീകാര്യത എല്ലാ ഫെഡറേഷനുകളിലും കൂടുതൽ കോക്കനട്ട് കിയോസ്ക്കുകളുടെ സ്ഥാപനത്തിനും കമ്പനിക്ക് പ്രചോദനം നൽകുന്നു.

സംസ്ഥാനത്തെ എല്ലാ നാളികേര ഉത്പാദക കമ്പനികളും പരസ്പര സഹായ സഹകരണത്തിലൂടെ അവരുടെ കിയോസ്ക്കുകളിൽ മറ്റു ഉത്പാദക കമ്പനികളുടെ ഉത്പന്നങ്ങൾ കൂടി ലഭ്യമാക്കി വിറ്റഴിക്കുന്നതിലൂടെ ഒരു പുത്തൻ കാർഷിക വ്യവസായ ശൃംഖല കെട്ടിപ്പടുക്കുന്നതിന് സാധിക്കുന്നതാണ്. ഇത് വിപണി ഇടപെടലുകളിൽ വിദേശ വ്യാപാര സ്ഥാപനങ്ങൾക്ക് മത്സര ക്ഷമത കൈവരിക്കാൻ നാളികേര ഉത്പാദക കമ്പനികളെ സഹായിക്കുന്നു.

മായവും കലർപ്പും ഇല്ലാത്ത ആഹാര പദാർത്ഥങ്ങൾ പൊതു സമൂഹത്തിൽ മിതവും ന്യായവും, ആയ വില നിരക്കിൽ ലഭ്യമാക്കുന്നതു വഴി ആരോഗ്യമുള്ള ഒരു ഭാവി തലമുറയെ വാർത്തെടുക്കുക എന്ന ദൗത്യത്തിൽ എളിയ പങ്കു നിർവ്വഹിക്കുവാനും കോക്കനട്ട് പോയിന്റുകൾ കേര കർഷകർക്ക് തുണയാകുന്നു.

കൂടുതൽ കൂടുതൽ കോക്കനട്ട് പോയിന്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തുറന്നു കൊണ്ട് മേൽ പറഞ്ഞ പ്രവർത്തനങ്ങളിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കേര കർഷകരേയും ഉപഭോക്താക്കളേയും ഒരേ സമയം സംരക്ഷിക്കാൻ സാധിക്കുന്നതാണ്.

***സാജൻ വർഗ്ഗീസ്***







*വെള്ളാങ്കല്ലൂർ ജംഗ്ഷനിലെയും പൊയ്യ ജംങ്ഷനിലെയും കോക്കനട്ട് പോയിന്റുകൾ*

# മായം കലർത്തിയ വെളിച്ചെണ്ണയ്ക്ക് എതിരെ കേര കർഷകർ പ്രക്ഷോഭത്തിലേയ്ക്ക്

മായം കലർന്നതും വ്യാജവുമായ ഭക്ഷ്യഎണ്ണകളുടെ ഉത്പാദനവും വിപണനവും തടയുന്നതിന് പാലക്കാട് ജില്ലയിലെ അതിർത്തി ചെക്ക് പോസ്റ്റുകളുടെ ഉപരോധം ഉൾപ്പെടെ വിവിധ തരം പ്രക്ഷോഭ പരിപാടികളും ബോധവത്ക്കരണവും നടത്തുന്നതിന് കേരള തമിഴ് നാട് കേര കർഷക സംയുക്ത യോഗം തീരുമാനിച്ചു. മായം കലർന്ന വെളിച്ചെണ്ണ പല ബ്രാൻഡുകളിലും പേരുകളിലുമായി കേരളത്തിൽ വിറ്റഴിക്കപ്പെടുന്നതിലൂടെ പൊതുജനാരോഗ്യം ആശങ്കയിലായിരിക്കുകയാണെന്നും നിലവിൽ ഭക്ഷ്യ എണ്ണ മാഫിയയുടെ പ്രവർത്തനം വ്യാപകമാണെന്നും കർഷക യോഗം വിലയിരുത്തി. ഇതിനെതിരെ തമിഴ്നാട്ടിലും കേരളത്തിലും ശക്തമായ പ്രക്ഷോഭ പരിപാടികൾ ആരംഭിക്കാനും ബോധവത്ക്കരണം ഊർജ്ജിതമാക്കുവാനുമാണ് കർഷക കൂട്ടായ്മയുടെ തീരുമാനം.




*പാലക്കാട് ശിക്ഷക് സദൻ ഹാളിൽ ചേർന്ന കേരള തമിഴ് നാട് കേര കർഷക സംയുക്ത യോഗം ഒവിആർ സോമസുന്ദരം ഉദ്ഘാടനം ചെയ്യുന്നു.*

കൂട്ടായ്മ പ്രസിഡന്റ് എൻ ശെന്തിൽ വേൽ അധ്യക്ഷനായിരുന്നു. ഒവിആർ സോമസുന്ദരം യോഗം ഉദ്ഘാടനം ചെയ്തു. പാലക്കാട് ശിക്ഷക് സദൻ ഹാളിൽ ഡിസംബർ 29 നു ചേർന്ന യോഗത്തിൽ കർഷക കൂട്ടായ്മ ജനറൽ സെക്രട്ടറി വിപി നിജാമുദ്ദീൻ, ട്രഷറർ ജോജോ കരേടൻ, ഭാരവാഹികളായ കെ. സേതുമാധവൻ, പി സുദേവൻ, കെ ശശിധരൻ, കെ.എം രാധാകൃഷ്ണൻ,തച്ചമ്പാറ രാജൻ, ബി പത്മനാഭൻ, ജോജി തകിടിയേൽ, എ.എം രാമചന്ദ്രൻ, എം ഗംഗാധരൻ, ബിജി ശേഖർ ആനമല, കെ എം അർജുൻ, പൊള്ളാച്ചി ടി രത്നസഭാപതി, കെ.എ രാമകൃഷ്ണൻ, പിഎൻ രാജേന്ദ്രൻ, എ അബ്ദുൾ അസീസ്, മോഹൻദാസ് തെങ്കര എന്നിവരും പാലക്കാട്, പൊള്ളാച്ചി കമ്പനികളുടെ ഭാരവാഹികൾ, ഈ കമ്പനികളുടെ കീഴിലുള്ള സിപിഎഫ്, സിപിഎസ് പ്രസിഡന്റുമാർ എന്നിവരും പങ്കെടുത്തു.

# വാർഷിക പൊതുയോഗം നടത്തി




*ഉദയ നാളികേര സംഘം വാർഷിക പൊതുയോഗത്തിൽ കുറ്റ്യാടി കമ്പനി ചെയർമാൻ ബാബു മത്തത്ത് ഓഹരി സർട്ടിഫിക്കറ്റുകൾ സംഘം വൈവസ് പ്രസിഡന്റ് കെകെ സൂപ്പിക്ക് കൈമാറുന്നു*

കുറ്റ്യാടി നാളികേര ഉത്പാദക കമ്പനിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവള്ളൂർ നാളികേര ഫെഡറേഷനിലെ ഉദയ നാളികേര സംഘം വാർഷിക പൊതുയോഗം നടത്തി. ഇതോടനുബന്ധിച്ച് കർഷക സെമിനാർ ഓഹരി സർട്ടിഫിക്കറ്റ് വിതരണം എന്നിവയും നടന്നു. കുറ്റ്യാടി കമ്പനി ചെയർമാൻ ശ്രീ ബാബു മത്തത്ത് വാർഷികം ഉദ്ഘാടനം ചെയ്തു. ഉദയ സിപിഎസ് ആദ്യഗഡുവായി സമാഹരിച്ച 172500 രൂപയ്ക്കുള്ള ഓഹരികൾ കമ്പനി ചെയർമാൻ ബാബു മത്തത്തിൽ നിന്ന് സിപിഎസ് വൈസ് പ്രസിഡന്റ് കെകെ സൂപ്പി ഏറ്റു വാങ്ങി. തുടർന്നു നടന്ന സെമിനാറിൽ കുറ്റ്യാടി കമ്പനി ഡയറക്ടർ കെഎം വേണു മുഖ്യപ്രഭാഷണം നടത്തി. തിരുവലള്ളൂർ നാളികേര ഫെഡറേഷൻ പ്രസിഡന്റ് എടോളി രാഘവൻ അധ്യക്ഷനായിരുന്നു. ഫെഡറേഷൻ സെക്രട്ടറി സിപി ബാലകൃഷ്ണൻ, ട്രഷറർ അബ്ദുറഹ്മാൻ തിരുവള്ളൂർ ടൗൺ സിപിഎസ് പ്രസിഡന്റ് കെ വിശ്വനാഥൻ, കിഴക്കയിൽ സിപിഎസ് പ്രസിഡന്റ് കിഴക്കയിൽ കുഞ്ഞിരാമൻ എന്നിവർ പങ്കെടുത്തു. ഉദയ സിപിഎസ് വൈസ് പ്രസിഡന്റ് കെകെ സൂപ്പി സ്വാഗതം പറഞ്ഞു. ചടങ്ങിൽ പങ്കെടുത്തവർക്ക് കുറ്റിയാടി കമ്പനിയുടെ ഉത്പ്പന്നമായ നെക്ടോ നീരയും വിതരണം ചെയ്യുകയുണ്ടായി.

2015 ഡിസംബർ

# കമ്പോളാവലോകനം



- പ്രമുഖ വിപണികളിൽ ആട്ടുകൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില മാന്ദ്യം തുടർന്നു.
- വെളിച്ചെണ്ണയുടെ അന്താരാഷ്ട്ര വിലയിൽ കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് ഉണർവ് രേഖപ്പെടുത്തി.

മാർക്കറ്റിംഗ് ഡിവിഷൻ, നാളികേരവികസനബോർഡ് കൊച്ചി-11

കേരളത്തിലെ പ്രമുഖ വിപണികളിൽ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വിലയിൽ നേരിയ മാന്ദ്യം മാറ്റമില്ലാതെ തുടർന്നു.


### വെളിച്ചെണ്ണ

രാജ്യത്തെ എല്ലാ പ്രമുഖ വിപണന കേന്ദ്രങ്ങളിലും വെളിച്ചെണ്ണ വിലയിൽ മാറ്റം ഉണ്ടായില്ല.

വെളിച്ചെണ്ണയുടെ ശരാശരി വില കൊച്ചി വിപണിയിൽ ക്വിന്റലിന് 10131 രൂപയായിരുന്നു. ആലപ്പുഴ വിപണിയിൽ വെളിച്ചെണ്ണയുടെ വില ഏറെക്കുറെ കൊച്ചി വിപണിയിലേതു പോലെ നിന്നു. ആലപ്പുഴ വിപണിയിലെ ശരാശരി മാസവില ക്വിന്റലിന് 9850 രൂപയായിരുന്നു. കോഴിക്കോട് വെളിച്ചെണ്ണയുടെ ശരാശരി മാസവില ക്വിന്റലിന് 10512 രൂപയുമായിരുന്നു. കൊച്ചി, കോഴിക്കോട് വിപണികളിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില കഴിഞ്ഞ മാസത്തെയപേക്ഷിച്ച് 24 മുതൽ 26 ശതമാനം വരെ കുറവായിരുന്നു. കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 24 മുതൽ 28 ശതമാനം വരെ കുറവായിരുന്നു. തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില 8540 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തേക്കാൾ നേരിയ കുറവാണ്.കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 30 ശതമാനം കുറവാണ്. കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 32 ശതമാനം കുറവുമാണ്.

### ആട്ടുകൊപ്ര

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 6950 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 6450 രൂപയായിരുന്നു. കോഴിക്കോട് വിപണിയിൽ വില ക്വിന്റലിന് 6350 രൂപയായിരുന്നു.




*ഡിസംബർ മാസത്തിൽ വെളിച്ചെണ്ണ വിലയിലെ വ്യതിയാനങ്ങൾ*

കൊച്ചി, ആലപ്പുഴ, കോഴിക്കോട് വിപണികളിൽ ശരാശരി മാസവില കഴിഞ്ഞ മാസത്തേക്കാൾ 3-5 ശതമാനം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 26 തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ കൊപ്രയുടെ ശരാശരി മാസവില ക്വിന്റലിന് 6421 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 6 % കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 26 ശതമാനം കുറവുമായിരുന്നു.

ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിലെ ശരാശരി വില ക്വിന്റലിന് 6069 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 6 % കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 20 ശതമാനം കുറവുമായിരുന്നു.

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 13635 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് നേരിയ കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 30 ശതമാനം കുറവായിരുന്നു.

ഉണ്ടകൊപ്രയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 12048രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് നേരിയ കൂടുതലും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 32 ശതമാനം കുറവായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 11785 രൂപയായിരുന്നു; അരസിക്കരയിൽ 10753 രൂപയുമായിരുന്നു. ഇതു കഴിഞ്ഞ വർഷത്തെ നിരക്കിനെക്കാൾ 37 ശതമാനം കുറവാണ്.

### കൊട്ടത്തേങ്ങ

കൊട്ടത്തേങ്ങയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ആയിരത്തിന് 9277 രൂപയായിരുന്നു; കഴിഞ്ഞ മാസ

ത്തേക്കാൾ നേരിയ കുറവും കഴിഞ്ഞ വർഷത്തെ നിരക്കിനെക്കാൾ 15 ശതമാനവും കുറവാണ്.

## നാളികേരം


നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ആയിരത്തിന് 11135 രൂപയായിരുന്നു. ഇത് കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ 22 ശതമാനം കുറവാണ് കൂടുതലാണ്.

അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില 9994 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തെയപേക്ഷിച്ച് 6 ശതമാനം കുറവാണ്.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 15115 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 8 ശതമാനം കുറവായിരുന്നു.

ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി വില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 18000 രൂപയായിരുന്നു. അത് കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ 12 ശതമാനം കൂടുതലാണ്.

ഇളനീരിന്റെ വില മദ്ദൂർ വിപണിയിൽ ആയിരത്തിന് 10000 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് വില നേരിയ കുറവാണ്. കഴിഞ്ഞ വർഷത്തെ നിരക്കിനെക്കാൾ 4 ശതമാനവും കുറവ്.




*ഡിസംബർ മാസത്തിൽ കൊപ്ര വിലയിലെ വ്യതിയാനങ്ങൾ*

## അന്താരാഷ്ട്ര വില

വെളിച്ചെണ്ണയുടെ ശരാശരി വില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 1150 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ 8 ശതമാനം കൂടുതലും കഴിഞ്ഞവർഷം ഈ മാസത്തെ വിലയെക്കാൾ നേരിയ കുറവുമാണ്. കൊപ്രയുടെ ശരാശരി വില മെട്രിക് ടണ്ണിന് 695 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ നേരിയ കുറവാണ്.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 1138 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 1123 അമേരിക്കൻ ഡോളറുമായിരുന്നു. പാമോ യിൽ, പനങ്കുരുവെണ്ണ, എന്നിവയുടെ അന്താരാഷ്ട്ര വിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 533 അമേരിക്കൻ ഡോളറും 845 അമേരിക്കൻ ഡോളറുമായിരുന്നു. ■

### വിവിധ കമ്പോളങ്ങളിൽ 2015 ഡിസംബർ 1 മുതൽ 31 വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാര വിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്

| തീയതി | വെളിച്ചെണ്ണ (രൂ./ കിി.) | | | | ആട്ടുകൊപ്ര (രൂ./ കിി.) | | | | | ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./ കിി.) | ഉണ്ടക്കൊപ്ര (രൂ./ കിി.) | | | | കൊട്ടത്തേങ്ങ | നാളികേരം | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | (രൂ./1000) | | | | |
| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കങ്കയം | കൊച്ചി (എഫ് എക്യു) | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കങ്കയം | അംബാജി പേട്ട | കോഴിക്കോട് | കോഴിക്കോട് | തിപ്ത്തൂർ | ബാംഗ്ലൂർ | അരസിക്കര | കോഴിക്കോട് | നെടുമങ്ങാട് | അരസിക്കര | ബാംഗ്ലൂർ | മാംഗ്ലൂർ (ഗ്രേഡ്1) |
| 06.12.15 | 10600 | 9980 | 10880 | 8953 | 6950 | 7070 | 7190 | 6830 | 6500 | 14160 | 12600 | 12050 | 14000 | 10945 | 9620 | 11500 | 11080 | 16500 | 18000 |
| 13.12.15 | 10467 | 9933 | 10800 | 8800 | 6833 | 7025 | 7067 | 6683 | 6367 | 13417 | 11783 | 11667 | 14000 | 10261 | 9400 | 11167 | 10667 | 16500 | 18000 |
| 20.12.15 | 10050 | 9583 | 10633 | 8478 | 6508 | 6842 | 6875 | 6383 | 5967 | 13517 | 11933 | 12000 | 14000 | 10498 | 9267 | 11000 | 10242 | 15000 | 18000 |
| 27.12.15 | 9720 | 10000 | 10160 | 8146 | 6261 | 6750 | 6510 | 6000 | 5700 | 13620 | 12040 | 11844 | 14000 | 11158 | 9020 | 11000 | 9400 | 13500 | 18000 |
| 31.12.15 | 9675 | 9775 | 9875 | 8217 | 6275 | 6638 | 6350 | 6038 | 5700 | 13500 | 11938 | 11303 | 14000 | 11128 | 9000 | 11000 | 8000 | 13500 | 18000 |
| Average | 10131 | 9850 | 10512 | 8540 | 6585 | 6879 | 6829 | 6412 | 6069 | 13635 | 12048 | 11785 | 14000 | 10753 | 9277 | 11135 | 9994 | 15115 | 18000 |

അവലംബം

കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേയ്മ്പർ ഓഫ് കൊമേഴ്സ്, കൊച്ചി - 2
കോഴിക്കോട് : മാതൃഭൂമി
ആലപ്പുഴ : മലയാള മനോരമ
അരസിക്കര : എ പി എം സി, അരസിക്കര

**ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽ കൊടുത്തിരിക്കുന്നത്.